# മുസ്ലിം മര്യാദകൾ ദിനരാത്രങ്ങളിൽ

# ﴿آداب المسلم في اليوم والليلة﴾

[ Malayalam – മലയാളം – مليالم ]


തയ്യാറാക്കിയത്:

ദഅ്വാ സെൻറർ– ശിഫ

إعداد :المكتب التعاوني للدعوة والارشاد وتوعية الجاليات بالشفا

الرياض – مملكة العربية السعودية

വിവർത്തനം :

മുഹമ്മദ് കുട്ടി കടന്നമണ്ണ– മങ്കട

ترجمة : محمد كوتي أبو بكر

# ﴿آداب المسلم في اليوم والليلة﴾


**Web edition by:**

**കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്**

**റബ്‌വ – റിയാദ് – സൗദി അറേബ്യ**

المكتب التعاوني للدعوة وتوعية الجاليات بربوة

الرياض ، المملكة العربية السعودية

islamhouse.com

**1431– 2010**

# ഉള്ളടക്കം


| | | |
|---|---|---|
| 1) ഉറങ്ങുമ്പോൾ ഉണരുമ്പോൾ | ................ | 5 |
| 2) വിസർജ്ജന മര്യാദകൾ | ................ | 8 |
| 3) വസ്ത്ര- അലങ്കാര മര്യാദകൾ | ................ | 12 |
| 4) വഴിയിലെ മര്യാദകൾ | ................ | 15 |
| 5) അഭിവാദന മര്യാദകൾ | ................ | 18 |
| 6) അനുവാദം തേടൽ- മര്യാദകൾ | ................ | 23 |
| 7) സദസ്സിലെ മര്യാദകൾ | ................ | 25 |
| 8) സംസാര മര്യാദകൾ | ................ | 28 |
| 9) ഭിന്നതയിലെ മര്യാദകൾ | ................ | 32 |
| 10) തമാശയിലെ മര്യാദകൾ | ................ | 33 |
| 11) പെരുമാറ്റ മര്യാദകൾ | ................ | 35 |
| 12) പള്ളിയിലെ മര്യാദകൾ | ................ | 36 |
| 13) ഖുർആൻ പാരായണ മര്യാദകൾ | ................ | 41 |
| 14) പ്രാർത്ഥനാ മര്യാദകൾ | ................ | 44 |
| 15) അന്നപാന മര്യാദകൾ | ................ | 47 |
| 16) ആഥിത്യ മര്യാദകൾ | ................ | 51 |
| 17) രോഗിയെ സന്ദർശിക്കൽ | ................ | 55 |
| 18) മയ്യിത്ത് പരിപാലനവും അനുശോചനവും | ................ | 58 |
| 19) യാത്രയിലെ മര്യാദകൾ | ................ | 60 |
| 20) ഉപദേശ മര്യാദകൾ | ................ | 64 |
| 21) ടെലിഫോൺ ഉപയോഗ മര്യാദകൾ | ................ | 66 |
| 22) ദാമ്പത്യ മര്യാദകൾ | ................ | 68 |
| 23) മാർക്കറ്റിലെ മര്യാദകൾ | ................ | 72 |
| 24) അയൽപക്ക മര്യാദകൾ | ................ | 76 |

# ആമുഖം

മനുഷ്യന്റെ ഇഹവും പരവുമായ മുഴുവൻ കാര്യങ്ങൾക്കും ഇസ്ലാം അർഹമായതും ഏറ്റവും മുന്തിയതുമായ പരിഗണന നൽകുന്നുണ്ട്. രോഗം, ആരോഗ്യം, ദാരിദ്ര്യം, ധന്യത, എളുപ്പം, ഞെരുക്കം, ഉറക്കം, യാത്ര, ഭക്ഷണം, പാനീയം, സന്തോഷം, സന്താപം തുടങ്ങി മനുഷ്യന്റെ നിത്യജീവിതത്തിൽ അനിവാര്യമായ മുഴുവൻ കാര്യങ്ങളും ഇതിൽ ഉൾപ്പെടുന്നു. ചെറുതോ വലുതോ ആയ ഒരു കാര്യവും ഇസ്ലാം വ്യക്തമാക്കാതിരുന്നിട്ടില്ല.

ഒരു വിശ്വാസിക്ക് തന്റെ നിത്യജീവിതത്തിൽ സഹവസിക്കേണ്ടതായ കാര്യങ്ങളൊക്കെയും തന്റെ വാക്കിലൂടെയും പ്രവർത്തിയിലൂടെയുമായി റസൂൽ(ﷺ) നമുക്ക് വരച്ചു കാണിച്ചു തരികയുണ്ടായി. അതിനെ പ്രവർത്തിപഥത്തിൽ കൊണ്ടുവരേണ്ട രൂപം അദ്ദേഹം നമുക്ക് മാതൃകയായി കാണിച്ചുതന്നു.അതിനാൽ സൗഭാഗ്യം തേടുന്നവർ അദ്ദേഹം കാണിച്ചുതന്ന വഴിയിലൂടെ ചരിക്കുകയും അദ്ദേഹത്തിന്റെ ദിനചര്യയെ സ്വീകരിക്കുകയും ചെയ്യട്ടെ.

പ്രവാചക തിരുമേനിയുടെ ദിനചര്യകൾ അനേകം ആളുകൾക്ക് അജ്ഞമാണിന്ന്. മറ്റുപലരേയും അത് ഓർമ്മിപ്പിക്കേണ്ടതുമുണ്ട്. അതിനാൽത്തന്നെ അതെക്കുറിച്ചുള്ള ഒരു ചെറുകുറിപ്പ് ഇവിടെ തയ്യാറാക്കുകയാണ്. എല്ലാവർക്കും ഇത് പ്രയോജനപ്പെടട്ടെയെന്ന് ആശിക്കുന്നു.അല്ലാഹു ഇതുകൊണ്ട് എല്ലാവർക്കും പ്രയോജനം ചെയ്യുമാറാവട്ടെ. അവനത്രെ ഉത്തമ രക്ഷാധികാരി.

-

പ്രസാധകർ.

**************

# آداب النوم والإستيقاظ

## ഉറങ്ങുമ്പോൾ, ഉണരുമ്പോൾ

**1) ഉറങ്ങുന്നതിന് മുമ്പ് സ്വയം വിചാരണ നടത്തുക:**

താൻ കഴിച്ചുകൂട്ടിയ പകൽസമയം ഏതുവിധേനയാണ് കഴിച്ചതെന്ന് ഒരുസ്വയം വിചാരണക്ക് തയ്യാറാവൽ ഓരോ മുസ്‌ലിമിനും ഉത്തമമാണ്. നന്മയാണവന് കാണാൻ കഴിഞ്ഞതെങ്കിൽ അവന് അല്ലാഹുവെ സ്തുതിക്കാം. അല്ലെങ്കിൽ അവൻ പശ്ചാത്തപിക്കുകയും അല്ലാഹുവിലേക്ക് മടങ്ങുകയും ചെയ്യട്ടെ.

**2) നേരത്തെ ഉറങ്ങുക:**

ആയിശ(ﷺ)യിൽ നിന്നും നിവേദനം, അവർ പറയുന്നു:'നിശ്ചയം, നബി(ﷺ) രാത്രിയുടെ ആദ്യയാമത്തിൽ ഉറങ്ങുകയും അന്ത്യയാമത്തിൽ എഴുന്നേറ്റ് നമസ്കരിക്കുകയും ചെയ്യുമായിരുന്നു' (ബുഖാരി, മുസ്‌ലിം).

**3) വുദുവെടുക്കുക, വലതുവശം ചരിഞ്ഞുറങ്ങുക:**

ബറാഉബ്നുആസിബ്(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു,നബി(ﷺ) പറഞ്ഞു:'നീ നിന്റെ വിരിപ്പിലേക്ക് ചെന്നാൽ നമസ്കാരത്തിന്ന് വുദുവെടുക്കുന്നതുപോലെ നീ വുദുവെടുക്കുക, ശേഷം വലതുവശം ചരിഞ്ഞുകിടക്കുക'. തുടക്കത്തിൽ അപ്രകാരം കിടന്ന ശേഷം പിന്നീട് വശം മാറിക്കിടക്കുന്നതു കൊണ്ട് വിരോധമില്ല.

**4) വിരിപ്പ് മൂന്ന് പ്രാവശ്യം കുടയുക:**

ആയിശ(ﷺ)യിൽ നിന്നും നിവേദനം, നബി(ﷺ)പറഞ്ഞു:'നിങ്ങളാരെങ്കിലും (ഉറങ്ങാനായി) തന്റെ വിരിപ്പിലേക്ക് ചെന്നാൽ വിരിപ്പിന്റെ ഉൾവശം പിടിച്ച് കുടയട്ടെ. കാരണം അവൻ (എഴുന്നേറ്റ ശേ

ഷം) എന്താണതിൽ വന്നുകൂടിയിരിക്കുന്നതെന്ന് അറിയില്ലല്ലൊ' മറ്റൊരു റിപ്പോർട്ടിൽ 'മൂന്ന് പ്രാവശ്യം' എന്നുകൂടിയുണ്ട്. (ബുഖാരി, മുസ്‌ലിം).

**5) കമിഴ്ന്നുകിടന്ന് ഉറങ്ങരുത്:**

അബൂദർറ്(ﷺ) വിൽ നിന്ന് നിവേദനം,അദ്ദേഹം പറയുന്നു: 'നബി(ﷺ) എനിക്കരികിലൂടെ നടന്നുപോയി, ഞാനപ്പോൾ കമിഴ്ന്നു കിടന്നുറങ്ങുകയായിരുന്നു. അദ്ദേഹമെന്നെ തന്റെ കാൽ കൊണ്ട് തട്ടിയുണർത്തി. എന്നിട്ട് ഇപ്രകാരം പറഞ്ഞു: 'ജുനൈദുബേ, ഇത് നരകവാസികളുടെ കിടത്തമാണ്' (ഇബ്നുമാജ).

**6) തുറസ്സായ സ്ഥലത്ത് ഉറങ്ങരുത്:**

അലിയ്യുബ്നുശൈബാൻ(ﷺ)വിൽ നിന്നും നിവേദനം, നബി(ﷺ)പറഞ്ഞു:'തുറസ്സായ മട്ടുപ്പാവിൽ കിടന്നുറങ്ങുന്നവന്റെ കാര്യത്തിൽ യാതൊരു (സുരക്ഷിതത്വ) ഉത്തരവാദിത്വവുമില്ല' (ബുഖാരി).

**7) കതകടക്കുക, തീയും വിളക്കും അണക്കുക:**

ജാബിർ(ﷺ)വിൽ നിന്നും നിവേദനം, നബി(ﷺ) പറഞ്ഞു:'രാത്രിയിൽ ഉറങ്ങുമ്പോൾ നിങ്ങൾ വിളക്കുകൾ അണക്കുകയും വാതിലുകൾ ബന്ധിക്കുകയും പാത്രങ്ങളും ഭക്ഷണപാനീയങ്ങളും മൂടി വെക്കുകയും ചെയ്യുക' (ബുഖാരി, മുസ്‌ലിം).

**8) ഖുർആൻ പാരായണം ചെയ്യുക:**

ആയത്തുൽ കുർസി, സൂറത്തുൽ ബഖറയുടെ ഒടുവിലെ ആയത്തുകൾ, സൂറത്തുൽ ഇഖ്‌ലാസ്, മുഅവ്വിദതൈനി(ഫലഖ്, നാസ്) എന്നിവ പാരായണം ചെയ്യുക. നബി(ﷺ) ഇപ്രകാരം ചെയ്തിരുന്നതായി സ്വഹീഹായ ഹദീസുകളിൽ സ്ഥിരപ്പെട്ടു വന്നിരിക്കുന്നു.

**9) ദിക്റുകളും ദുആകളും ചൊല്ലുക:**

ഉറക്കവേളയിൽ നബി(ﷺ) ചൊല്ലിയിരുന്ന ചില ദിക്റുകളും ദുആകളും ഹദീസിൽ സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്.

( اللَّهُمَّ قِنِي عَذَابَكَ يَوْمَ تَبْعَثُ عِبَادَكَ )

(അല്ലാഹുമ്മ ഖിനീ അദാബക യൗമ തബ്അഥു ഇബാദക) സാരം: 'അല്ലാഹുവേ നിന്റെ അടിമകളെ ഉയിർത്തെഴുന്നേൽപ്പിക്കുന്ന നാളിൽ നിന്റെ ശിക്ഷയിൽ നിന്നെ കാത്തുരക്ഷിക്കേണമേ' എന്ന പ്രാർത്ഥന മൂന്ന് പ്രാവശ്യവും

( بِسْمِكَ اللَّهُمَّ أَمُوتُ وَأَحْيَا )

(ബിസ്മിക്കല്ലാഹുമ്മ അമൂതു വഅഹ്യാ) എന്നത് ഒരു പ്രാവശ്യവും നിർവ്വഹിക്കൽ അതിൽ പെട്ടതാണ്.

'അല്ലാഹുവേ നിന്റെ നാമത്തിൽ ഞാൻ മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു' എന്ന് സാരം.

**10) ഉറക്കം കഴിഞ്ഞാൽ:**

ഉറക്കിൽ നിന്നും ഉണർന്നെഴുന്നേൽക്കുമ്പോഴും, വിഷമങ്ങളോ മനോദുഃഖമോ ഉണ്ടാവുമ്പോഴും ഇപ്രകാരം ചൊല്ലൽ ഉത്തമമാണ്...

(أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ غَضَبِهِ وَشَرِّ عِبَادِهِ وَمِنْ هَمَزَاتِ الشَّيَاطِينِ وَأَنْ يَحْضُرُونَ )

(അഊദു ബികലിമാത്തില്ലാഹിത്താമ്മാത്തി മിൻ ഗള ബിഹി വശർറി ഇബാദിഹി, വമിൻ ഹമസാത്തിശ്ശയാ ത്വീനി വഅൻ യഹ്ദുറൂൻ)

സാരം: 'അല്ലാഹുവിന്റെ രോഷത്തിൽ നിന്നും, അവന്റെ അടിമകളുടെ നാശത്തിൽ നിന്നും, പിശാചുക്കളുടെ പിടിയിൽ നിന്നും, അവർ എന്നിൽ ഇറങ്ങുന്നതിൽ നിന്നും അല്ലാഹുവിന്റെ പരിപൂർണ്ണങ്ങളായ നാമങ്ങൾ കൊണ്ട് ഞാൻ രക്ഷ തേടുന്നു' (അബൂദാവൂദ്).

**11) ഉറക്കിൽ നിന്നും എഴുന്നേൽക്കുമ്പോൾ:**

( الْحَمْدُ للهِ الَّذِي أَحْيَانَا بَعْدَ مَا أَمَاتَنَا وَإِلَيْهِ النُّشُورُ )

(അൽഹംദു ലില്ലാഹില്ലദീ അഹ്‌യാനാ ബഅ്ദ മാ അമാതനാ വഇലൈഹിന്നുശൂർ) എന്നു പറയുക.

സാരം: 'ഞങ്ങളെ മരിപ്പിച്ച ശേഷം ജീവിപ്പിച്ച അല്ലാഹുവിന്നാകുന്നു സർവ്വസ്തുതിയും, അവനിലേക്കാകുന്നു ഞങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നത്' (ബുഖാരി).

**************

# آداب قضاء الحاجة

## വിസർജ്ജന മര്യാദകൾ

**1) വിസർജ്ജനം വൈകിക്കരുത്:**

വിസർജ്ജനം ആവശ്യമായി വന്നശേഷം പിന്നീടതിന്ന് വൈകിപ്പിക്കാതിരിക്കുന്നതിൽ മതപരവും ആരോഗ്യപരവുമായ ഒരു പാട് ഗുണങ്ങളുണ്ട്.

**2) വിസർജ്ജന സമയത്ത് മറഞ്ഞിരിക്കുക:**

മുഗീറത്തുബ്നു ശുഅ്ബ(ﷺ)വിൽ നിന്നും നിവേദനം, 'നബി (ﷺ) വിസർജ്ജനത്തിന് പോയാൽ (ജനങ്ങളിൽ നിന്നും) അകന്നിരിക്കും' (അൽ അർബഅ:).

**3) ശാപഹേതുവാക്കുന്ന മൂന്ന് സ്ഥലങ്ങളെ വർജ്ജിക്കുക:**

ജലാശയത്തിലേക്കുള്ള വഴി, ജനങ്ങളുടെ നടപ്പാത, വിശ്രമത്തിന്നിരിക്കുന്ന തണൽ പ്രദേശങ്ങൾ എന്നിവയാണവ.

**4) നിലത്തോടടുക്കുന്നതുവരെ വസ്ത്രം പൊക്കരുത്:**

നഗ്നത വെളിവാകാതിരിക്കാൻ വേണ്ടിയാണിത്. അനസ്(ﷺ) വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി(ﷺ) വിസർജ്ജനം ചെയ്യാനിരിക്കുമ്പോൾ നിലത്തോടടുക്കുമ്പോഴല്ലാതെ വസ്ത്രം പൊക്കിപ്പിടിക്കാറുണ്ടായിരുന്നില്ല' (അബൂദാവൂദ്).

**5) അല്ലാഹുവിന്റെ നാമമുള്ളവയുമായി പ്രവേശിക്കരുത്:**

വളരെ അനിവാര്യമായ ഘട്ടത്തിലൊഴികെ അല്ലാഹുവിന്റെ നാമമുള്ള ഒന്നുമായും വിസർജ്ജനസ്ഥലത്ത് പ്രവേശിക്കാൻ പാടില്ല. കാരണം വിസർജ്ജനസ്ഥലം വൃത്തികേടുകളുടേയും മാലിന്യങ്ങളുടെയും ഇടമാണ്. അവിടെ പിശാചുക്കൾ സമ്മേളിക്കുകയും ചെയ്യുന്നു. മാത്രമല്ല അത് അല്ലാഹുവിന്റെ നാമത്തെ നിന്ദിക്കാതിരിക്കലും മഹത്വപ്പെടുത്തലുമാണ്.

**6) ഖിബ്ലക്ക് മുന്നിടുകയോ പിന്നിടുകയോ അരുത്:**

അബൂഅയ്യൂബുൽ അൻസ്വാരി(ﷺ)വിൽ നിന്നും നിവേദനം, നബി(ﷺ) പറഞ്ഞു: 'നിങ്ങളാരെങ്കിലും മലമൂത്രവിസർജ്ജനത്തിന് ചെന്നാൽ ഖിബ്ലക്ക് അഭിമുഖമായോ പ്രതിമുഖമായോ ഇരിക്കരുത്. മറ്റു വശങ്ങളിലേക്ക് നിങ്ങൾ തിരിഞ്ഞിരിക്കുക' (ബുഖാരി, മുസ്ലിം).

ഈ നിയമം മരുഭൂമിപോലെ ഒഴിഞ്ഞ പ്രദേശത്ത് മാത്രം ബാധകമായതാണ്. എന്നാൽ കെട്ടിടങ്ങളിലും വിസർജ്ജനത്തിനിരിക്കുന്നവനും ഖിബ്ലക്കുമിടയിൽ മറയുള്ളിടങ്ങളിലും അത് അനുവദനീയമാണ്.

**7) കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രിക്കരുത്:**

അബൂഹുറൈറ(ﷺ)വിൽ നിന്നും നിവേദനം,നബി(ﷺ)പറഞ്ഞു: 'നിങ്ങളാരും തന്നെ കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രിക്കരുത്, എന്നിട്ടതിൽ കുളിക്കുകയും അരുത്' (ബുഖാരി, മുസ്ലിം).

**8) വലതുകൈകൊണ്ട് ശൗച്യം ചെയ്യരുത്:**

അബൂഖതാദയിൽ നിന്നും നിവേദനം, നബി(ﷺ) പറഞ്ഞു: 'മൂത്ര വിസർജ്ജന വേളയിൽ നിങ്ങളാരും വലതുകൈ കൊണ്ട് ലിംഗം സ്പർശിക്കരുത്, മലവിസർജ്ജനശേഷം വലതുകൈകൊണ്ട് ശുചീകരിക്കുകയുമരുത്' (ബുഖാരി, മുസ്‌ലിം).

**9) മൂത്രിക്കുമ്പോൾ ഇരിക്കുക:**

മൂത്രവിസർജ്ജന വേളയിൽ ഇരിക്കുന്നതാണ് ഉത്തമം, എന്നാൽ നിൽക്കുന്നതിനും വിരോധമില്ല. ആയിശ(ﷺ)യിൽ നിന്നും നിവേദനം, 'നബി(ﷺ) നിന്നുമൂത്രമൊഴിച്ചുവെന്ന് നിങ്ങളോടാരെങ്കിലും പറഞ്ഞാൽ നിങ്ങളത് വിശ്വസിക്കരുത്, അദ്ദേഹം ഇരുന്നുകൊണ്ടല്ലാതെ മൂത്രിക്കാറുണ്ടായിരുന്നില്ല' (നസാഇ).

എന്നാൽ തന്റെ ശരീരത്തിലും വസ്ത്രത്തിലും മാലിന്യമാവാതെയും, മറ്റുള്ളവർ കാണാനിടവരാതെയും നിന്ന് മൂത്രിക്കുന്നതിന് വിരോധമില്ല. ഹുദൈഫ(ﷺ)വിൽ നിന്നും നിവേദനം,അദ്ദേഹം പറയുന്നു: 'ഞാൻ നബിയോടൊപ്പമുള്ള ഒരവസരത്തിൽ ജനങ്ങൾ കൂട്ടിയിട്ട കുപ്പക്കുന്നിന്റെ അടുത്തേക്ക് മാറിച്ചെന്ന് അദ്ദേഹം നിന്നുകൊണ്ട് മൂത്രിക്കുകയുണ്ടായി. ഞാൻ അദ്ദേഹത്തിൽ നിന്നും മാറിനിന്നു. അപ്പോൾ നബി(ﷺ) പറഞ്ഞു: 'അടുത്തു വരൂ'. ഞാനടുത്ത് ചെന്നു അദ്ദേത്തിന്റെ തൊട്ടടുത്ത് നിന്നു. അങ്ങനെ അദ്ദേഹം വുദുവെടുത്തു. അദ്ദേഹം തന്റെ ഖുഫ്ഫകളിൻമേൽ തടവുകയും ചെയ്തു' (ബുഖാരി, മുസ്‌ലിം).

**10) വിസർജ്ജനത്തിനിടെ സംസാരിക്കരുത്:**

വളരെ അനിവാര്യമായതെങ്കിലൊഴികെ വിസർജ്ജനത്തിനിടെ സംസാരിക്കാൻ പാടില്ല. ഇബ്നുഉമർ(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി(ﷺ) മൂത്രിച്ചുകൊണ്ടിരിക്കെ അദ്ദേഹത്തിന്റെ അരികിലൂടെ ഒരാൾ നടന്നുപോയി. അന്നേരം അയാൾ നബി(ﷺ)യോട് സലാം പറഞ്ഞു, അദ്ദേഹം സലാം മടക്കിയില്ല' (മുസ്‌ലിം).

**11) കല്ലുകൊണ്ട് ശൗച്യം ചെയ്യുമ്പോൾ:**

എല്ല്, ഉണങ്ങിയ ചാണകം പോലെയുള്ളത് കൊണ്ട് ശുചീകരിക്കുന്നത് കറാഹത്താണ്. കല്ലുകൊണ്ട് ശുചീകരിക്കുമ്പോൾ അവയെ ഒറ്റയാക്കൽ ഉത്തമവുമാണ്. സൽമാനുൽ ഫാരിസി(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'മൂന്നിൽ കുറഞ്ഞ കല്ലുകൾ കൊണ്ട് ഞങ്ങൾ ശൗച്യം ചെയ്യുന്നതും, എല്ല്, ഉണങ്ങിയ കാഷ്ഠം തുടങ്ങിയവ കൊണ്ട് ശുദ്ധീകരിക്കുന്നതും നബി(ﷺ) ഞങ്ങളോട് വിരോധിച്ചിരിക്കുന്നു' (മുസ്‌ലിം).

അദ്ദേഹം പറഞ്ഞു: (مَنْ اسْتَجْمَرَ فَلْيُوتِرْ) 'കല്ലുകൊണ്ട് ശുദ്ധിയാക്കുന്നവൻ ഒറ്റയാക്കട്ടെ'.

**12) അകത്ത് പ്രവേശിക്കുമ്പോൾ, പുറത്ത് വരുമ്പോൾ:**

വിസർജ്ജന സ്ഥലത്ത് പ്രവേശിക്കുമ്പോൾ ഇടത്കാല് വെച്ച് കേറലും പുറത്തുവരുമ്പോൾ വലതുകാൽ വെച്ച് ഇറങ്ങലും ദിക്റുകൾ ചൊല്ലലും ഉത്തമമാണ്. അനസ്(ﷺ)വിൽ നിന്നും നിവേദനം, വിസർജ്ജനസ്ഥലത്ത് പ്രവേശിക്കുമ്പോൾ നബി(ﷺ)

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْخُبْثِ وَالْخَبَائِثِ )

(അല്ലാഹുമ്മ ഇന്നീ അഊദു ബിക മിനൽ ഖുബ്ഥി വൽ ഖബാഇഥി) എന്നും,

സാരം: 'അല്ലാഹുവേ എല്ലാവിധ മ്ലേച്ഛതകളിൽ നിന്നും മ്ലേച്ഛ സ്ഥലങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു' (ബുഖാരി).

പുറത്തുവരുമ്പോൾ വലതുകാൽ മുന്തിക്കുകയും (غُفْرَانَكَ) (ഗുഫ്റാനക) എന്നും പറയാറുണ്ടായിരുന്നു. 'അല്ലാഹുവേ നിന്നോട് ഞാൻ പൊറുക്കലിനെ തേടുന്നു' എന്നുസാരം.

**13) വിസർജ്ജന ശേഷം കൈ കഴുകൽ:**

അബൂഹുറൈറ(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി(ﷺ) മലമൂത്ര വിസർജ്ജനം നടത്തുകയും,ശേഷം ഒരു ചെറിയ പാത്രത്തിൽനിന്നും വെള്ളമൊഴിക്കുകയും പിന്നീട് തറയിലുരച്ച് കൈകഴുകി വൃത്തിയാക്കുകയും ചെയ്തു' (അബൂദാവൂദ്, ഇബ്നുമാജ).

**************

## آداب اللباس والزينة

## വസ്ത്ര- അലങ്കാര മര്യാദകൾ

**1) പുതിയ വസ്ത്രം ധരിക്കൽ:**

പുതിയതും ഭംഗിയുള്ളതും വൃത്തിയുള്ളതുമായ വസ്ത്രം ധരിക്കൽ ഉത്തമമാണ്. വൃത്തിഹീനമായ വസ്ത്രം ധരിച്ച ഒരു സ്വഹാബിയെ കണ്ടപ്പോൾ നബി(ﷺ) അയാളോട് പറഞ്ഞു: 'അല്ലാഹു നിനക്ക് സമ്പത്ത് തന്നിട്ടുണ്ടെങ്കിൽ അവൻ നിനക്ക് ചെയ്ത അനുഗ്രഹത്തിന്റെയും നിന്നെ ആദരിച്ചതിന്റെയും അടയാളം നിന്നിൽ കാണപ്പെടട്ടെ' (അബൂദാവൂദ്).

**2) നഗ്നത മറക്കുന്ന വസ്ത്രം ധരിക്കുക:**

ശരീരത്തിലെ അവയവങ്ങൾ എടുത്തുകാണിക്കുന്നതോ ഇടുസ്സായതോ നേരിയതോ ആയ വസ്ത്രം ധരിക്കാവതല്ല.

**3) സാദൃശ്യമുള്ള വസ്ത്രങ്ങൾ ധരിക്കരുത്:**

സ്ത്രീകൾ പുരുഷനോട് സദൃശമാവുന്നതും പുരുഷൻ സ്ത്രീയോട് സദൃശമാവുന്നതുമായ വസ്ത്രങ്ങൾ ധരിക്കാൻ പാടില്ല. ഇബ്നുഅബ്ബാസ്(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'സ്ത്രീകളോട് സദൃശമാവുന്ന പുരുന്മാരെയും പുരുഷനോട് സദൃശമാ

വുന്ന സ്ത്രീകളെയും നബി(ﷺ) ശപിച്ചിരിക്കുന്നു'(ബുഖാരി).വേഷവിധാനത്തിലും അല്ലാത്തതുമായ ഏതു സദൃശതയും ഇതിൽപ്പെടുന്നു.

**4) പ്രൗഢിയുടെ വേഷം ധരിക്കരുത്:**

നബി(ﷺ) പറഞ്ഞു: 'ഇഹലോകത്താരെങ്കിലും പ്രൗഢിയുടെ വേഷം ധരിക്കുന്നുവെങ്കിൽ ഉയിർത്തെഴുന്നേൽപ്പുനാളിൽ നിന്ദ്യതയുടെ വസ്ത്രം അല്ലാഹു അവനെ ധരിപ്പിക്കും' (അഹ്മദ്).

**5) രൂപങ്ങളും ചിത്രങ്ങളുമുള്ളതാവരുത്:**

കുരിശുരൂപങ്ങളോ ജീവനുള്ളവയുടെ ചിത്രങ്ങളോ ഉള്ള വസ്ത്രം ധരിക്കാൻ പാടില്ല. ആയിശ(رضي الله عنها)യിൽ നിന്നും നിവേദനം, അവർ പറയുന്നു: 'കുരിശുരൂപമുള്ള ഒരു വസ്ത്രവും നബി(ﷺ) തന്റെ വീട്ടിൽ വെക്കാറുണ്ടായിരുന്നില്ല. അത് ചുരണ്ടിക്കളഞ്ഞെങ്കിലല്ലാതെ' (ബുഖാരി, അഹ്മദ്).

**6) പുരുഷന്മാർ സ്വർണ്ണവും പട്ടും ധരിക്കരുത്:**

വളരെ അനിവാര്യമായെങ്കിലൊഴികെ സ്വർണ്ണവും പട്ടും പുരുഷന്മാർക്ക് ധരിക്കാൻ പാടില്ലാത്തതാണ്.അലി(رضي الله عنه)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി(ﷺ) ഒരിക്കൽ പട്ട് എടുത്ത് തന്റെ വലതു വശത്തും സ്വർണ്ണമെടുത്ത് തന്റെ ഇടതുവശത്തും വെച്ചു. ശേഷം പറഞ്ഞു: 'ഇവ രണ്ടും എന്റെ സമുദായത്തിലെ പുരുഷന്മാർക്ക് നിഷിദ്ധമാണ്' (അബൂദാവൂദ്).

**7) നെരിയാണിക്ക് താഴെ ഇറങ്ങരുത്:**

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന് നിവേദനം, നബി(ﷺ) പറഞ്ഞു: 'നെരിയാണിക്ക് കീഴെയുള്ള വസ്ത്രം നരകത്തിലാണ്' (ബുഖാരി).

എന്നാൽ സ്ത്രീകൾ പാദങ്ങളടക്കം ശരീരത്തിന്റെ മുഴുവൻ ഭാഗങ്ങളും മൂടുന്ന തരത്തിലുള്ള വസ്ത്രങ്ങളാണ് ധരിക്കേണ്ടത്.

അഹങ്കാരപൂർവ്വം വസ്ത്രങ്ങൾ വലിച്ചിഴച്ചുനടക്കൽ നിഷിദ്ധമാണ്. ഹദീസിൽ ഇപ്രകാരം കാണാം:

( لَا يَنْظُرُ اللهُ يَوْمَ الْقِيَامَةِ إِلَى مَنْ جَرَّ ثَوْبَهُ بَطَراً ) ( متفق عليه )

'അഹങ്കാരത്തോടെ വസ്ത്രം വലിച്ചിഴച്ചവന്റെ നേരെ അന്ത്യ നാളിൽ അല്ലാഹു (കാരുണ്യത്തിന്റെ) നോട്ടം നോക്കുകയില്ല' (ബുഖാരി, മുസ്‌ലിം).

**8) വലതുഭാഗം കൊണ്ട് ധരിക്കാനാരംഭിക്കൽ:**

വസ്ത്രം ധരിക്കുമ്പോഴും മറ്റും വലതുഭാഗം കൊണ്ട് ആരംഭിക്കുന്നത് ഉത്തമമാണ്. ആയിശ(ﷺ)യിൽ നിന്നും നിവേദനം ചെയ്യപ്പെടുന്ന ഹദീസിൽ കാണാം, അവർ പറയുന്നു: 'ചെരുപ്പ് ധരിക്കുമ്പോഴും,മുടി ചീകുമ്പോഴും,ശുദ്ധീകരിക്കുമ്പോഴും മറ്റുകാര്യങ്ങളിലുമൊക്കെത്തന്നെ വലതുഭാഗത്തെ മുന്തിക്കൽ നബി(ﷺ) ഇഷ്ടപ്പെട്ടിരുന്നു' (ബുഖാരി, മുസ്‌ലിം).

**9) പുതുവസ്ത്രം ധരിക്കുമ്പോൾ:**

പുതുവസ്ത്രം ധരിക്കുമ്പോൾ ഇപ്രകാരം പറയൽ ഉത്തമമാണ്:

( الْحَمْدُ للهِ الَّذِي كَسانِي هَذَا الثَّوْبَ وَرَزَقَنِيهِ مِنْ غَيْرِ حَوْلٍ مِنِّي وَلَا قُوَّةٍ )

(അൽഹംദു ലില്ലാഹില്ലദീ കസാനീ ഹാദഥ്ഥൗബ വ റസഖനീഹി മിൻ ഗൈരി ഹൗലിൻ മിന്നീ വലാ ഖുവ്വ:)

സാരം: 'എന്റെ യാതൊരു ശക്തിയും പ്രാപ്തിയും ഇല്ലാതെ ഈ വസ്ത്രം എനിക്ക് നൽകുകയും എന്നെ ധരിപ്പിക്കുകയും ചെയ്ത അല്ലാഹുവിന്ന് സർവ്വ സ്തുതിയും' (അബൂദാവൂദ്).

**10) വെളുത്ത വസ്ത്രം ധരിക്കൽ:**

വെള്ള വസ്ത്രം ധരിക്കുന്നത് ഉത്തമമാണ്. നബി(ﷺ) പറയുന്നു: 'നിങ്ങൾ വെള്ള വസ്ത്രം ധരിക്കുക, അതത്രെ വസ്ത്രങ്ങളിൽ ഉത്തമമായത്' (അഹ്മദ്).

**11) സുഗന്ധം ഉപയോഗിക്കൽ:**

സുഗന്ധം ഉപയോഗിക്കുന്നത് സ്ത്രീക്കും പുരുഷനും ഉത്തമമാണ്. എന്നാൽ ഹജ്ജിനോ ഉംറക്കോ ഇഹ്റാം ചെയ്താൽ രണ്ടുപേർക്കും അത് നിഷിദ്ധമാണ്.അപ്രകാരം തന്നെ പുറപ്പെട്ടു പോവുമ്പോഴും അന്യപുരുഷന്മാരുടെ സാമീപ്യമുള്ളപ്പോഴും സ്ത്രീക്ക് സുഗന്ധം ഉപയോഗിക്കാൻ പാടില്ല. ഇക്കാര്യം ഹദീസിൽ സ്ഥിരപ്പെട്ടു വന്നിരിക്കുന്നു.

**12) കൂട്ടിച്ചേർക്കൽ, മാറ്റം വരുത്തൽ:**

ചായം പൂശലും മുടിയിലും മറ്റും കൂട്ടിച്ചേർക്കലും പച്ച കുത്തലുമൊക്കെ സ്ത്രീക്ക് നിഷിദ്ധമാണ്. ഹദീസിൽ കാണാം: 'പച്ചകുത്തുകയും കുത്തിക്കുകയും ചെയ്യുന്ന സ്ത്രീകളെയും, മുടിയിൽ ചേർക്കുകയും ചേർപ്പിക്കുകയും ചെയ്യുന്ന സ്ത്രീകളെയും ഭംഗിക്കു വേണ്ടി അല്ലാഹുവിന്റെ പ്രകൃതത്തിൽ മാറ്റം വരുത്തുന്ന സ്ത്രീകളെയും അല്ലാഹു ശപിച്ചിരിക്കുന്നു' (ബുഖാരി).

**************

## آداب الطريق

## <u>വഴിയിലെ മര്യാദകൾ</u>

**1) വിനയത്തോടെ നടക്കുക:**

അടക്കത്തോടും വിനയത്തോടും നടക്കുക. അഹങ്കാരത്തോടെ ജനങ്ങളിൽ നിന്ന് മുഖം തിരിക്കുകയും തല ഉയർത്തുകയും അരുത്. അല്ലാഹു പറയുന്നു:

( وَلَا تُصَعِّرْ خَدَّكَ لِلنَّاسِ وَلَا تَمْشِ فِي الْأَرْضِ مَرَحًا إِنَّ اللَّهَ لَا يُحِبُّ كُلَّ مُخْتَالٍ فَخُـورٍ )

( لقمان : ١٨ )

'നീ (അഹങ്കാരത്തോടെ) മനുഷ്യരുടെ നേർക്ക് നിന്റെ കവിൾ തിരിച്ചുകളയരുത്. ഭൂമിയിലൂടെ നീ പൊങ്ങച്ചം കാട്ടി നടക്കുകയും അരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല' (ലുഖ്മാൻ: 18).

**2) ദൃഷ്ടികൾ താഴ്ത്തൽ:**

ഇത് സ്ത്രീപുരുഷന്മാർക്ക് ഒരുപോലെ ബാധകമായതാണ്. അല്ലാഹു പറയുന്നു: '(നബിയേ) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തു സൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക' (നൂർ: 30, 31).

**3) ദ്രോഹം ചെയ്യാതിരിക്കുക:**

വൃത്തികേടുകളോ ആഹാരസാധനങ്ങളുടെ ഉച്ഛിഷ്ടങ്ങളോ ജനങ്ങൾ നടക്കുന്ന വഴിയിലേക്കെറിയുക, അവരുടെ വഴിയിലും അവർ ഇരിക്കുന്ന തണലുകളിലും മലമൂത്രവിസർജ്ജനം നടത്തുക എന്നിവ ജനങ്ങളെ ദ്രോഹിക്കലാണ്. അതിനാൽ അതിൽ നിന്നും വിട്ടുനിൽക്കേണ്ടതാണ്.

**4) വഴിയിൽ നിന്നും ഉപദ്രവം നീക്കം ചെയ്യുക:**

ഇത് മഹത്തായ ഒരു ധർമ്മമാണ്. ഈ പ്രവർത്തി കാരണമായി ഒരു മനുഷ്യൻ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടു. ഹദീസിൽ കാണാം,അബൂഹുറൈറ(ﷺ)വിൽ നിന്നും നിവേദനം, നബി(ﷺ) പറഞ്ഞു:

'ഒരു മനുഷ്യൻ ഒരു വഴിയിലൂടെ നടന്നുപോകവെ വഴിയിലേക്ക് ചാഞ്ഞുകിടക്കുന്ന ഒരു മുൾമരത്തിന്റെ കൊമ്പ് കണ്ടു. അയാളത് വഴിയിൽ നിന്നും മാറ്റി. അയാളുടെ ഈ പ്രവർത്തിക്കുള്ള നന്ദിയായി അല്ലാഹു അയാൾക്ക് പൊറുത്തു കൊടുത്തു...' മറ്റൊരു റിപ്പോർട്ടിൽ 'അല്ലാഹു അദ്ദേഹത്തെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിച്ചു' എന്നാണുള്ളത്. (ബുഖാരി, മുസ്‌ലിം).

**5) സലാം മടക്കുക:**

നടന്നുപോകുന്നവർ സലാം ചൊല്ലിയാൽ, അവർ അറിയുന്നവരാണെങ്കിലും അല്ലെങ്കിലും ശരി സലാം മടക്കൽ നിർബന്ധമാണ്. നബി(ﷺ) പറഞ്ഞു: 'ഒരു മുസ്‌ലിമിന് തന്റെ സഹോദരന്റെ മേൽ അഞ്ചുകാര്യങ്ങൾ നിർബന്ധമാണ്– അതിൽപ്പെട്ടതാണ് 'സലാം മടക്കൽ'' (ബുഖാരി, മുസ്‌ലിം).

**6) നന്മ കൽപ്പിക്കലും തിന്മ വിരോധിക്കലും:**

അവനവന്റെ കഴിവും പ്രാപ്തിയുമനുസരിച്ച് നന്മ കൽപ്പിക്കലും തിന്മയെത്തൊട്ട് തടയലും ഓരോ മുസ്‌ലിമിന്റെയും നിർബന്ധ ബാധ്യതയാണ്.

**7) ജനങ്ങൾക്ക് ഉപകാരം ചെയ്യൽ:**

വഴിതെറ്റിയവന്ന് വഴിയറിയിക്കുക, ആവശ്യക്കാരനെ സഹായിക്കുക, തെറ്റ് ചെയ്യുന്നവനെ തടയുക, അക്രമിക്കപ്പെട്ടവനെ സഹായിക്കുക തുടങ്ങിയവയെല്ലാം അതിന്റെ ഭാഗമാണ്. ഹദീസിൽ കാണാം: 'മനുഷ്യശരീരത്തിലെ ഓരോ സന്ധികൾക്കും 'സ്വദഖ' കടമയാണ്' അതിൽ കാണാം: 'രണ്ടുപേർക്കിടയിൽ നീതി കൽപ്പിക്കുന്നത് സ്വദഖയാണ്, ഒരാളെ വാഹനപ്പുറത്ത് കയറാൻ, അല്ലെങ്കിൽ അയാളുടെ ചരക്കുകൾ ഉയർത്തിക്കൊടുക്കാൻ സഹായിക്കുന്നത് സ്വദഖയാണ്, വഴിയറിയാത്തവർക്ക് അത് പറഞ്ഞുകൊടുക്കുന്നത് സ്വദഖയാണ്' (ബുഖാരി, മുസ്‌ലിം).

**8) സ്ത്രീകൾ വഴിയുടെ ഓരത്തുകൂടെ നടക്കൽ:**

സ്ത്രീപുരുഷന്മാർ വഴിയിൽ ഇടകലരുന്ന പ്രവണതകണ്ടപ്പോൾ നബി(ﷺ) സ്ത്രീകളോടായി ഇപ്രകാരം പറഞ്ഞു: 'നിങ്ങൾ വഴിയിൽ നിന്നുമാറി നടക്കുക, വഴിയിൽ വ്യാപിച്ച് നടക്കരുത്. ഓരങ്ങളിലൂടെ മാത്രമേ നിങ്ങൾ നടക്കാവൂ' (അബൂദാവൂദ്).

**9) വാഹനങ്ങൾ അമിത വേഗതയരുത്:**

ജനത്തിരക്കുള്ള വഴികളിൽ പ്രത്യേകിച്ചും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. ജനങ്ങൾക്കാവശ്യമായ വിശാലത അവർക്ക് നൽകണം. അവർക്ക് നടന്നുപോവാൻ അവസരമേകണം. ഇതെല്ലാം തന്നെ നന്മയിലുള്ള സഹകരണത്തിന്റെ ഭാഗമാണ്.

**************

# آداب السلام

# <u>അഭിവാദന മര്യാദകൾ</u>

**1) സലാം തുടങ്ങുമ്പോൾ:**

عَلَيْكَ السَّلاَمْ എന്ന് പറഞ്ഞുകൊണ്ട് സലാം തുടങ്ങുന്നത് ഉത്തമമല്ല. ജാബിറുൽ ഹുജൈമി(رضي الله عنه)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി(ﷺ)യുടെ അടുക്കൽ ചെന്നപ്പോൾ ഞാൻ പറഞ്ഞു: (عَلَيْكَ السَّلاَمَ يَارَسُولَ اللهِ) അപ്പോൾ അദ്ദേഹം പറഞ്ഞു: (അലൈക്കസ്സലാം) എന്ന് താങ്കൾ പറയരുത്, (അസ്സലാമു അലൈക്ക) എന്ന് പറയുക. അബൂദാവൂദിന്റെ റിപ്പോർട്ടിൽ ഇപ്രകാരം കൂടി കാണാം: (അലൈക്കസ്സലാം) എന്നത് മരിച്ചവരോടുള്ള സംബോധനയാണ്' (അബൂദാവൂദ്, തുർമുദി).

**2) മൂന്ന് പ്രാവശ്യം പറയൽ ഉത്തമം:**

വലിയൊരു സംഘത്തോടാണ് സലാം പറയുന്നതെങ്കിൽ അത് മൂന്ന് പ്രാവശ്യം ആവർത്തിക്കൽ ഉത്തമമാണ്. അനസ്(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി(ﷺ) (സുപ്രധാനമായ വല്ലതും) സംസാരിക്കുമ്പോൾ അത് മൂന്ന് പ്രാവശ്യം ആവർത്തിക്കാറുണ്ടായിരുന്നു. ഒരുകൂട്ടം ആളുകളുടെ അടുത്തെത്തി അവരോട് സലാം പറയുമ്പോൾ മൂന്ന് പ്രാവശ്യം സലാം ആവർത്തിക്കുകയും ചെയ്യുമായിരുന്നു' (ബുഖാരി).

**3) തുടങ്ങേണ്ടതാര്?:**

വാഹനത്തിൽ യാത്ര ചെയ്യുന്നവൻ നടന്നുപോവുന്നവനോടും നടക്കുന്നവൻ ഇരിക്കുന്നവനോടും, ചെറിയ സംഘം വലിയ സംഘത്തോടും ചെറിയവൻ വലിയവനോടുമാണ് സലാം തുടങ്ങേണ്ടത്. ഇമാം ബുഖാരിയും മുസ്‌ലിമും അബൂഹുറൈറ(ﷺ)വിൽ നിന്നും ഉദ്ദരിച്ച ഹദീസിൽ ഇക്കാര്യം വിശദീകരിക്കുന്നുണ്ട്.

**4) ഉറക്കെ പറയൽ ഉത്തമം:**

ഉറങ്ങുന്നവരാരെങ്കിലുമുണ്ടെങ്കിലൊഴികെ സലാം പറയുന്നതും മടക്കുന്നതും ഉറക്കെയാവുന്നത് നല്ലതാണ്. മിഖ്ദാദുബ്നുൽ അസ്‌വദ്(ﷺ)വിൽ നിന്നും ഉദ്ദരിക്കപ്പെടുന്ന ഹദീസിൽ ഇപ്രകാരം കാണാം: 'ഞങ്ങൾ പാൽ കറന്നെടുക്കുകയും ഓരോരുത്തരുടെയും ഓഹരി അവരവർ കുടിക്കുകയും ചെയ്യാറുണ്ടായിരുന്നു. അങ്ങനെ നബി(ﷺ)യുടെ പങ്ക് ഞങ്ങൾ അദ്ദേഹത്തിനും നൽകും. (മിഖ്ദാദ് പറയുന്നു:) അങ്ങനെ നബി(ﷺ) രാത്രി വരുമ്പോൾ ഉറങ്ങുന്നവനെ ഉണർത്താത്ത രൂപത്തിൽ സലാം ചൊല്ലും. ഉണർന്നിരിക്കുന്നവരെല്ലാം അത് കേൾക്കുകയും ചെയ്യും' (മുസ്‌ലിം).

**5) പ്രവേശിക്കുമ്പോൾ, പുറപ്പെടുമ്പോൾ:**

ഒരു സദസ്സിലേക്ക് പ്രവേശിക്കുമ്പോഴും പുറപ്പെട്ടുപോവുമ്പോഴും സലാം ചൊല്ലുന്നത് സുന്നത്താണ്.ഹദീസിൽ കാണാം: ‘നിങ്ങളാരെങ്കിലും വല്ല സദസ്സിലും വന്നാൽ സലാം പറയട്ടെ, എഴുന്നേറ്റ് പോവാൻ ഉദ്ദേശിച്ചാലും സലാം പറയട്ടെ...’ (അബൂ ദാവൂദ്).

**6) വീട്ടിൽ പ്രവേശിക്കുമ്പോൾ:**

വീട്ടിൽ പ്രവേശിക്കുമ്പോൾ സലാം പറയുന്നത് ഉത്തമമാണ്, വീട്ടിൽ ആരുമില്ലെങ്കിൽപ്പോലും. അല്ലാഹു പറയുന്നു:

( فَإِذَا دَخَلْتُم بُيُوتًا فَسَلِّمُوا عَلَىٰ أَنفُسِكُمْ ) ( النـــور : ٦١ )

‘എന്നാൽ നിങ്ങൾ വല്ല വീടുകളിലും പ്രവേശിക്കുകയാണെങ്കിൽ നിങ്ങൾ അന്യോന്യം സലാം പറയുക’ (നൂർ: 61).

ഇബ്നുഉമർ(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: ‘ഒരു മനുഷ്യൻ ആൾത്താമസമില്ലാത്തൊരു വീട്ടിൽ പ്രവേശിച്ചാൽ ഇപ്രകാരം പറയട്ടെ: (السَّلاَمُ عَلَيْنَاوَعَلَى عِبَادِ اللهِ الصَّالِحِينَ) (അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹി സ്സ്വാലിഹീൻ) സാരം: ‘ഞങ്ങളുടെയും അല്ലാഹുവിന്റെ സച്ചരിതരായ അടിമകളുടെയും മേൽ സമാധാനമുണ്ടാവട്ടെ’ (ബുഖാരി അദബുൽ മുഫ്റദിൽ ഉദ്ദരിച്ചത്).

**7) വിസർജ്ജന വേളയിൽ:**

മലമൂത്രവിസർജ്ജനം ചെയ്തു കൊണ്ടിരിക്കുന്നവനോട് സലാം പറയൽ വെറുക്കപ്പെട്ടതാണ്.ഇബ്നുഉമർ(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: ‘നബി(ﷺ) മൂത്രവിസർജ്ജനം നടത്തിക്കൊണ്ടിരിക്കെ ഒരാൾ അതുവഴി കടന്നുപോയി. അപ്പോൾ അയാൾ അദ്ദേഹത്തോട് സലാം ചൊല്ലി, എന്നാൽ നബി(ﷺ) സലാം മടക്കിയില്ല’ (മുസ്‌ലിം).

**8) കുട്ടികളോട് പറയണം:**

കുട്ടികളോട് സലാം പറയുന്നത് ഉത്തമമാണ്. അനസ്(﵁)വിൽ നിന്നും നിവേദനം, അദ്ദേഹം കുട്ടികളുടെ അടുക്കലൂടെ നടന്നു പോയപ്പോൾ അവരോട് സലാം പറഞ്ഞു. അദ്ദേഹം പറഞ്ഞു: ‘നബി ഇപ്രകാരം ചെയ്യാറുണ്ടായിരുന്നു’ (ബുഖാരി, മുസ്‌ലിം).

**9) വേദക്കാരോട് സലാം തുടങ്ങരുത്:**

വേദക്കാരോട് (ജൂതക്യസ്ത്യാനികൾ) സലാം കൊണ്ട് തുടങ്ങാൻ പാടില്ല. നബി(ﷺ)പറഞ്ഞു: ‘ജൂതക്യസ്ത്യാനികളോട് നിങ്ങൾ സലാം കൊണ്ട് തുടങ്ങരുത്...’ (മുസ്‌ലിം).

അവർ നമ്മോട് സലാം പറഞ്ഞാൽ അവരോട് ( وَعَلَيْكُمْ ) എന്നാണ് മടക്കേണ്ടത്. നബി(ﷺ)പറഞ്ഞു: ‘വേദക്കാർ നിങ്ങളോട് സലാം പറഞ്ഞാൽ നിങ്ങൾ ( وَعَلَيْكُمْ ) എന്ന് പ്രത്യഭിവാദ്യം ചെയ്യുക’ (ബുഖാരി, മുസ്‌ലിം).

**10) അറിയുന്നവരോടും അറിയാത്തവരോടും പറയുക:**

അറിയുന്നവരോടും അറിയാത്തവരോടുമൊക്കെ സലാം പറയേണ്ടതാണ്. അബ്ദുല്ലാഹിബ്നുഅംറ്(﵁)വിൽ നിന്നും നിവേദനം, ഒരാൾ നബി(ﷺ)യോട് ചോദിച്ചു: ‘ഇസ്‌ലാമിൽ ഉത്തമമായ കാര്യം എന്താണ്’? നബി(ﷺ) പറഞ്ഞു:

( تُطْعِمُ الطَّعَامَ ، وَتُقْرِءُ السَّلاَمَ عَلَى مَنْ عَرَفْتَ وَعَلَى مَنْ لَمْ تَعْرِفْ ) ( مسلم )

‘നീ ഭക്ഷണം കൊടുക്കുക, അറിയുന്നവരോടും അറിയാത്തവരോടുമൊക്കെ സലാം പറയുക’ (ബുഖാരി, മുസ്‌ലിം).

**11) ഏൽപ്പിച്ചവർക്കും എത്തിച്ചവർക്കും മടക്കുക:**

മറ്റൊരാളുടെ സലാം എത്തിച്ചുതരുന്നവർക്കും സലാം പറഞ്ഞവർക്കും പ്രത്യഭിവാദ്യമരുളൽ ഉത്തമമാണ്. ഒരാൾ നബി(ﷺ)യു

ടെ അടുക്കൽ വന്ന് പറഞ്ഞു: 'എന്റെ പിതാവ് താങ്കൾക്ക് സലാം പറഞ്ഞിരിക്കുന്നു.' അപ്പോൾ നബി(ﷺ) പറഞ്ഞു: ( عَلَيْكَ وَعَلَى أَبِيكَ السَّلاَمَ ) 'താങ്കൾക്കും താങ്കളുടെ പിതാവിന്നും സലാം' (അബൂദാവൂദ്).

**12) ആംഗ്യത്തിലൂടെ സലാം പറയരുത്:**

മാന്യമായ കാരണങ്ങളുണ്ടെങ്കിലൊഴികെ ആംഗ്യത്തിലൂടെ സലാം ചൊല്ലാൻ പാടില്ല. നമസ്കരിക്കുന്നവനോടും ദൂരെയുള്ളവരോടുമൊക്കെ ആംഗ്യത്തിലൂടെ സലാം ചൊല്ലാവുന്നതാണ്. ജാബിർ ബ്നു അബ്ദില്ല(ﷺ)വിൽ നിന്നും നിവേദനം, നബി(ﷺ) പറഞ്ഞു: 'ജൂതൻമാരുടെയും കൃസ്ത്യാനികളുടെയും രീതിയിൽ നിങ്ങൾ സലാം പറയരുത്. അവരുടെ സലാം(അഭിവാദ്യം)കൈ കൊണ്ട് ആംഗ്യം കാണിക്കലാണ്' (ബൈഹഖി).

**13) ഹസ്തദാനം ചെയ്യാം:**

തന്റെ സഹോദരന്ന് ഹസ്തദാനം ചെയ്യൽ ഉത്തമമാണ്. ഹദീസിൽ കാണാം: 'രണ്ട് മുസ്‌ലിംകൾ പരസ്പരം കണ്ടുമുട്ടുമ്പോൾ ഹസ്തദാനം ചെയ്താൽ അവർ വേർപിരിയും മുമ്പ് അവരുടെ പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്' (ഹദീസ്).

**14) ഹസ്തദാനത്തിനിടെ കൈ വലിക്കരുത്:**

ഹസ്തദാനം ചെയ്ത് സംസാരിക്കുന്നതിനിടെ അപരൻ ആദ്യം കൈ പിൻവലിക്കുന്നത് വരെ നാം കൈ വലിക്കാൻ പാടില്ല. അനസ്(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി(ﷺ)യുമായി ആരെങ്കിലും കണ്ടുമുട്ടുകയും അദ്ദേഹത്തെ ഹസ്തദാനം ചെയ്യുകയും ചെയ്താൽ അപരൻ കൈ വലിക്കുന്നതു വരെ അദ്ദേഹം തന്റെ കൈ വലിക്കാറുണ്ടായിരുന്നില്ല' (തുർമുദി).

**15) കുനിയലും പ്രണാമവും അരുത്:**

അഭിവാദ്യമായിക്കൊണ്ട് കുനിയലും സാഷ്ടാംഗ പ്രണാമവും മുസ്‌ലിമിന് നിഷിദ്ധമാണ്. അനസ്(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ സ്നേഹിതരെ കണ്ടുമുട്ടുമ്പോൾ(അഭിവാദ്യമായിക്കൊണ്ട്) അയാൾക്കു മുന്നിൽ കുനിയാമോ?' നബി(ﷺ) പറഞ്ഞു: 'പാടില്ല'. അയാൾ ചോദിച്ചു: 'എങ്കിൽ കെട്ടിപ്പിടിച്ച് ചുംബിക്കാമോ?' നബി(ﷺ) പറഞ്ഞു: 'പാടില്ല'. അയാൾ ചോദിച്ചു: 'അയാളെ ഹസ്തദാനം ചെയ്യാമോ?' നബി(ﷺ) പറഞ്ഞു: 'അതെ, അതു തന്നെയും അയാൾ ഉദ്ദേശിക്കുന്നുവെങ്കിൽ' (തുർമുദി).

**16) അന്യസ്ത്രീയെ ഹസ്തദാനം ചെയ്യരുത്:**

നബി(ﷺ)ക്ക് 'ബൈഅത്ത്' (സന്ധി) ചെയ്യുന്ന വേളയിൽ ഹസ്തദാനം ചെയ്യാൻ വന്ന സ്ത്രീകളോടായി അദ്ദേഹം പറഞ്ഞു: ( إِنِّي لاَ أُصَافِحُ النِّسَاءَ ) 'ഞാൻ സ്ത്രീകളെ ഹസ്തദാനം ചെയ്യില്ല.'

**************

## آداب الاستئذان

## <u>അനുവാദം തേടൽ- മര്യാദകൾ</u>

**1) അനുവാദം ചോദിക്കാൻ അനുയോജ്യമായ സമയം തിരഞ്ഞെടുക്കുക.**

**2) സന്ദർശിക്കപ്പെടുന്ന വീടിന്റെ വാതിൽക്കൽ മാന്യമായി മുട്ടുക.**

അനസ്(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി(ﷺ)യുടെ വാതിലിൻമേൽ (ആഗതൻ) നഖം കൊണ്ട് മുട്ടുകയായിരുന്നു ചെയ്തിരുന്നത്' (ബുഖാരി).

**3) വാതിലിനു നേരെ മുന്നിൽ നിൽക്കരുത്:**

അനുവാദം ചോദിക്കുന്ന ആൾ വാതിലിനു നേരെ മുന്നിൽ നിൽക്കാൻ പാടില്ല. മറിച്ച് ഇടത്തോട്ടോ വലത്തോട്ടോ അൽപ്പം മാറി നിൽക്കണം. വീട്ടുകാരന് ഇഷ്ടമില്ലാത്ത വല്ലതും സന്ദർശകന്റെ ദൃഷ്ടിയിൽപ്പെടാതിരിക്കാനാണ് ഇപ്രകാരം ചെയ്യുന്നത്. അനുവാദം ചോദിക്കണമെന്ന നിയമം വെച്ചത് തന്നെ അനിഷ്ടകരമായത് കാണാതിരിക്കുകയെന്ന ലക്ഷ്യത്തോടെയാണ്.

**4) അനുവാദം ചോദിക്കും മുമ്പ് സലാം ചൊല്ലൽ:**

അനുവാദം ചോദിക്കും മുമ്പ് സന്ദർശകൻ സലാം പറയേണ്ടതാണ്. റുബ്ഈഊ(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു:ബനൂ ആമിർ ഗോത്രക്കാരനായ ഒരാൾ നബി(ﷺ)യോട് അദ്ദേഹത്തിന്റെ വീട്ടിലേക്ക് അനുവാദം ചോദിച്ചു. അയാൾ ചോദിച്ചു: 'ഞാൻ പ്രവേശിക്കട്ടെയോ?' അപ്പോൾ നബി(ﷺ) തന്റെ ഭൃത്യനോട് പറഞ്ഞു: 'അയാളുടെ അടുക്കൽ ചെന്ന് അനുവാദം ചോദിക്കേണ്ടതെങ്ങനെയെന്ന് പറഞ്ഞുകൊടുക്കൂ. ആദ്യം اَلسَّلاَمُ عَلَيْكُمْ എന്ന് സലാം പറഞ്ഞ ശേഷമാണ് അനുവാദം ചോദിക്കേണ്ടതെന്നയാളോട് പറയൂ' (അഹ്മദ്, അബൂദാവൂദ്).

**5) മൂന്ന് പ്രാവശ്യം അനുവാദം തേടുക:**

സന്ദർശകൻ മൂന്ന് തവണ അനുവാദം തേടേണ്ടതാണ്. എന്നിട്ടും അനുവാദം കിട്ടിയില്ലെങ്കിൽ തിരിച്ചുപോരണം.നബി(ﷺ) പറഞ്ഞു: 'മൂന്ന് പ്രാവശ്യം അനുവാദം തേടിയിട്ടും ആർക്കെങ്കിലും അനുവാദം ലഭിച്ചില്ലെങ്കിൽ അവൻ തിരിച്ചുപോരട്ടെ' (ബുഖാരി, മുസ്‌ലിം).

**6) പേര് പറയണം:**

അനുവാദം തേടുന്നതാരാണെന്ന് ചോദിക്കപ്പെട്ടാൽതന്റെ പേരും സ്ഥാനപ്പേരും അയാൾ പറയണം. ആരെന്നുചോദിക്കുമ്പോൾ ഞാനെന്ന് മാത്രം പറയരുത്.

ജാബിർ(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'എന്റെ പിതാവിന്നുണ്ടായിരുന്ന ചില കടബാധ്യതകളുടെ വിഷയത്തിൽ ഞാൻ നബി(ﷺ)യുടെ അടുക്കൽ ചെല്ലുകയുണ്ടായി. അങ്ങനെ ഞാൻ വാതിൽക്കൽ മുട്ടി. അപ്പോൾ അദ്ദേഹം ചോദിച്ചു: 'ആരാണത്?' ഞാൻ പറഞ്ഞു: 'ഞാനാണ്' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ, ഞാൻ' അദ്ദേഹത്തിന്ന് ആ മറുപടി ഇഷ്ടപ്പെട്ടില്ലെന്ന് ആ സ്വരത്തിൽ നിന്നു വ്യക്തമായിരുന്നു' (ബുഖാരി, മുസ്‌ലിം).

**7) തിരിച്ചുപോവാൻ പറഞ്ഞാൽ പോവുക:**

സന്ദർശകനോട് നിങ്ങൾ തിരിച്ചുപൊയ്ക്കോളൂവെന്ന് പറയപ്പെട്ടാൽ തിരിച്ചുപോവുക.. അല്ലാഹു പറയുന്നു:

( وَإِن قِيلَ لَكُمُ ارْجِعُوا فَارْجِعُوا هُوَ أَزْكَىٰ لَكُمْ ) ( النــور : ٢٨ )

'നിങ്ങൾ തിരിച്ചുപോകൂ' എന്ന് നിങ്ങളോട് പറയപ്പെട്ടാൽ നിങ്ങൾ തിരിച്ച് പോകണം, അതാണ് നിങ്ങൾക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത് (നൂർ 28).

**8) വീട്ടിൽ ആളില്ലെങ്കിൽ അകത്ത് കേറരുത്:**

മറ്റുള്ളവരുടെ അവകാശങ്ങളെ ഹനിക്കാൻ ഇടയാക്കുമെന്നതിനാൽ വീട്ടിൽ ആളില്ലെങ്കിൽ സന്ദർശകൻ അകത്ത് കേറാൻ പാടില്ല.

*************

# آداب المجلس

## സദസ്സിലെ മര്യാദകൾ

**1) സലാം പറയുക:**

സദസ്സുകളിലേക്ക് കടക്കുമ്പോഴും സദസ്സിൽ നിന്നും പുറത്തു പോവുമ്പോഴും സലാം പറയുക. അബൂഹുറൈറ(ﷺ)വിൽ നി

ന്നും നിവേദനം,നബി(ﷺ) പറഞ്ഞു: 'നിങ്ങൾ വല്ല സദസ്സിലും ചെന്നാൽ സലാം പറയുക. ഇരിക്കണമെന്നുണ്ടെങ്കിൽ ഇരിക്കാവുന്നതാണ്. എഴുന്നേറ്റ് പോരുന്നുവെങ്കിൽ വീണ്ടും സലാം പറയുക...' (അബൂദാവൂദ്, തുർമുദി).

**2) ഒഴിവുള്ളിടത്ത് ഇരിക്കുക:**

ജാബിർബ്നു സമുറ(﵁)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'ഞങ്ങൾ നബി(ﷺ)യുടെ സദസ്സിൽ ചെന്നാൽ ഏറ്റവും അവസാന ഭാഗത്തായി ഇരിക്കും' (അബൂദാവൂദ്).

**3) വിശാലതയുണ്ടാക്കി ഇരിക്കുക:**

സദസ്സിൽ കടന്നുചെന്നാൽ അവിടെയുള്ളവരെ എഴുന്നേൽപ്പിക്കുവാനോ എന്നിട്ടവിടെ ഇരിക്കുവാനോ പാടില്ല.വിശാലതയുണ്ടാക്കി ഇരിക്കണം.

ഇബ്നു ഉമർ(﵁)വിൽ നിന്നും നിവേദനം, നബി(ﷺ) പറഞ്ഞു: 'ഒരാളും തന്നെ മറ്റൊരാളെ തന്റെ സദസ്സിൽ നിന്നും എഴുന്നേൽപ്പിക്കുകയും എന്നിട്ടതിൽ ഇരിക്കുകയും അരുത്. എന്നാൽ നിങ്ങൾ വിട്ടുവീഴ്ച ചെയ്യുകയും വിശാലപ്പെടുത്തുകയും ചെയ്യുക' (ബുഖാരി, മുസ്‌ലിം).

**4) സദസ്സിന്റെ മധ്യത്തിൽ ഇരിക്കരുത്:**

**5) രണ്ടാളുകൾക്കിടയിൽ ഇരിക്കരുത്:**

രണ്ടാളുകൾക്കിടയിൽ അവരുടെ അനുവാദത്തോടെയല്ലാതെ ഇരിക്കാൻ പാടില്ല. നബി(ﷺ) പറഞ്ഞു: 'രണ്ടാളുകളെ വേർപ്പെടുത്താൻ ആർക്കും പാടുള്ളതല്ല, അവരുടെ അനുവാദത്തോടെയല്ലാതെ' (അഹ്മദ്).

**6) മറ്റൊരാളുടെ സീറ്റിൽ ഇരിക്കരുത്:**

എന്തെങ്കിലും ആവശ്യത്തിനായി ഒരാൾ എഴുന്നേറ്റാൽ അയാളുടെ സീറ്റിൽ മറ്റാരും ഇരിക്കരുത്. നബി(ﷺ) പറഞ്ഞു: 'ആരെങ്കിലും തന്റെ സീറ്റിൽ നിന്നെഴുന്നേൽക്കുകയും,വീണ്ടും അതിലേക്ക് തന്നെ മടങ്ങിയെത്തുകയും ചെയ്താൽ അതിനേറ്റവും അവകാശപ്പെട്ടവൻ അയാൾ തന്നെയാണ്' (മുസ്‌ലിം).

**7) രണ്ടാൾ മാത്രം രഹസ്യം പറയരുത്:**

മൂന്നാമനെക്കൂടാതെ രണ്ടുപേർ മാത്രം രഹസ്യഭാഷണം നടത്താൻ പാടില്ല. ഇബ്നുമസ്ഊദ്(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: നബി(ﷺ) പറഞ്ഞു: 'നിങ്ങൾ മൂന്നുപേരുണ്ടായിരിക്കെ മൂന്നാമനെക്കൂടാതെ രണ്ടുപേർ മാത്രം രഹസ്യം പറയരുത്. നിങ്ങൾ ആളുകളുമായി ഇടകലരുന്നതുവരെ. കാരണം അതയാളെ വിഷമിപ്പിക്കുന്ന കാര്യമാണ്' (ബുഖാരി, മുസ്‌ലിം).

**8) അധികം ചിരിക്കരുത്:**

സദസ്സിൽ ഇരിക്കുന്നവർ അധികം ചിരിക്കരുത്. നബി(ﷺ) പറഞ്ഞു:

( لاَ تُكْثِرُوا مِنَ الضَّحْكِ ، فَإِنَّ كَثْرَةَ الضَّحْكِ تُمِيتُ الْقُلُوبَ )

'നിങ്ങൾ അധികം ചിരിക്കരുത്. കാരണം, അധികം ചിരിക്കൽ ഹൃദയത്തെ മരിപ്പിക്കും' (ഇബ്നുമാജഃ).

**9) രഹസ്യം ചോർത്തരുത്:**

സദസ്സിൽ നടന്ന സംസാരങ്ങൾ പുറത്തിറങ്ങിയാൽ വെളിപ്പെടുത്താതെ കാത്തുസൂക്ഷിക്കേണ്ടതാണ്. നബി(ﷺ) പറഞ്ഞു: 'ഒരാൾ സദസ്സിൽ ഒരു കാര്യം സംസാരിക്കുകയും പിന്നീടവിടെ നിന്ന് പോവുകയും ചെയ്താൽ (അവിടെ നടന്ന സംസാരങ്ങൾ കാത്ത് സൂക്ഷിക്കേണ്ട) അമാനത്താണ്' (തുർമുദി).

**10) അരുചികരമായതിന്റെ പേരിൽ എഴുന്നേൽക്കരുത്:**

കോട്ടുവാ വരിക, മൂക്ക് ഒലിക്കുക, കഫം തുപ്പുക പോലെയുള്ള കാര്യങ്ങൾക്കായി സദസ്സ്യർ എഴുന്നേറ്റ് പോവാതിരിക്കുകയാണ് വേണ്ടത്.

**11) ചാരപ്പണി ചെയ്യരുത്:**

സദസ്യൻ രഹസ്യം ചോർത്തരുത്.നബി(ﷺ) പറഞ്ഞു:'നിങ്ങൾ നോവിക്കരുത്, രഹസ്യം ചോർത്തുകയുമരുത്'(ബുഖാരി, മുസ്‌ലിം).

**12) ഒടുവിൽ ദുആ ചെയ്യുക:**

സദസ്സിൽ നിന്നും വിരമിക്കുമ്പോൾ 'കഫ്ഫാറത്തുൽ മജ്‌ലിസ്' എന്ന ദുആ ചൊല്ലുക. നബി(ﷺ) പറഞ്ഞു: 'ആരെങ്കിലും ഒരു സദസ്സിൽ ഇരിക്കുകയും അവിടെ അനാവശ്യ സംസാരം അധികരിക്കുകയും ചെയ്താൽ, ആ സദസ്സിൽ നിന്നെഴുന്നേൽക്കും മുമ്പ് അവൻ ഇപ്രകാരം പറയട്ടെ:

( سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ ، أَشْهَدُ أَنْ لاَ إِلَهَ إِلَّا أَنْتَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ )

(സുബ്ഹാനകല്ലാഹുമ്മ വബിഹംദിക, അശ്ഹദു അൻ ലാഇലാഹ ഇല്ലാഹ ഇല്ലാ അൻത, അസ്തഗ്ഫിറുക വ അതൂബു ഇലൈക)

സാരം: 'അല്ലാഹുവേ,നിന്നെ പ്രകീർത്തിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. നീയല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിന്നോട് ഞാൻ പൊറുക്കലിനെ തേടുന്നു, നിന്നിലേക്ക് ഞാൻ പശ്ചാത്തപിച്ച് മടങ്ങുന്നു'

ഇപ്രകാരം ആരെങ്കിലും പറഞ്ഞാൽ ആ സദസ്സിൽ കഴിഞ്ഞുപോയ അവന്റെ പാപങ്ങളെല്ലാം അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്' (അഹ്മദ്, തുർമുദി).

**************

## آداب الكلام والحديث

## സംസാര മര്യാദകൾ

**1) നല്ലതുമാത്രം സംസാരിക്കുക:**

അല്ലാഹു പറയുന്നു: 'അവരുടെ രഹസ്യാലോചനകളിൽ മിക്കതിലും യാതൊരു നന്മയുമില്ല. വല്ല ദാനധർമ്മവും ചെയ്യാനോ, സദാചാരം കൈക്കൊള്ളാനോ, ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കാനോ കൽപ്പിക്കുന്ന ആളുടെ വാക്കുകളിലൊഴികെ' (നിസാഅ്: 114).

**2) സംസാരം മാന്യമായ ശബ്ദത്തിലായിരിക്കണം:**

കേൾക്കാൻ കഴിയുന്ന മാന്യമായ ശബ്ദത്തിലായിരിക്കണം സംസാരിക്കേണ്ടത്. ശബ്ദം തീരെ നേരിയതോ ആവശ്യത്തിലധികം ഉയർന്നതോ ആവരുത്. എല്ലാവർക്കും മനസ്സിലാവുന്ന രൂപത്തിൽ വ്യക്തമായി സംസാരിക്കണം. ഉണ്ടാക്കിയുള്ള സംസാരമോ അവ്യക്തമോ ആവരുത്.

**3) ആവശ്യമില്ലാത്തത് സംസാരിക്കരുത്:**

ഹദീസിൽ കാണാം, നബി(ﷺ) പറഞ്ഞു:

( مِنْ حُسْنِ إِسْلَامِ الْمَرْءِ تَرْكُهُ مَا لَا يَعْنِيهِ ) ( أحمد ، ابن ماجة )

'ഒരാളുടെ ഇസ്‌ലാമിന്റെ നന്മയിൽ പെട്ടതാണ് തനിക്കാവശ്യമില്ലാത്തത് ഉപേക്ഷിക്കുക എന്നത്' (അഹ്മദ്, ഇബ്നുമാജ:).

**4) കേട്ടതെല്ലാം പറയരുത്:**

അബൂഹുറൈറ(ﷺ)വിൽ നിന്നും നിവേദനം,അദ്ദേഹം പറയുന്നു: നബി(ﷺ) പറഞ്ഞു: 'താൻ കേട്ടതെല്ലാം പറഞ്ഞു നടക്കുക എന്നത് തന്നെ ഒരാളിൽ മതിയായ പാപമാണ്' (മുസ്ലിം).

**5) പ്രകടനപരത, കളവ്, തർക്കം അരുത്:**

സംസാരത്തിൽ കളിയായിട്ടുപോലും ലോകമാന്യതയും തർക്കവും ഉണ്ടാവരുത്. തമാശയായിട്ടുപോലും കളവു പറയുകയും അരുത്. നബി(ﷺ) പറഞ്ഞു: 'കളിയായിട്ടുപോലും ലോകമാന്യത കാണി

ക്കാത്തവർക്ക് സ്വർഗ്ഗാസ്തിവാരത്തിൽ ഒരു ഭവനമുണ്ടെന്നും, തമാശയായിട്ടു പോലും കളവുപറയാത്തവർക്ക് സ്വർഗ്ഗ മധ്യത്തിൽ ഒരു ഭവനമുണ്ടെന്നും ഞാൻ വാക്കുതരുന്നു' (ഹദീസ്)

**6) ധൃതി കാണിക്കരുത്:**

സംസാരത്തിൽ അവധാനത കാണിക്കണം, ധൃതി കാണിക്കരുത്. ആയിശ(ﷺ)യിൽ നിന്നും നിവേദനം, അവർ പറയുന്നു: 'നബി (ﷺ) വല്ലതും സംസാരിക്കുമ്പോൾ ഒരാൾക്ക് ആ വാക്കുകളുടെ എണ്ണം ക്ലിപ്തപ്പെടുത്തണമെങ്കിൽ അതിന് സാധിക്കുമായിരുന്നു' (ബുഖാരി, മുസ്ലിം).

**7) മ്ലേച്ഛവാക്കുകൾ പറയരുത്:**

നബി(ﷺ) പറഞ്ഞു: 'കുത്തിപ്പറയുന്നവനും ശാപവാക്കുകൾ പറയുന്നവനും വൃത്തികെട്ട മ്ലേച്ഛവാക്കുകൾ പറയുന്നവനും വിശ്വാസിയല്ല' (ബുഖാരി).

**8) വായാടിത്തം അരുത്:**

വായാടിത്തമായ അമിത സംസാരം പാടില്ല. ജാബിർ(ﷺ)വിൽ നിന്നും നിവേദനം ചെയ്യപ്പെടുന്ന ഹദീസിൽ കാണാം, നബി(ﷺ) പറഞ്ഞു:'എനിക്ക് ഏറ്റവും കൂടുതൽ വിദ്വേഷമുള്ളവരും അന്ത്യനാളിൽ എന്നിൽ നിന്നേറ്റവും അകന്നവരും വായാടികളും വായ കൊണ്ട് കൊഞ്ഞനം കാട്ടി പരിഹസിക്കുന്നവരും'മുതഫൈഹിഖു'കളുമാണ്. അവർ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ ആരാണ് 'മുതഫൈഹിഖുകൾ'? അദ്ദേഹം പറഞ്ഞു: 'അഹങ്കാരികളാണ് മുതഫൈഹിഖുകൾ' (തുർമുദി).

**9) ഏഷണിയും പരദൂഷണവും അരുത്:**

അല്ലാഹു പറയുന്നു: ( وَلاَ يَغْتَب بَّعْضُكُمْ بَعْضًا ) ( الحجرات )

'നിങ്ങൾ അന്യോന്യം പരദൂഷണം പറയരുത്' (ഹുജുറാത്: 12).

നബി(ﷺ) പറഞ്ഞു: (لاَ يَدْخُلُ الْجَنَّةَ نَمَّامٌ) 'ഏഷണിക്കാരൻ സ്വർ ഗ്ഗത്തിൽ പ്രവേശിക്കുകയില്ല' (ബുഖാരി, മുസ്‌ലിം).

**10) സംസാരിക്കുന്നവനിലേക്ക് ശ്രദ്ധ കൊടുക്കൽ:**

സംസാരിക്കുമ്പോൾ അതിലേക്ക് ശ്രദ്ധകൊടുക്കുകയും സം സാരം മുറിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്? അപ്രകാരം തന്നെ ആ സംസാരത്തെക്കുറിച്ച് താൻ ബോധവാനാണെന്ന് സംസാരിക്കു ന്ന വ്യക്തിക്ക് ബോധ്യപ്പെടുത്തുകയും വേണം. അദ്ദേഹത്തിന്റെ അ ഭിപ്രായത്തെ നിഷേധിക്കുകയോ അതിനെ തള്ളിക്കളയുകയോ അ രുത്.

**11) നീട്ടിവലിച്ച് സംസാരിക്കരുത്:**

നീട്ടിവലിച്ച് സംസാരിച്ച് സമയം കളയരുത്. മറ്റുള്ളവർക്ക് സംസാരിക്കാൻ അവസരം നൽകണം.

**12) പരുഷമായി സംസാരിക്കരുത്:**

പരുഷമായും രൂക്ഷതയോടെയും കാഠിന്യത്തോടെയും സം സാരിക്കുന്നത് ഭൂഷണമല്ല. മറ്റുള്ളവരുടെ കുറ്റങ്ങളുടെയും കുറവുക ളുടെയും വിഴുപ്പലക്കുകയും അരുത്. ഇത്തരം സംസാരങ്ങൾ വൈര മുണ്ടാക്കുകയും ശത്രുതയിലേക്കും പരസ്പര വിദ്വേഷത്തിലേക്കും എത്തിക്കുകയും ചെയ്യും.

**13) പരിഹാസവും നിന്ദിക്കലും പാടില്ല:**

അഭിസംബോധിതരെ പരിഹസിച്ചു കൊണ്ടും നിന്ദ്യമാക്കി ക്കൊണ്ടും താഴ്ത്തിക്കെട്ടിക്കൊണ്ടും സംസാരിക്കാൻ പാടില്ല. അല്ലാ ഹു പറയുന്നു: 'സത്യവിശ്വാസികളേ, ഒരു ജനവിഭാഗവും മറ്റൊരു ജ നവിഭാഗത്തെ പരിഹസിക്കരുത്. അവർ(പരിഹസിക്കപ്പെടുന്നവർ)അ

വരേക്കാൾ നല്ലവരായിരുന്നേക്കാം. ഒരു വിഭാഗം സ്ത്രീകൾ മറ്റൊരു വിഭാഗം സ്ത്രീകളെയും പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) മറ്റവരെക്കാൾ നല്ലവരായിരുന്നേക്കാം'(ഹുജുറാത്:11).

**************

آداب الخلاف

## ഭിന്നതയിലെ മര്യാദകൾ

**1) ആത്മാർത്ഥത, സത്യസന്ധത:**

ഭിന്നതയുണ്ടാകുമ്പോൾ ആത്മാർത്ഥതയും സത്യത്തോടുള്ള ആഭിമുഖ്യവും മുറുകെ പിടിക്കണം. ദേഹേച്ഛയുടെ പിന്നാലെ പോവരുത്. സ്വന്തത്തിനും സ്വാഭീഷ്ടത്തിനും വേണ്ടി പ്രവർത്തിക്കരുത്.

**2) ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങുക:**

അഭിപ്രായ വ്യത്യാസമുണ്ടായ വിഷയങ്ങളിൽ ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങുകയാണ് വേണ്ടത്. അല്ലാഹു പറയുന്നു: 'ഇനി വല്ല കാര്യത്തിലും നിങ്ങൾ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും,റസൂലിലേക്കും മടക്കുക'(നിസാഅ്:59).

**3) എതിരാളിയെക്കുറിച്ച് നല്ലത് ഊഹിക്കുക:**

തനിക്ക് ഭിന്നതയുള്ള ആളെക്കുറിച്ച് നല്ലതുമാത്രമേ ഊഹിക്കാവൂ. അയാളുടെ ഉദ്ദേശ്യശുദ്ധിയെ തെറ്റായി വ്യാഖ്യാനിച്ച് ഒന്നും ആരോപിക്കാനോ വ്യക്തിത്വത്തെ കളങ്കപ്പെടുത്താനോ പാടില്ല.

**4) ഭിന്നത കഴിവതും ലഘൂകരിക്കുക:**

ഭിന്നതയുള്ള വിഷയങ്ങളിൽ നിന്ന് സാധ്യമായത് സ്വയം സഹിച്ച് കഴിവതും ഭിന്നത ലഘൂകരിക്കാൻ ശ്രമിക്കണം.

**5) മറ്റുള്ളവരുടെ തെറ്റുകളെ കരുവാക്കരുത്:**

മറ്റുള്ളവരുടെ തെറ്റുകളും കുറ്റങ്ങളും കരുവാക്കി എടുത്തു ചാടരുത്. വളരെ ഗാഢമായി ആലോചിക്കുകയും കാര്യങ്ങളെ വിലയിരുത്തുകയും ചെയ്ത ശേഷമേ എന്തും ചെയ്യാവൂ.

**6) ഹൃദയവിശാലത കാണിക്കുക:**

മറ്റുള്ളവരുടെ അബദ്ധങ്ങളും പാകപ്പിഴവുകളും കൈകാര്യം ചെയ്യുമ്പോൾ, അവരുടെ പ്രതികാരനടപടിയെ നേരിടേണ്ടിവരുമ്പോൾ ഹൃദയവിശാലത കാണിക്കണം.

**7) കുഴപ്പഹേതുക്കളിൽ നിന്ന് അകലുക:**

കുഴപ്പഹേതുക്കളും അഭിപ്രായഭിന്നതക്കിടയാക്കുന്നതുമായ വിഷയങ്ങളിൽ നിന്ന് അകന്നുനിൽക്കേണ്ടതാണ്.

**8) ചർച്ചാമര്യാദകൾ പാലിക്കുക:**

പരിഹാരത്തിനായുള്ള ചർച്ചകളിലും മറ്റും അതിന്റേതായ മര്യാദകൾ പാലിക്കുകയും കുതർക്കം ഒഴിവാക്കുകയും ചെയ്യുക.

**************

## آداب المزاح

## <u>തമാശയിലെ മര്യാദകൾ</u>

**1) അതിരുവിടരുത്:**

അല്ലാഹുവെയും, അവന്റെ ദൃഷ്ടാന്തങ്ങൾ, അവന്റെ പ്രവാചകന്റെ സുന്നത്ത്, ഇസ്‌ലാമിക ചിഹ്നങ്ങൾ എന്നിവയൊന്നും ഉൾക്കൊള്ളുന്നവയാകരുത് തമാശകൾ.പ്രവാചകതിരുമേനി(ﷺ)യുടെ അടുക്കലുണ്ടായിരുന്ന ഖുർആൻ പാരായണക്കാരെ പരിഹസിച്ചിരുന്നവരെക്കുറിച്ച് അല്ലാഹു പറയുന്നു: ‘നീ അവരോട്(അതിനെപ്പറ്റി) ചോ

ദിച്ചാൽ അവർ പറയും: ഞങ്ങൾ തമാശ പറഞ്ഞു കളിക്കുക മാത്രമായിരുന്നു.പറയുക:അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്?. നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിനുശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു' (തൗബ: 65,66).

**2) സത്യമായിരിക്കണം, കളവുണ്ടാവരുത്:**

തമാശ സത്യസന്ധമായിരിക്കണം. കളവുകെട്ടിപ്പറയുന്നതാവരുത്. മറ്റുള്ളവരെ ചിരിപ്പിക്കാനായി തമാശക്കാരൻ പദപ്രയോഗങ്ങൾ കെട്ടിച്ചമക്കരുത്. ഇല്ലാത്തത് ഉദ്ദരിക്കരുത്. നബി(ﷺ) പറഞ്ഞു:

( وَيْلٌ لِلَّذِي يُحَدِّثُ فَيُكَذِّبُ لِيُضْحِكَ بِهِ الْقَوْمَ ، وَيْلٌ لَهُ وَيْلٌ لَهُ )

'ജനങ്ങളെ ചിരിപ്പിക്കാനായി കളവ് ചേർത്ത് സംസാരിക്കുന്നവന്ന് നാശം. അവന്ന് നാശം, അവന്ന് നാശം' (അഹ്മദ്).

**3) ആരെയും ഉപദ്രവിക്കരുത്:**

തമാശ മറ്റൊരാൾക്ക് പാരയും ഉപദ്രവവുമാവരുത്. നബി(ﷺ) പറഞ്ഞു: 'നിങ്ങളാരും തന്നെ തന്റെ സഹോദരന്റെ സാധന സാമഗ്രികൾ തമാശയും കളിയുമായി എടുക്കരുത്.അങ്ങനെ എടുത്താൽ അവൻ സഹോദരനോട് ധിക്കാരമാണ് ചെയ്തത്. അയാളത് അവന്ന് തന്നെ തിരിച്ചുനൽകട്ടെ' (അഹ്മദ്).

**4) മുതിർന്നവരുമായിട്ടാവരുത്:**

തന്നെക്കാൾ മുതിർന്നവരുമായോ, ഉൾക്കൊള്ളാൻ കഴിയാത്തവരുമായോ തമാശ കാണിക്കരുത്. മഹ്റമുകളായ (വിവാഹ ബന്ധം നിഷിദ്ധമായവരല്ലാത്ത) സ്ത്രീകളുമായും തമാശയരുത്.

**5) അധികമാവാൻ പാടില്ല:**

നിനക്ക് തന്നെ ദോഷമാവും വിധം തമാശ അധികമാവരുത്. പിന്നീട് നിനക്കത് ഒരു വിശേഷണമായി മാറിയേക്കാം.നിന്റെ വ്യക്തിത്വം അത് നഷ്ടപ്പെടുത്തുകയും നിന്നെക്കുറിച്ച് രസികർക്ക് നീട്ടിപ്പറയാൻ അത് അവസരമേകുകയും ചെയ്യും.

**************

## آداب التعامل مع الناس

## <u>പെരുമാറ്റ മര്യാദകൾ</u>

**1) വികാരങ്ങളെ ആദരിക്കണം:**

ജനങ്ങളുടെ വികാരങ്ങളെ മാനിക്കേണ്ടതുണ്ട്. അതിനെ നിന്ദിക്കുവാനോ വ്രണപ്പെടുത്തുവാനോ പാടില്ല.

**2) അവസ്ഥയറിയുക:**

ജനങ്ങളുടെ അവസ്ഥ, പ്രകൃതി, സ്വഭാവം എന്നിവ മനസ്സിലാക്കി, അതിനനുസരിച്ചായിരിക്കണം ഓരോരുത്തരോടും ഇടപഴകുന്നതും പെരുമാറുന്നതും.

**3) അർഹിക്കുന്ന സ്ഥാനം നൽകുക:**

ജനങ്ങൾക്ക് അവരർഹിക്കുന്ന സ്ഥാനം അവർക്ക് നൽകണം. ഓരോരുത്തന്റെയും അവകാശവും നിലയും നാം വകവെച്ചു കൊടുക്കണം.

**4) കാര്യങ്ങൾ ഗൗരവത്തിലെടുക്കുക:**

ജനങ്ങളുടെ കാര്യങ്ങൾ അതിന്റേതായ ഗൗരവത്തിലെടുക്കുകയും, അവരുടെ അവസ്ഥകളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും അന്വേഷിച്ചറിയുകയും ചെയ്യേണ്ടതുണ്ട്.

**5) വിനയാന്വിതരാവുക:**

ആളുകളോട് വിനയത്തോടെ പെരുമാറുക. ഔന്നത്യവും അഹങ്കാരവും പൊങ്ങച്ചവും നടിക്കരുത്.

**6) പ്രസന്ന വദനനാവണം:**

ജനങ്ങളുമായി കണ്ടുമുട്ടുമ്പോൾ മുഖപ്രസന്നതയോടെയും പുഞ്ചിരിയോടെയുമാണ് സ്വീകരിക്കേണ്ടത്.

**7) ബുദ്ധിക്ക് ഉൾക്കൊള്ളാവുന്നത് പറയുക:**

ആളുകളുടെ ബുദ്ധിക്കനുസരിച്ച് അവർക്കുൾക്കൊള്ളാവുന്നതു മാത്രമേ സംസാരിക്കാവൂ.

**8) ഊഹങ്ങൾ നന്നാക്കണം:**

ആളുകളെക്കുറിച്ച് നല്ലതുമാത്രമേ നാം ഊഹിക്കാവൂ. അനാവശ്യ ധാരണകൾ വെച്ചുപുലർത്തരുത്. അവരുടെ രഹസ്യങ്ങളെക്കുറിച്ച് ചുഴിഞ്ഞന്വേഷിക്കുകയും അരുത്.

**9) വീഴ്ചകൾ ക്ഷമിക്കുക:**

ജനങ്ങളിൽ വരുന്ന പാകപ്പിഴവുകൾക്ക് മാപ്പുനൽകുകയും വിട്ടുകൊടുക്കുകയും ചെയ്യണം. അവരുടെ പിഴവുകളെ പിന്തുടർന്ന് ആക്ഷേപിക്കരുത്.അവരോട് രോഷം വെച്ചുപുലർത്തുകയും അരുത്.

**10) വാക്കുകൾ ശ്രദ്ധിച്ചുകേൾക്കുക:**

ആളുകളുടെ സംസാരം ശ്രദ്ധിച്ചുകേൾക്കണം. അവരുമായി തർക്കിക്കുവാനോ വഴക്കിടുവാനോ ഒരുമ്പെടരുത്.

**************

## آداب المسجد

## <u>പള്ളിയിലെ മര്യാദകൾ</u>

**1) പള്ളിയിലേക്ക് പോവുമ്പോൾ:**

പള്ളിയിലേക്ക് പോയിക്കൊണ്ടിരിക്കുമ്പോൾ പ്രാർത്ഥിക്കൽ സുന്നത്താണ്. ഇബ്നുഅബ്ബാസ്(﵁)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി(ﷺ) നമസ്കാരത്തിന് പുറപ്പെട്ടാൽ ഇപ്രകാരം പറയാറുണ്ടായിരുന്നു:

( اللَّهُمَّ اجْعَلْ فِي قَلْبِي نُورًا ، وَفِي لِسَانِي نُورًا ، و اجْعَلْ فِي سَمْعِي نُورًا ، وَاجْعَلْ فِي بَصَرِي نُورًا ، وَاجْعَلْ مِنْ خَلْفِي نُورًا ، وَمِنْ أَمَامِي نُورًا ، وَاجْعَلْ مِنْ فَوْقِي نُورًا ، وَمِنْ تَحْتِي نُورًا ، اللَّهُمَّ أَعْطِنِي نُورًا ) ( متفق عليه )

(അല്ലാഹുമ്മ ഇജ്അൽ ഫീ ഖൽബീ നൂറാ, വഫീ ലിസാനീ നൂറാ, വജ്അൽ ഫീ സംഈ നൂറാ, വഫീ ബസ്വരീ നൂറാ, വജ്അൽ മിൻ ഖൽഫീ നൂറാ, വമിൻ അമാമീ നൂറാ, വജ്അൽ മിൻ ഫൗഖീ നൂറാ, വമിൻ തഹ്തീ നൂറാ, അല്ലാഹുമ്മ അഅ്ത്വിനീ നൂറാ)

സാരം: 'അല്ലാഹുവേ, എന്റെ ഹൃദയത്തിൽ നീ പ്രകാശം ചൊരിയേണമേ, എന്റെ നാവിലും, കാതിലും, കണ്ണിലും പ്രകാശം ചൊരിയേണമേ. എന്റെ മുന്നിലും പിന്നിലും മീതെയും താഴെയും പ്രകാശം ചൊരിയേണമേ. അല്ലാഹുവേ എനിക്ക് നീ പ്രകാശം തരേണമേ' (ബുഖാരി, മുസ്ലിം).

**2) ഭക്തിയോടെ നടന്നുപോവൽ:**

നമസ്കാരത്തിലേക്ക് വളരെ ഭക്തിയോടെയും സാവധാനത്തിലുമാണ് നടന്നുപോവേണ്ടത്. നബി(ﷺ) പറഞ്ഞു: 'നമസ്കാരത്തിന് 'ഇഖാമത്' വിളിക്കപ്പെട്ടാൽ നിങ്ങൾ അതിലേക്ക് ധൃതിയിൽ വരരുത്, നിങ്ങൾ സാവധാനത്തിൽ നടന്നുവരണം. നിങ്ങൾ (ഇമാമിനോടൊപ്പം) കിട്ടിയത് നമസ്കരിക്കുക, നഷ്ടപ്പെട്ടത് പൂർത്തിയാക്കുകയും ചെയ്യുക' (ബുഖാരി, മുസ്ലിം).

**3) പ്രവേശിക്കുമ്പോൾ, പുറത്തുവരുമ്പോൾ:**

പള്ളിയിൽ പ്രവേശിക്കുമ്പോഴും പുറത്തുവരുമ്പോഴും പ്രാർത്ഥിക്കുകയും, പ്രവേശിക്കുമ്പോൾ വലതുകാലും പുറത്തുകടക്കുമ്പോൾ ഇടതുകാലും മുന്തിക്കുകയും വേണം. പ്രവേശിക്കുമ്പോൾ (اللَّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ) (അല്ലാഹുമ്മഫ്തഹ് ലീ അബ്‌വാബ റഹ്മതിക്)സാരം:'അല്ലാഹുവേ നിന്റെ കാരുണ്യത്തിന്റെ കവാടം എനിക്ക് നീ തുറന്നുതരേണമേ'എന്നും, പുറത്തുവരുമ്പോൾ (اللَّهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِكَ) (അല്ലാഹുമ്മ ഇന്നീ അസ്അലുക മിൻ ഫദ്‌ലിക്) സാരം: 'അല്ലാഹുവേ നിന്റെ ഔദാര്യത്തിൽ നിന്നും നിന്നോട് ഞാൻ ചോദിക്കുന്നു'. എന്നും ചൊല്ലേണ്ടതാണ്. (മുസ്‌ലിം).

**4) തഹിയ്യത്ത് നമസ്കരിക്കുക:**

പള്ളിയിൽ പ്രവേശിച്ചാൽ ഇരിക്കുന്നതിന് മുമ്പായി പള്ളിക്കുള്ള അഭിവാദ്യമായി രണ്ട് റക്അത്ത് നമസ്കരിക്കണം. നബി(ﷺ) പറയുന്നു:'നിങ്ങളാരെങ്കിലും പള്ളിയിൽ പ്രവേശിച്ചാൽ അവൻ ഇരിക്കുന്നതിന് മുമ്പായി രണ്ട് റക്അത്ത് നമസ്കരിക്കട്ടെ' (ബുഖാരി, മുസ്‌ലിം).

**5) കച്ചവടം, വീണുപോയത് അന്വേഷിക്കൽ പാടില്ല:**

പള്ളിയിൽ വെച്ച് വിൽക്കുവാനോ വാങ്ങുവാനോ,നഷ്ടപ്പെട്ട വസ്തുക്കൾ അന്വേഷിക്കുവാനോ പാടില്ല. നബി(ﷺ) പറഞ്ഞു: 'പള്ളിയിൽ വെച്ച് വല്ലതും വിൽക്കുകയോ വാങ്ങുകയോ ചെയ്യുന്നവനെ കണ്ടാൽ 'നിന്റെ കച്ചവടത്തിൽ അല്ലാഹു ലാഭം തരാതിരിക്കട്ടെ' എന്ന് നിങ്ങൾ പറയുക. നഷ്ടപ്പെട്ടുപോയ തന്റെ വസ്തു പള്ളിയിൽ വെച്ച് അന്വേഷിക്കുന്നവനെ നിങ്ങൾ കണ്ടാൽ 'നിന്റെ നഷ്ടവസ്തു അല്ലാഹു നിനക്ക് തിരിച്ചുതരാതിരിക്കട്ടെ' എന്ന് അവനോട് പറയുക' (തുർമുദി).

**6) ദുർഗന്ധം വമിക്കുന്നവൻ പള്ളിയിൽ പോവരുത്:**

ഉള്ളി, വെള്ളുള്ളി പോലെയുള്ളവ തിന്നവനും, ദുർഗന്ധം വമിക്കുന്നവനും പള്ളിയിൽ വരാൻ പാടില്ല. നബി(ﷺ) പറഞ്ഞു:

(مَنْ أَكَلَ الْبَصَلَ وَالثُّومَ وَالْكُرَاثَ فَلَا يَقْرَبَنَّ مَسْجِدَنَا ، فَإِنَّ الْمَلَائِكَةَ تَتَأَذَّى مِمَّا يَتَأَذَّى مِنْهُ بَنُو آدَمَ ) ( مسلم )

'ആരെങ്കിലും ഉള്ളിയോ വെള്ളുള്ളിയോ ദുർഗന്ധമുളവാക്കുന്ന മറ്റു വല്ലതുമോ തിന്നാൽ അവൻ നമ്മുടെ പള്ളിയോട് സമീപിക്കരുത്,കാരണം മനുഷ്യന് വിഷമമുണ്ടാവുന്ന കാര്യങ്ങൾ കൊണ്ട് മലക്കുകൾക്കും വിഷമം അനുഭവപ്പെടും' (മുസ്‌ലിം).

പുകവലി മൂലവും, ശരീരത്തിൽ നിന്നും വസ്ത്രത്തിൽ നിന്നും പുറപ്പെടുന്ന വിയർപ്പിന്റെയും മറ്റും ദുർഗന്ധവും ഇതേ ഗണത്തിൽ ഉൾപ്പെടുന്നു.

**7) ബാങ്കിന് ശേഷം പള്ളിയിൽ നിന്നും പോവരുത്:**

ബാങ്ക് വിളിച്ചശേഷം നമസ്കാരം കഴിഞ്ഞല്ലാതെ പള്ളിയിൽ നിന്നും പുറപ്പെട്ടുപോകാൻ പാടില്ല.നബി(ﷺ) പറഞ്ഞു:'മുഅദ്ദിൻ ബാങ്ക് വിളിച്ചുകഴിഞ്ഞാൽ നമസ്കരിച്ചല്ലാതെ ആരും പുറ പ്പെട്ടുപോവരുത്' (ബൈഹഖി).

**8) നമസ്കരിക്കുന്നവന്റെ മുമ്പിലൂടെ നടക്കരുത്:**

നമസ്കരിക്കുന്നവന്ന് മുമ്പിലൂടെ നടക്കാൻ പാടില്ല. നമസ്കരിക്കുന്നവൻ തനിക്ക് മുമ്പിൽ ഒരു മറ സ്വീകരിക്കുന്നത് സുന്നത്താണ്. നബി(ﷺ) പറഞ്ഞു: 'നമസ്കരിക്കുന്നവന്ന് മുമ്പിലൂടെ നടക്കുന്നവൻ തനിക്കുള്ള ശിക്ഷയെന്താണെന്ന് അറിഞ്ഞിരുന്നുവെങ്കിൽ (അവനപ്രകാരം ചെയ്യുമായിരുന്നില്ല). നാൽപ്പത്(വർഷം കാത്ത്)നിൽക്കലായിരുന്നു മുമ്പിലൂടെ നടക്കുന്നതിനെക്കാൾ അവന് നല്ലത്' (ബുഖാരി, മുസ്‌ലിം).

**9) പള്ളികളെ വഴികളാക്കരുത്:**

നബി(ﷺ) പറയുന്നു: 'പള്ളികളെ നിങ്ങൾ വഴികളാക്കരുത്, ദി ക്റിനോ നമസ്കാരത്തിനോ വേണ്ടിയുള്ളതല്ലാതെ' (ത്വബ്റാനി).

**10) പള്ളിയിൽ ശബ്ദമുയർത്തരുത്:**

പള്ളിയിൽ ശബ്ദമുയർത്താനോ നമസ്കരിക്കുന്നവർക്ക് ശ ല്യമുണ്ടാക്കാനോ പാടില്ല. മൊബൈൽ ഫോൺ തുറന്നുവെച്ച് നമസ് കാരത്തിൽ പ്രവേശിക്കുന്നത് ശല്യപ്പെടുത്തലിൽപ്പെടുന്നു.

**11) സ്ത്രീ സുഗന്ധം പൂശി പുറപ്പെടൽ:**

പള്ളിയിലേക്ക് പുറപ്പെടുന്ന സ്ത്രീകൾ സുഗന്ധം പൂശാനോ അലങ്കാരം പ്രദർശിപ്പിക്കാനോ പാടുള്ളതല്ല. നബി(ﷺ) പറഞ്ഞു: 'വല്ല സ്ത്രീയും പള്ളിയിൽ വരാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവൾ സുഗ ന്ധം പൂശരുത്' (മുസ്ലിം).

**12) വലിയ അശുദ്ധിയുള്ളവർക്ക് പള്ളി പാടില്ല:**

ജനാബത്തുകാർക്കും ആർത്തവ-പ്രസവരക്തമുള്ളവർക്കും പള്ളിയിൽ തങ്ങാൻ പാടില്ല. അല്ലാഹു പറയുന്നു: 'ജനാബത്തുകാരാ യിരിക്കുമ്പോൾ നിങ്ങൾ കുളിക്കുന്നത് വരെ (നമസ്കാരത്തെ സമീ പിക്കുകയും). നിങ്ങൾ വഴി നടന്നുപോകുന്നവരായി ക്കൊണ്ടല്ലാതെ' (പള്ളിയിൽ താമസിക്കുകയും അരുത്) (4: 43).

ആയിശ(رضي الله عنها)യിൽ നിന്നും നിവേദനം, നബി(ﷺ) അവരോട് പറ ഞ്ഞു:'പള്ളിയിൽ നിന്നും എനിക്ക് ആ വിരി കൊണ്ടുവന്നു തരൂ. അ വർ പറഞ്ഞു: 'ഞാൻ ആർത്തവകാരിയാണ്'. അപ്പോൾ നബി(ﷺ) പറ ഞ്ഞു: 'ആർത്തവം നിന്റെ കയ്യിലല്ലല്ലോ' (മുസ്ലിം).

**************

## آداب تلاوة القرآن

## ഖുർആൻ പാരായണ മര്യാദകൾ

**1) ഖുർആൻ പാരായണം ചെയ്യുന്നവന്ന് വുദുവുണ്ടായിരിക്കുക, വസ്ത്രവും ശരീരവും ഖുർആൻ ഓതാൻ ഇരിക്കുന്ന സ്ഥലവും വൃത്തിയുള്ളതായിരിക്കുക.**

**2) ശാന്തമായ സ്ഥലവും യോജിച്ച സമയവും തെരഞ്ഞെടുക്കുക. അതാണ് തന്റെ മനസ്സും ഹൃദയത്തിന്റെ തെളിമയും യോജിച്ചു വരാൻ ഉത്തമം.**

**3) ശപിക്കപ്പെട്ടവനായ പിശാചിൽ നിന്നും ശരണം തേടിക്കൊണ്ടും, സൂറത്തുത്തൗബയൊഴികെ മറ്റു സൂറത്തുകളുടെയെല്ലാം ആദ്യത്തിൽ അല്ലാഹുവിന്റെ നാമത്തിലും പാരായണം ആരംഭിക്കുക. (അഊദു ബില്ലാഹി മിനശ്ശൈത്വാനിർറജീം എന്നും, ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്നും ചൊല്ലുക എന്നർത്ഥം, എന്നാൽ സൂറത്തുത്തൗബക്ക് ബിസ്മി ചൊല്ലേണ്ടതില്ല).**

അല്ലാഹു പറയുന്നു:

( فَإِذَا قَرَأْتَ الْقُرْآنَ فَاسْتَعِذْ بِاللَّهِ مِنَ الشَّيْطَانِ الرَّجِيمِ ) ( النحل : ٩٨ )

'നീ ഖുർആൻ പാരായണം ചെയ്യുകയാണെങ്കിൽ ശപിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവോട് ശരണം തേടിക്കൊള്ളുക' (നഹ്ൽ: 98).

**4) തജ്‌വീദിന്റെ നിയമങ്ങൾ പാലിക്കുക.**

അക്ഷരങ്ങൾ അതിന്റെ ഉൽഭവസ്ഥാനത്തുനിന്നും പുറപ്പെടുവിക്കുകയും സാവകാശം ഓതുകയും ചെയ്യുക.അല്ലാഹു പറയുന്നു:

( وَرَتِّلِ الْقُرْآنَ تَرْتِيلًا ) ( المزمل : ٤ )

'നീ ഖുർആൻ സാവധാനത്തിൽ പാരായണം നടത്തുകയും ചെയ്യുക' (മുസ്സമ്മിൽ: 4).

**5) നീട്ടി പാരായണം ചെയ്യുക,പാരായണം ചെയ്യുമ്പോൾ ശബ്ദം നന്നാക്കുക.**

അനസ്(ﷺ) ചോദിക്കപ്പെട്ടു: 'എങ്ങനെയായിരുന്നു നബി(ﷺ)യുടെ ഖുർആൻ പാരായണം?' അദ്ദേഹം പറഞ്ഞു: 'നീട്ടിക്കൊണ്ടായിരുന്നു നബി(ﷺ) പാരായണം ചെയ്തിരുന്നത്. പിന്നീട് 'ബിസ്മില്ലാഹിർറഹ്മാനിർറഹീം' എന്നതിലെ ഓരോ പദവും നീട്ടിക്കൊണ്ട് അദ്ദേഹം ഓതി' (ബുഖാരി). നബി(ﷺ) പറഞ്ഞു: 'നിങ്ങൾ ഖുർആൻ പാരായണം ചെയ്യുമ്പോൾ ശബ്ദം ഭംഗിയാക്കുക' (അബൂദാവൂദ്).

**6) ഖുർആനിന്റെ അർത്ഥം ഉറ്റാലോചിച്ചുകൊണ്ടും, അതിന്റെ വചനങ്ങളോട് ക്രിയാത്മകത പുലർത്തിക്കൊണ്ടും, സ്വർഗ്ഗത്തെ പരാമർശിക്കുന്ന വചനങ്ങൾ എത്തുമ്പോൾ അല്ലാഹുവോട് സ്വർഗ്ഗം ചോദിച്ചുകൊണ്ടും, നരകത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ അതിൽ നിന്ന് രക്ഷതേടിക്കൊണ്ടും പാരായണം ചെയ്യുക.**

അല്ലാഹു പറയുന്നു: 'നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗ്രഹീതമായ ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചുനോക്കുന്നതിനും ബുദ്ധിമാന്മാർ ഉൽബുദ്ധരാകേണ്ടതിനും വേണ്ടി' (സ്വാദ്: 29).

ഹുദൈഫ(ﷺ)വിൽ നിന്നും ഉദ്ദരിക്കപ്പെടുന്ന ഹദീസിൽ കാണാം, അദ്ദേഹം പറയുന്നു: 'നബി(ﷺ) തസ്ബീഹിന്റെ ഒരു വചനത്തിലൂടെ കടന്നുപോയാൽ തസ്ബീഹ് ചൊല്ലും. ചോദ്യ വചനത്തിലൂടെ കടന്നു പോവുമ്പോൾ ചോദിക്കും. രക്ഷ തേടാനാവശ്യപ്പെടുന്ന വചനത്തിലൂടെ കടന്നുപോവുമ്പോൾ രക്ഷ തേടും' (മുസ്ലിം).

**7) ഖുർആൻ ശ്രദ്ധിച്ച് കേൾക്കുകയും മൗനം പാലിക്കുകയും ചെയ്യുക.**

അല്ലാഹു പറയുന്നു:

( وَإِذَا قُرِئَ الْقُرْآنُ فَاسْتَمِعُواْ لَهُ وَأَنصِتُواْ لَعَلَّكُمْ تُرْحَمُونَ ) ( ٧ : ٢٠٤ )

'ഖുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങൾ അത് ശ്രദ്ധിച്ച് കേൾക്കുകയും മൗനം പാലിക്കുകയും ചെയ്യുക, നിങ്ങൾ കരുണ ചെയ്യപ്പെട്ടേക്കാം' (അഅ്റാഫ്: 204).

**8) ഖുർആനുമായി കരാറിലാവുകയും അത് പതിവായി പാരായണം ചെയ്യുകയും മറന്നുപോവാതിരിക്കാനായി പാഠം നോക്കുകയും വേണം.**

നബി(ﷺ) പറഞ്ഞു: 'നിങ്ങൾ ഖുർആനുമായി കരാറിലാവുക. അല്ലാഹുവാണ് സത്യം,ഒട്ടകം കെട്ടിൽ നിന്നും കുതറി ചാടുന്നതിനെക്കാൾ വേഗത്തിൽ അത് നിന്നിൽ നിന്നും കുതറിമാറുന്നതാണ്' (ബുഖാരി).

**9) ശുദ്ധിയുള്ളവനല്ലാതെ ഖുർആൻ തൊടരുത്.**

അല്ലാഹു പറയുന്നു: 'പരിശുദ്ധി നൽകപ്പെട്ടവരല്ലാതെ അതിനെ തൊടുകയില്ല' (വാഖിഅ: 79).

**10) പണ്ഡിതരുടെ രണ്ടിൽ ഏറ്റവും ശരിയായ വീക്ഷണത്തിൽ,ആർത്തവകാരിക്കും പ്രസവിച്ചവൾക്കും ഖുർആൻ സ്പർശിക്കാതെ പാരായണം ചെയ്യാവുന്നതാണ്.**

കാരണം നബി(ﷺ)യിൽ നിന്ന് അത് വിരോധിക്കപ്പെട്ടുകൊണ്ടുള്ള വചനങ്ങളൊന്നും വന്നിട്ടില്ല.

**11) ആളുകളെ കാണിക്കൽ പോലെയുള്ള കുഴപ്പം ഉണ്ടാവുകയില്ലെങ്കിൽ, അപ്രകാരം തന്നെ നമസ്കരിക്കുന്നവരെയോ ഖുർആൻ പാരായണം ചെയ്യുന്ന മറ്റു ആളുകളെയോ ബുദ്ധി മുട്ടിക്കലാവുകയില്ലെങ്കിൽ ഖുർആൻ ഉറക്കെ ഓതുന്നത് ഉത്തമമാണ്.**

**12) കഠിനമായി ഉറക്കം വരുന്ന അവസരത്തിൽ ഖുർആൻ പാരായണം ചെയ്യാതിരിക്കലാണ് സുന്നത്ത്.**

നബി(ﷺ) പറയുന്നു: 'നിങ്ങളാരെങ്കിലും രാത്രിയിൽ നിന്ന് നമസ്കരിക്കവെ (ഉറക്കം ബാധിച്ച്) ഖുർആൻ പാരായണത്തിന് നാവിൽ പിഴപറ്റുകയും താൻ എന്താണ് പറയുന്നതെന്ന് തനിക്ക് മനസ്സിലാവാതെ വരികയും ചെയ്താൽ അവൻ (അത്യാവശ്യമായത്) കിടന്നുറങ്ങിക്കൊള്ളട്ടെ' (മുസ്ലിം).

**************

# آداب الدعاء

## <u>പ്രാർത്ഥനാ മര്യാദകൾ</u>

**1) ഹംദും സ്വലാത്തും ചൊല്ലൽ:**

പ്രാർത്ഥനക്ക് മുമ്പായി അല്ലാഹുവിനെ സ്തുതിക്കുകയും നബി(ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുകയും വേണം. ഒരാൾ തന്റെ നമസ്കാര വേളയിൽ പ്രാർത്ഥിക്കുന്നത് നബി(ﷺ) കേട്ടു. അയാൾ അല്ലാഹുവെ സ്തുതിക്കുകയോ നബി(ﷺ)യുടെ പേരിൽ സ്വലാത്ത് ചെയ്യുകയോ ചെയ്തില്ല. അപ്പോൾ നബി(ﷺ) അയാളോട് പറഞ്ഞു: 'നമസ്കാരക്കാരാ നിങ്ങൾ ധൃതികാണിച്ചു. താങ്കൾ നമസ്കരിച്ചാൽ, ശേഷം(പ്രാർത്ഥനക്കായി) ഇരിക്കുകയും ചെയ്താൽ അല്ലാഹുവിന്ന് അർഹമായ രൂപത്തിൽ അവനെ സ്തുതിക്കുക. പിന്നീട് എന്റെ മേൽ സ്വലാത്ത് ചൊല്ലുക.ശേഷം അവനോട് പ്രാർത്ഥിക്കുകയും ചെയ്യുക' (തുർമുദി).

**2) ഏറ്റുപറഞ്ഞു പ്രാർത്ഥിക്കൽ:**

തന്റെ പാപം ഏറ്റുപറയുകയും, തന്റെ കുറവുകൾ സമ്മതിക്കുകയും വിനയത്തോടും ഭയഭക്തിയോടും, അവന്റെ കാരുണ്യത്തിലുള്ള പ്രതീക്ഷയോടെയും ശിക്ഷയെ ഭയന്നുകൊണ്ടും പ്രാർത്ഥിക്കു

ക.പ്രവാചകന്മാരുടെ പ്രാർത്ഥനയെ വിശേഷിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

(إِنَّهُمْ كَانُوا يُسَارِعُونَ فِي الْخَيْرَاتِ وَيَدْعُونَنَا رَغَبًا وَرَهَبًا وَكَانُوا لَنَا خَاشِعِينَ) (الأنبياء : ٩٠)

'തീർച്ചയായും അവർ(പ്രവാചകന്മാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ചുകൊണ്ടും പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു' (അമ്പിയാഅ്: 90).

**3) വുദുവുണ്ടായിരിക്കൽ:**

ദുആയുടെ വേളയിൽ വുദുവുണ്ടായിരിക്കുന്നതും ഖിബ്ലക്ക് അഭിമുഖമായിരിക്കുന്നതും കൈ ഉയർത്തുന്നതും ഉത്തമമാണ്. അബൂമൂസൽ അശ്അരി(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി(ﷺ) ഹുനൈനിൽ നിന്നും വിരമിച്ചപ്പോൾ വെള്ളം കൊണ്ടുവരാൻ അദ്ദേഹം ആവശ്യപ്പെട്ടു. പിന്നീട് ഇരുകൈകളും ഉയർത്തി പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ ഇരു കക്ഷത്തിലെയും വെളുപ്പ് ഞാൻ കാണുകയുണ്ടായി' (ബുഖാരി, മുസ്ലിം).

**4) അലട്ടിക്കൊണ്ട് പ്രാർത്ഥിക്കൽ:**

തന്റെ ആവശ്യത്തിൽ ഊന്നിനിന്ന് ആവർത്തിച്ചാവശ്യപ്പെട്ടുകൊണ്ട് ചോദിക്കലാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. തനിക്ക് ഉത്തരം ലഭിക്കണമെന്ന ഉറച്ച നിലപാടോടു കൂടിയായിരിക്കണം പ്രാർത്ഥിക്കുന്നത്. നബി(ﷺ) പറയുന്നു: 'നിങ്ങൾ അല്ലാഹുവോട് പ്രാർത്ഥിക്കുമ്പോൾ (തീർച്ചയായും തനിക്ക് ലഭിക്കണമെന്ന) ഉറച്ച നിലപാടു കൂടി പ്രാർത്ഥിക്കുക. 'നീ ഉദ്ദേശിക്കുന്നുവെങ്കിൽ എനിക്ക് തരേണമേ' എന്ന് നിങ്ങളാരും തന്നെ പറയരുത്. കാരണം, തീർച്ചയായും അല്ലാഹുവിനെ അത് നിർബന്ധം ചെലുത്തലാവുകയില്ല.' മറ്റൊരു റിപ്പോർട്ടിൽ 'അവൻ തന്റെ ആവശ്യത്തിൽ ഉറച്ച നിലപാടു സ്വീകരിക്കട്ടെ, തന്റെ പ്രതീക്ഷ വർദ്ധിപ്പിക്കുകയും ചെയ്യട്ടെ, കാരണം താൻ

നൽകിയതൊന്നും തന്നെ അല്ലാഹുവിന് മഹത്തരമായി തോന്നുകയില്ല' (ബുഖാരി, മുസ്‌ലിം).

**5) സ്വന്തത്തിനെതിരിൽ പ്രാർത്ഥിക്കരുത്:**

തനിക്കും തന്റെ സന്താനങ്ങൾക്കും തന്റെ സമ്പത്തിനുമെതിരിൽ പ്രാർത്ഥിക്കാൻ പാടില്ല. നബി(ﷺ) പറഞ്ഞു:

( لاَ تَدْعُوا عَلَى أَنْفُسِكُمْ ، وَلاَ تَدْعُوا عَلَى أَوْلاَدِكُمْ ، وَلاَ تَدْعُوا عَلَى أَمْوَالِكُمْ ، لاَ تُوَافِقُوا مِنَ اللهِ سَاعَةً يَسْأَلُ فِيهَا عَطَاءً فَيَسْتَجِيبَ لَكُمْ )

'നിങ്ങൾ നിങ്ങൾക്കെതിരിലും, നിങ്ങളുടെ സന്താനങ്ങൾക്കെതിരിലും, നിങ്ങളുടെ സമ്പത്തിനെതിരിലും പ്രാർത്ഥിക്കരുത്. ചോദിക്കപ്പെടുന്നതെന്തും അല്ലാഹു നൽകുന്ന സമയവുമായി (ഇത്തരം പ്രാർത്ഥനകൾ) ഒത്തുവരാതിരിക്കട്ടെ' (മുസ്‌ലിം).

**6) ശബ്ദം താഴ്ത്തുക:**

പ്രാർത്ഥിക്കുമ്പോൾ ശബ്ദം താഴ്ത്തി സ്വകാര്യമാക്കുന്നത് ഉത്തമമാണ്. നബി(ﷺ) പറഞ്ഞു: 'ജനങ്ങളേ, നിങ്ങൾ ആത്മനിയന്ത്രണം പാലിക്കുക.നിങ്ങൾ പ്രാർത്ഥിക്കുന്നത് ബധിരനോടോ അസന്നിഹിതനോടോ അല്ല. നിങ്ങൾ പ്രാർത്ഥിക്കുന്നത് കേൾക്കുന്നവനും സമീപസ്ഥനുമായവനോടാണ്, അവൻ നിങ്ങളുടെ കൂടെയുണ്ട്' (ബുഖാരി).

**7) മനസ്സാന്നിധ്യമുണ്ടായിരിക്കുക:**

പ്രാർത്ഥിക്കുമ്പോൾ മനസ്സാന്നിധ്യം അനിവാര്യമാണ്. നബി (ﷺ) പറഞ്ഞു:

( أُدْعُوا اللهَ وَأَنْتُمْ مُوقِنُونَ بِالْإِجَابَةِ ، وَاعْلَمُوا أَنَّ اللهَ لاَ يَسْتَجِيبُ دُعَاءً مِنْ قَلْبٍ غَافِلٍ لاَهٍ )

'ഉത്തരം ലഭിക്കുമെന്ന ഉറച്ച വിശ്വാസത്തോടെ നിങ്ങൾ അല്ലാഹു വോട് പ്രാർത്ഥിക്കുക. അശ്രദ്ധവും വിനോദിതവുമായ ഹൃദയത്തിൽ നിന്നുള്ള പ്രാർത്ഥന അല്ലാഹു സ്വീകരിക്കുകയില്ല.'

**8) ഗദ്യകവിതയിൽ പ്രാർത്ഥിക്കരുത്:**

പ്രാസമൊപ്പിച്ച് ഗദ്യകവിതയിലായിക്കൊണ്ട് പ്രാർത്ഥിക്കാൻ പാടില്ല. ഇബ്നു അബ്ബാസ്(ﷺ) ഇക്രിമയോട് പറഞ്ഞു: 'ഗദ്യകവിതയിലുള്ള പ്രാർത്ഥന നീ സൂക്ഷിക്കുക, അത് ഒഴിവാക്കുക. കാരണം ഞാൻ നബി(ﷺ)യോടും സ്വഹാബത്തിനോടുമൊപ്പം സഹവസിച്ചിട്ടുണ്ട്, അവരാരും അപ്രകാരം ചെയ്യാറുണ്ടായിരുന്നില്ല' (ബുഖാരി).

**************

## آداب الطعام والشراب

## അന്നപാന മര്യാദകൾ

**1) ഹലാലായ ഭക്ഷണം തേടുക:**

അല്ലാഹു പറയുന്നു:'സത്യവിശ്വാസികളേ, നിങ്ങൾക്ക് നാം നൽകിയ വസ്തുക്കളിൽ നിന്ന് വിശിഷ്ടമായത് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക' (ബഖറ: 172). അനുവദനീയമായതാണ് വിശിഷ്ടം.

**2) ആരാധനകൾക്ക് ശക്തി കാംക്ഷിക്കുക:**

അന്ന പാനീയങ്ങൾ കൊണ്ട് അല്ലാഹുവിന്നുള്ള ആരാധനകൾക്ക് ശക്തിയാർജ്ജിക്കാൻ താങ്കൾ കാംക്ഷിക്കുക.എങ്കിൽ അതു മുഖേന ആ അന്നപാനീയങ്ങൾ കഴിക്കുന്നതിന് താങ്കൾക്ക് പ്രതിഫലം നൽകപ്പെടും.

**3) കഴിക്കുന്നതിന് മുമ്പ് കൈ കഴുകുക:**

കൈയിൽ വല്ല അഴുക്കും ഉണ്ടെങ്കിൽ നിർബന്ധമായും കഴുകണം. ഭക്ഷണം കഴിച്ചുകഴിഞ്ഞാലും കൈ കഴുകണം. അല്ലെങ്കിൽ ഭക്ഷണാവശിഷ്ടങ്ങളിൽ അഴുക്കുപിടിക്കാനിടയുണ്ട്.

**4) ഉള്ളതിൽ തൃപ്തിപ്പെടുക:**

താങ്കൾക്ക് ലഭിച്ച ഭക്ഷണത്തിൽ തൃപ്തിപ്പെടുകയാണ് വേണ്ടത്. അതിനെ ആക്ഷേപിക്കരുത്. അബൂഹുറൈറ(ﷺ)വിൽ നിന്നും ഉദ്ദരിക്കപ്പെടുന്ന ഹദീസിൽ കാണാം, അദ്ദേഹം പറയുന്നു: 'നബി(ﷺ) ഒരു ഭക്ഷണത്തെയും തീരെ ആക്ഷേപിച്ചു സംസാരിച്ചിട്ടില്ല. തനിക്ക് തൃപ്തിയായെങ്കിൽ കഴിക്കും,ഇല്ലെങ്കിൽ ഉപേക്ഷിക്കുകയും ചെയ്യും' (ബുഖാരി, മുസ്ലിം).

**5) ചമ്രം പടിഞ്ഞിരിക്കരുത്:**

ചമ്രം പടിഞ്ഞിരുന്ന് ഭക്ഷിക്കുന്നത് നബി(ﷺ)ക്ക് ഇഷ്ടമില്ലായിരുന്നു. അദ്ദേഹം പറഞ്ഞു: 'ഞാൻ ചമ്രം പടിഞ്ഞിരുന്ന് ഭക്ഷിക്കുകയില്ല' (ബുഖാരി).

ഇബ്നുഉമർ(ﷺ)വിൽ നിന്ന് നിവേദനം, അദ്ദേഹം പറയുന്നു: 'രണ്ട് ഭക്ഷണങ്ങളെ നബി(ﷺ) നിരോധിച്ചിരിക്കുന്നു.മദ്യപാനം നടത്തപ്പെടുന്ന വേദിയിലെ ഭക്ഷണം, കമിഴ്ന്നുകിടന്നുകൊണ്ട് കഴിക്കുന്ന ഭക്ഷണം എന്നിവയാണവ' (അബൂദാവൂദ്).

**6) സ്വർണ്ണം, വെള്ളി പാത്രങ്ങൾ ഉപയോഗിക്കരുത്:**

ഹുദൈഫ(ﷺ)വിൽ നിന്നും നിവേദനം,നബി(ﷺ) പറഞ്ഞു: 'സ്വർണ്ണത്തിന്റെയും വെള്ളിയുടെയും പാത്രങ്ങളിൽ നിങ്ങൾ കുടിക്കരുത്, അവയുടെ തളികകളിൽ നിങ്ങൾ ഭക്ഷിക്കുകയും അരുത്. അത് ഐഹിക ലോകത്ത് അവർക്ക് (അവിശ്വാസികൾക്ക്) ഉള്ളതാണ്. നമുക്ക് പരലോകത്തും' (ബുഖാരി, മുസ്ലിം).

**7) ബിസ്മി ചൊല്ലുക:**

ഭക്ഷണം കഴിക്കാൻ തുടങ്ങുമ്പോൾ ബിസ്മി ചൊല്ലുകയും കഴിച്ച് കഴിഞ്ഞാൽ അല്ലാഹുവെ സ്തുതിക്കുകയും ചെയ്യേണ്ടതാണ്. നബി(ﷺ) പറഞ്ഞു:'നിങ്ങൾ ഭക്ഷിക്കുകയാണെങ്കിൽ അല്ലാഹുവെ സ്മരിക്കുക. തുടക്കത്തിൽ അല്ലാഹുവെ സ്മരിക്കാൻ ആരെങ്കിലും മറന്നുപോയാൽ അവൻ ( بِسْمِ اللهِ أَوَّلَهُ وَآخِرَهُ ) (ബിസ്മില്ലാഹി അവ്വലഹു വ ആഖിറഹു) 'ആദ്യവും അവസാനവും അല്ലാഹുവിന്റെ നാമത്തിൽ' എന്ന് പറയട്ടെ' (ഹദീസ്).

അല്ലാഹുവെ സ്തുതിച്ചു കൊണ്ട് അവസാനിപ്പിക്കണമെന്ന വിഷയത്തിൽ നബി(ﷺ) പറയുകയുണ്ടായി:'താൻ ഭക്ഷിച്ചതിനും കുടിച്ചതിനും ഒരു അടിമ അല്ലാഹുവെ സ്തുതിക്കുന്നേടത്തോളം ആ അടിമയെ അല്ലാഹു തൃപ്തിപ്പെടുന്നതാണ്' (മുസ്ലിം).

**8) വലതു കൈകൊണ്ട് തിന്നുക:**

വലതുകൈ കൊണ്ടാണ് തിന്നുകയും കുടിക്കുകയും ചെയ്യേണ്ടത്. തന്റെ മുമ്പിൽ നിന്നേ കഴിക്കാവൂ. ഉമറുബ്നു സലമ(ﷺ)വിൽ നിന്നും നിവേദനം, നബി(ﷺ) പറഞ്ഞു: 'മോനേ, ബിസ്മി ചൊല്ലുക, നിന്റെ വലതുകൈ കൊണ്ട് തിന്നുക, നിന്റെ മുമ്പിൽ നിന്ന് കഴിക്കുക' (ബുഖാരി, മുസ്ലിം).

**9) മൂന്ന് വിരൽ കൊണ്ട് കഴിക്കുക:**

മൂന്ന് വിരൽ മാത്രം ഉപയോഗിച്ച് കഴിക്കുന്നതും, കഴിച്ച് കഴിഞ്ഞാൽ വിരലുകൾ ഇറുഞ്ചി വൃത്തിയാക്കുന്നതും ഉത്തമമാണ്. കഅ്ബുബ്നു മാലിക് തന്റെ പിതാവിൽ നിന്നും ഉദ്ദരിക്കുന്നു, അദ്ദേഹം പറഞ്ഞു: 'നബി(ﷺ) തന്റെ മൂന്ന് വിരലുകൾ കൊണ്ടാണ് ഭക്ഷണം കഴിക്കാറുള്ളത്. കൈ തുടക്കുന്നതിന് മുമ്പ് തന്റെ വിരലുകൾ അദ്ദേഹം ഇറുഞ്ചുകയും ചെയ്യും' (മുസ്ലിം).

**10) താഴെ വീണത് എടുത്ത് കഴിക്കൽ:**

ഭക്ഷിക്കുന്നതിനിടെ താഴെ വീണ ഉരുള എടുത്ത് അതിലെ വൃത്തികേട് നീക്കം ചെയ്ത് കഴിക്കേണ്ടതാണ്. നബി(ﷺ) പറയുന്നു: ‘നിങ്ങളുടെ ഉരുള ഭക്ഷിക്കുന്നതിനിടെ താഴെ വീണാൽ അത് എടുത്ത് അതിലെ വൃത്തികേടുകൾ നീക്കം ചെയ്യുകയും അത് നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുക. പിശാചിനായി നിങ്ങളത് ഉപേക്ഷിക്കരുത്’ (മുസ്‌ലിം).

**11) ഭക്ഷണത്തിൽ ഊതരുത്, ശ്വാസം വിടരുത്:**

ചൂടുള്ള ഭക്ഷണത്തിൽ ഊതുകയോ കുടിക്കുന്ന പാനീയത്തിൽ നിശ്വസിക്കുകയോ ചെയ്യാൻ പാടില്ല. ഇബ്നു അബ്ബാസ്(رضي الله عنه) പറയുന്നു:‘പാത്രത്തിൽ ഊതുന്നതും അതിൽ ശ്വാസം വിടുന്നതും നബി(ﷺ) വിരോധിച്ചിരിക്കുന്നു’ (തുർമുദി).

**12) മിതഭോജനം:**

അന്നപാനീയങ്ങളിൽ മിതത്വം പാലിക്കേണ്ടതാണ്.നബി(ﷺ) പറയുന്നു: ‘തന്റെ വയറിനെക്കാൾ മോശമായ മറ്റൊരു ഭാണ്ഡവും മനുഷ്യന് നിറക്കാനില്ല. മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ മുതുക് നിവർത്താൻ ഉരുളകൾ മാത്രം മതി. അത് മതിയാവുകയില്ലെങ്കിൽ (അവന്റെ വയറിന്റെ) മൂന്നിലൊന്ന് അവന്ന് ഭക്ഷണത്തിനും മൂന്നിലൊന്ന് പാനീയത്തിനും മൂന്നിലൊന്ന് വായുവിനുമായി കണക്കാക്കട്ടെ’ (അഹ്മദ്).

**13) മറ്റുള്ളവരുടെ മുഖത്തുനോക്കരുത്:**

ഭക്ഷണം കഴിക്കുന്നതിനിടെ മറ്റുള്ളവരുടെ മുഖത്തു നോക്കിയിരിക്കരുത്.കാരണം അതവർക്ക് ബുദ്ധിമുട്ടും വിഷമവുമുണ്ടാക്കും.

**14) താങ്കൾ ആരംഭിക്കരുത്:**

താങ്കളെക്കാൾ പ്രായക്കൂടുതലുള്ളതോ ശ്രേഷ്ഠനോ ആയ വ്യക്തി സദസ്സിലുണ്ടായിരിക്കെ താങ്കൾ ഭക്ഷിക്കാൻ ആരംഭം കുറിക്കരുത്. അത് മര്യാദ കേടാണ്.

**15) മോശമായത് ചെയ്യരുത്:**

ഭക്ഷണം കഴിക്കുന്നതിനിടയിൽ പാത്രത്തിലേക്ക് കൈ കുടയുക, ഭക്ഷണം കഴിക്കുന്ന കൈ കൊണ്ട് തലയിൽ ചൊറിയുക, വൃത്തികെട്ട വസ്തുക്കളെ കുറിക്കുന്ന പദപ്രയോഗങ്ങൾ നടത്തുക പോലെ ആളുകൾ മോശമായി ഗണിക്കുന്ന കാര്യങ്ങളൊന്നും ചെയ്യരുത്.

**16) വെള്ളപ്പാത്രത്തിന്റെ വായിൽ നിന്ന് കുടിക്കരുത്:**

പലർക്കും കുടിക്കുവാനുള്ള വെള്ളപ്പാത്രമാണെങ്കിൽ അതിന്റെ വെള്ളം ഒഴിക്കുന്ന വായിൽ വായ വെച്ച് കുടിക്കുവാൻ പാടില്ല. ഇബ്നു അബ്ബാസ്(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'വെള്ളപ്പാത്രത്തിന്റെ വായിൽ വായ വെച്ച് കുടിക്കുന്നതിനെ നബി (ﷺ) വിരോധിച്ചിരിക്കുന്നു' (ബുഖാരി).

**17) ഇരുന്നു കുടിക്കൽ ഉത്തമമാണ്:**

എന്തെങ്കിലും പ്രതിബന്ധമുണ്ടെങ്കിലൊഴികെ ഇരുന്നു കുടിക്കൽ ഉത്തമമാണ്. അനസ്(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നിന്നു കുടിക്കുന്നതിനെ നബി(ﷺ) വിരോധിച്ചിരിക്കുന്നു' (മുസ്ലിം).

**************

## آداب الضيافة

## ആഥിത്യ മര്യാദകൾ

## ആഥിതേയന്റെ ബാധ്യതകൾ:

**1) നല്ലവരെ മാത്രം ക്ഷണിക്കുക:**

സൂക്ഷ്മത പാലിക്കുന്നവരെ മാത്രമേ അഥിതിയാക്കാവൂ, ദുർ മ്മാർഗ്ഗികൾക്ക് ആഥിതേയത്വം നൽകാൻ പാടില്ല. നബി(ﷺ)പറയുന്നു: 'വിശ്വാസിയുമായല്ലാതെ നീ കൂട്ടുകൂടരുത്, സൂക്ഷ്മത പാലിക്കുന്ന വരല്ലാതെ നിന്റെ ഭക്ഷണം കഴിക്കുകയുമരുത്.'

**2) ധനികരെ മാത്രമായി ക്ഷണിക്കരുത്:**

ദരിദ്രരെ ഒഴിവാക്കി ധനികർക്ക് മാത്രം ആഥിതേയത്വം നൽ കാൻ പാടില്ല. നബി(ﷺ) പറഞ്ഞു: 'ദരിദ്രരെ തഴഞ്ഞ് ധനികരെ മാത്രം വിളിക്കപ്പെടുന്ന സദ്യയാണ് ഏറ്റവും മോശമായ ഭക്ഷണം' (ബുഖാ രി , മുസ്‌ലിം).

**3) പേരിനും പെരുമക്കുമാവരുത്:**

പേരിനും പെരുമക്കുമാവരുത് തന്റെ സദ്യ. മറിച്ച് പ്രവാചക ചര്യയെ പിൻപറ്റുകയെന്നതും തന്റെ സഹോദരങ്ങൾക്ക് സന്തോഷം പകരുകയെന്നതുമായിരിക്കണം ഉദ്ദേശ്യം.

**4) അഥിതിക്ക് ഞെരുക്കമുണ്ടാവരുത്:**

അനസ്(رضي الله عنه)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'ഞ ങ്ങൾ ഉമർ(رضي الله عنه)വിന്റെ അടുക്കലുള്ളപ്പോൾ അദ്ദേഹം പറഞ്ഞു: 'അതി ഥിക്ക് ഞെരുക്കമുണ്ടാവുന്നതിനെത്തൊട്ട് നബി(ﷺ) ഞങ്ങളെ വിരോ ധിച്ചിരിക്കുന്നു' (ബുഖാരി).

**5) സേവനം ചെയ്യാൻ നിർബന്ധിക്കരുത്:**

താങ്കൾക്ക് സേവനംചെയ്യാൻ അതിഥിയെ നിർബന്ധിക്കരുത്. കാരണം അത് മനുഷ്യത്വരഹിതമായ പ്രവർത്തനമാണ്.

**6) മടുപ്പ് പ്രകടിപ്പിക്കരുത്:**

അതിഥി കാരണം മടുപ്പ് പ്രകടിപ്പിക്കരുത്. മറിച്ച് അതിഥിയുടെ സാന്നിദ്ധ്യത്തിൽ താങ്കൾ സന്തോഷം പ്രകടിപ്പിക്കുകയും മുഖപ്രസന്നത കാണിക്കുകയും മാന്യമായി സംസാരിക്കുകയും വേണം.

**7) ഭക്ഷണം താമസിപ്പിക്കരുത്:**

അതിഥിക്ക് ഭക്ഷണം താമസിപ്പിക്കരുത്. ഭക്ഷണം കൊടുക്കാൻ താമസിപ്പിക്കുന്നത് ആദിത്യ മര്യാദക്ക് എതിരാണ്.

**8) മുമ്പ് അവസാനിപ്പിക്കരുത്:**

അതിഥിക്ക് മുമ്പ് ഭക്ഷണം അവസാനിപ്പിക്കരുത്. ഭക്ഷണം കഴിച്ച് അതിഥി എഴുന്നേൽക്കുന്നതിന് മുമ്പായി അവസാനിപ്പിച്ച് എഴുന്നേൽക്കാൻ പാടില്ല.

**9) ഗേറ്റുവരെ അനുഗമിക്കുക:**

അതിഥി പോവുന്ന അവസരത്തിൽ ഗേറ്റുവരെ കൂടെ അനുഗമിക്കുക. ഇത് ആദിത്യത്തിന്റെ പൂർത്തീകരണവും ഉത്തമ പരിഗണനയുടെ ഭാഗവുമാണ്.

## അതിഥിയുടെ ബാധ്യതകൾ:

**1) ക്ഷണം സ്വീകരിക്കുക:**

ഒരു സദ്യയിലേക്കോ മറ്റോ ക്ഷണിക്കപ്പെട്ടാൽ ക്ഷണം സ്വീകരിക്കൽ ബാധ്യതയാണ്. സമയത്ത് തന്നെ എത്തിച്ചേരണം. കാരണമുണ്ടെങ്കിലല്ലാതെ വൈകാൻ പാടില്ല. നബി(ﷺ) പറഞ്ഞു: 'ആരെങ്കിലും വല്ല വിവാഹസദ്യയിലേക്കോ മറ്റോ ക്ഷണിക്കപ്പെട്ടാൽ അതിന് ഉത്തരം ചെയ്യട്ടെ' (മുസ്‌ലിം).

**2) വിവേചനം കാണിക്കരുത്:**

ക്ഷണിച്ചവൻ ധനികനായാലും ദരിദ്രനായാലും അതിൽ വിവേചനം കാണിക്കരുത്. ദരിദ്രനെ തഴഞ്ഞാൽ അതവനെ വേദനിപ്പിക്കാൻ ഇടയാക്കും.

**3) നോമ്പുകാരനാണെങ്കിലും ക്ഷണം സ്വീകരിക്കണം:**

നോമ്പിന്റെ പേരിൽ ക്ഷണം സ്വീകരിക്കാതിരിക്കാനോ എത്തിച്ചേരുന്നത് വൈകിപ്പിക്കാനോ പാടില്ല. ജാബിർ(﵁)വിൽ നിന്നും നിവേദനം ചെയ്യപ്പെടുന്ന ഒരു ഹദീസിൽ കാണാം, നബി(ﷺ) പറയുന്നു: 'ആരെങ്കിലും വല്ല സദ്യയിലേക്കും വിളിക്കപ്പെട്ടാൽ, അവൻ നോമ്പുകാരനാണെങ്കിൽ കൂടി ആ ക്ഷണം സ്വീകരിക്കട്ടെ. അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ ഭക്ഷിക്കട്ടെ, ഇല്ലെങ്കിൽ ഉപേക്ഷിക്കട്ടെ' (ഇബ്നു മാജ:).

**4) ആതിഥേയനോടൊപ്പം ദീർഘ സമയം കഴിക്കരുത്:**

അതിഥിയായി ചെല്ലുന്നവൻ ആഥിതേയനോടൊപ്പം അയാൾക്ക് പ്രയാസകരമാവുന്ന രൂപത്തിൽ അധിക സമയം ചിലവഴിക്കരുത്. അപ്രകാരം അപ്രതീക്ഷിതമായി ചെല്ലുകയും അരുത്.

**5) മൂന്ന് ദിവസത്തിലധികം താമസിക്കരുത്:**

കൂടുതൽ ദിവസങ്ങൾ തന്റെ അടുക്കൽ താമസിക്കാൻ ആതിഥേയൻ നിർബന്ധിച്ച് ആവശ്യപ്പെട്ടെങ്കിലല്ലാതെ മൂന്ന് ദിവസത്തിൽ കൂടുതൽ അവിടെ താമസിക്കരുത്.

**6) സന്മനസ്സോടെ തിരിച്ചുപോവുക:**

ആതിഥേയന് മന പ്രയാസമുണ്ടാവാത്ത വിധം സന്തോഷത്തോടെ തിരിച്ചുപോവുകയും തന്നിൽ നിന്ന് സംഭവിച്ച ഏത് വീഴ്ചകൾക്കും മാപ്പ് ചോദിക്കുകയും ചെയ്യുക.

**7) ഭക്ഷണശേഷം ആതിഥേയന് വേണ്ടി പ്രാർത്ഥിക്കുക:**

ഇപ്രകാരം പ്രാർത്ഥിക്കുന്നത് സുന്നത്താണ്.ഹദീസിൽ സ്ഥിരപ്പെട്ട ചില പ്രാർത്ഥനകളുടെ രൂപങ്ങൾ ഇപ്രകാരമാണ്:

(أَفْطَرَ عِنْدَكُمُ الصَّائِمُونَ ، وَأَكَلَ طَعَامُكُمُ الْأَبْرَارُ ، وَصَلَّتْ عَلَيْكُمُ الْمَلَئِكَةُ) (أبوداود
)

(അഫ്ത്വറ ഇൻദകുമുസ്സ്വാഇമൂൻ, വ അകല ത്വആമു കുമുൽ അബ്റാർ, വ സ്വല്ലത് അലൈകുമുൽ മലാഇക:). സാരം: 'നിങ്ങളുടെ അടുക്കൽ നോമ്പുകാർ നോമ്പുതുറന്നിരിക്കുന്നു, പുണ്യവാന്മാർ നിങ്ങളുടെ ഭക്ഷണം കഴിച്ചിരിക്കുന്നു, മലക്കുകൾ നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചിരിക്കുന്നു' (അബൂ ദാവൂദ്).

( اللَّهُمَّ اغْفِرْ لَهُمْ وارْحَمْهُمْ ، وَبَارِكْ لَهُمْ فِيمَا رَزَقْتَهُمْ )

(അല്ലാഹുമ്മഗ്ഫിർ ലഹും വർഹംഹും, വ ബാരിക് ലഹും ഫീമാ റസഖ്തഹും)

സാരം: 'അല്ലാഹുവേ അവർക്ക് നീ പൊറുത്ത് കൊടുക്കേണമേ, നീ അവർക്ക് നൽകിയതിൽ നീ അനുഗ്രഹം വർഷിക്കുകയും ചെയ്യേണമേ. '

( اللَّهُمَّ أَطْعِمْ مَنْ أَطْعَمَنَا وَاسْقِ مَنْ سَقَانَا )

(അല്ലാഹുമ്മ അത്ഇം മൻ അത്അമനാ, വസ്ഖി മൻ സഖാനാ)

സാരം: 'അല്ലാഹുവേ ഞങ്ങളെ ഭക്ഷിപ്പിച്ചവരെ നീ ഭക്ഷിപ്പിക്കേണമേ, ഞങ്ങളെ കുടിപ്പിച്ചവരെ നീ കുടിപ്പിക്കുകയും ചെയ്യേണമേ.'

**************

# آداب زيارة المريض

## രോഗിയെ സന്ദർശിക്കൽ

### സന്ദർശകന്റെ ബാധ്യതകൾ:

**1) ഇരുത്തം ദീർഘിപ്പിക്കരുത്:**

സന്ദർശിക്കുന്നവൻ രോഗിയുടെ അടുക്കൽ അധികസമയം ചിലവഴിക്കരുത്. കാരണം അത് രോഗിക്കും രോഗിയെ പരിരക്ഷിക്കുന്നവർക്കും പല പ്രയാസങ്ങളുമുണ്ടാക്കും. സന്ദർശനത്തിന് യോജിച്ച സമയം തിരഞ്ഞെടുക്കുകയും വേണം. രോഗിക്ക് വിഷമമുണ്ടാക്കരുത്. അയാൾക്ക് സന്തോഷം പകർന്നുകൊടുക്കുകയും അയാളുമായി ഇണങ്ങിച്ചേരുകയും വേണം.

**2) അടുത്ത് നിൽക്കുക:**

രോഗിയുടെ അടുത്ത് നിൽക്കുകയും അവസ്ഥ ചോദിച്ചറിയുകയും വേണം. നബി(ﷺ) ചോദിച്ചിരുന്നതു പോലെ 'ഇപ്പോൾ എങ്ങനെയുണ്ട്' എന്ന് ചോദിക്കണം.

**3) ശമനത്തിനായി പ്രാർത്ഥിക്കുക:**

രോഗിക്ക് ശമനത്തിനും കാരുണ്യത്തിനും രക്ഷക്കും സമാധാനത്തിനുമായി പ്രാർത്ഥിക്കണം.ഇബ്നു അബ്ബാസ്(ﷺ)വിൽ നിന്നും നിവേദനം ചെയ്യപ്പെടുന്ന ഹദീസിൽ കാണാം. സന്ദർശനത്തിനായി നബി(ﷺ) വല്ല രോഗിയുടെ അടുക്കലും പ്രവേശിച്ചാൽ അദ്ദേഹം ഇപ്രകാരം പറയുമായിരുന്നു:

( لاَ بَأْسَ طَهُورٌ إِنْ شَاءَ اللهُ ) ( بخاري )

(ലാ ബഅ്സ ത്വഹൂറുൻ ഇൻശാ അല്ലാഹ്)

സാരം: 'സാരമില്ല, അല്ലാഹു ഉദ്ദേശിച്ചാൽ (പാപങ്ങളിൽ നിന്നുള്ള) ശുദ്ധീകരണമാണിത്' (ബുഖാരി). നബി(ﷺ) ചെയ്യാറുണ്ടായിരുന്നതു പോലെ മൂന്ന് പ്രാവശ്യം പ്രാർത്ഥിക്കേണ്ടതാണ്.

**4) വലതുകൈകൊണ്ട് തടവുക:**

രോഗിയെ വലതു കൈത്തലം കൊണ്ട് തടവേണ്ടതാണ്. അപ്പോൾ ഇപ്രകാരം പ്രാർത്ഥിക്കൽ സുന്നത്താണ്:

(أَذْهِبِ الْبَأْسَ رَبَّ النَّاسِ ، اشْفِ أَنْتَ الشَّافِي ، لاَ شِفَاءَ إِلَّا شِفَائُكَ ، شِفَاءً لاَ يُغَادِرُ سَقَمًا)

(അദ്ഹിബിൽ ബഅ്സ റബ്ബന്നാസി, ഇശ്ഫി അൻത ശ്ശാഫീ, ലാ ശിഫാഅ ഇല്ലാ ശിഫാഉക, ശിഫാഅൻ ലാ യുഗാദിറു സഖമാ)

സാരം: 'ജനങ്ങളുടെ നാഥാ, നീ പ്രയാസത്തെ നീക്കിത്തരേണമേ, രോഗം സുഖപ്പെടുത്തേണമേ.. നീയാണ് രോഗം സുഖപ്പെടുത്തുന്നവൻ. നിന്റെ ശമനമല്ലാതെ ശമനമില്ല, ഒരു പ്രയാസവും അവശേഷിക്കാത്ത രൂപത്തിലുള്ള ശമനം (നിന്നിൽ നിന്നാണ്).

**5) ക്ഷമയെ ഓർമ്മിപ്പിക്കുക:**

അല്ലാഹുവിന്റെ വിധിയിൽ ക്ഷമ കൈക്കൊള്ളാൻ രോഗിയെ ഓർമ്മിപ്പിക്കേണ്ടതുണ്ട്. ശമനം വേഗമാവുമെന്നും പരീക്ഷണം എത്ര കഠിനമായാലും മരണം കൊതിക്കരുതെന്നും ഓർമ്മിപ്പിക്കണം.

**6) ശഹാദത്ത് ചൊല്ലിക്കൊടുക്കുക:**

മരണാസന്നനായ രോഗിക്ക് ശഹാദത്ത് കലിമകൾ ചൊല്ലിക്കൊടുക്കുകയും കണ്ണുകൾ അടച്ചു കൊടുക്കുകയും അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം. നബി(ﷺ) പറഞ്ഞു: 'മരണാസന്നരായവർക്ക് നിങ്ങൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ചൊല്ലിക്കൊടുക്കുക' (മുസ്‌ലിം).

## രോഗിയുടെ ബാധ്യതകൾ:

**1) പശ്ചാത്താപം:**

രോഗി പശ്ചാത്തപിക്കാൻ ശുഷ്കാന്തി കാണിക്കുകയും സൽക്കർമ്മങ്ങളിലേക്ക് മുന്നിടുകയും ചെയ്യേണ്ടതുണ്ട്.

**2) തന്റെ രക്ഷിതാവിനെക്കുറിച്ച് ശുഭാപ്തി വിശ്വാസം ഉണ്ടായിരിക്കുക.**

താൻ അല്ലാഹുവിന്റെ സൃഷ്ടികളിൽ ദുർബലനായൊരു സൃഷ്ടിയാണെന്നും, തന്നെ ശിക്ഷിക്കാൻ അവന്ന് യാതൊരു പ്രയാസ

വുമില്ലെന്നും തന്റെ അനുസരണത്തെത്തൊട്ട് അവൻ ധന്യനാണെന്നും മനസ്സിലാക്കുക.

**3) അന്യരുടെ അവകാശങ്ങൾ അവകാശികൾക്ക് കൊടുത്തു വീട്ടുകയും തന്റെ മേലുള്ള ബാധ്യതയൊഴിക്കുകയും ചെയ്യുക.**

**4) അല്ലാഹുവെ ധാരാളമായി സ്മരിക്കുകയും ഖുർആൻ പാരായണവും പാപമോചനവും അധികരിപ്പിക്കുകയും ചെയ്യുക.**

**5) തന്നെ ബാധിച്ച രോഗത്തിന്ന് അല്ലാഹുവിങ്കൽ പ്രതിഫലം കാംക്ഷിക്കുക.**

കാരണം അതിന്നവന് പ്രതിഫലം ലഭിക്കുമെന്ന് നബി(ﷺ) അരുളിയിരിക്കുന്നു. അദ്ദേഹം പറയുന്നു: 'ഒരു വിശ്വാസിയെ ബാധിക്കുന്ന മനപ്രയാസവും ദുഃഖവും വേദനയും ക്ലേശവുമെല്ലാം– എത്രത്തോളമെന്നാൽ കാലിൽ മുള്ളുതറക്കുന്നതിന്റെ വേദനക്ക് വരെ അല്ലാഹു ഓരോ പദവി ഉയർത്തിക്കൊടുക്കുകയും ഒരോ പാപം മാപ്പാക്കിക്കൊടുക്കുകയും ചെയ്യുന്നതാണ്' (ബുഖാരി, മുസ്‌ലിം).

**6) ചികിൽസ ചെയ്യുന്നതോടൊപ്പം എല്ലാം അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും തന്റെ രോഗം സുഖപ്പെടുത്തിത്തരുന്നവൻ അവനാണെന്ന് ഉറച്ചു വിശ്വസിക്കുകയും ചെയ്യുക.**

**************

## آداب التعزية والجنازة

## <u>മയ്യിത്ത് പരിപാലനവും അനുശോചനവും</u>

**1)** ജനാസ തയ്യാറാക്കുകയും,മയ്യിത്തിന്റെ വീട്ടുകാർക്ക് വിഷമമുണ്ടാവാതിരിക്കാനുംഅവരോടുള്ള കരുണയായിക്കൊണ്ടും എത്രയും വേഗം മറമാടുകയും ചെയ്യുക. അബൂഹുറൈറ(رضي الله عنه)വിൽ നിന്നും നിവേദ

നം ചെയ്യപ്പെടുന്ന ഹദീസിൽ കാണാം.നബി(ﷺ) പറഞ്ഞു:'നിങ്ങൾ ജനാസയുടെ കാര്യത്തിൽ ധൃതി കാണിക്കുക.അത് നല്ല മയ്യിത്താണെങ്കിൽ അതിന്ന് നിങ്ങൾ ചെയ്തുകൊടുക്കുന്ന ഒരു നന്മയായിരിക്കുമത്. അതല്ലാത്തതാണെങ്കിൽ നിങ്ങളുടെ പിരടിയിൽ നിന്നും ഒരു നാശത്തെ ഒഴിവാക്കലുമാണത്' (ബുഖാരി, മുസ്‌ലിം).

**2)** ഉറക്കെ ശബ്ദിച്ച് കരയുകയോ വിലപിക്കുകയോ മാറത്ത ടിക്കുകയോ അരുത്. നബി(ﷺ) പറഞ്ഞു: 'കവിളത്ത് മാന്തുകയും മാറത്തടിക്കുകയും അജ്ഞാന കാലത്തുണ്ടായിരുന്ന പോലെ വിലപിക്കുകയുമരുത്' (ബുഖാരി).

**3)** മറമാടപ്പെടുന്നതുവരെ ജനാസയെ അനുഗമിക്കണം. നബി(ﷺ) പറഞ്ഞു:'ജനാസയെ നമസ്കരിക്കുന്നതുവരെ ആരെങ്കിലും പിൻപറ്റിയാൽ അവന്ന് ഒരു 'ഖീറാത്വും' മറവുചെയ്യുന്നതുവരെ ജനാസയോടൊപ്പം ഉണ്ടായാൽ അവന്ന് രണ്ട് 'ഖീറാത്വു'കളും (പ്രതിഫലമായി) ലഭിക്കുന്നതാണ്. അപ്പോൾ ചോദിക്കപ്പെട്ടു: അല്ലാഹുവിന്റെ ദൂതരേ എന്താണ് രണ്ടു 'ഖീറാത്വുകൾ'? അദ്ദേഹം പറഞ്ഞു: 'രണ്ട് വലിയ പർവ്വതങ്ങൾ കണക്കെയുള്ള പ്രതിഫലം' (ബുഖാരി).

**4)** മയ്യിത്തിന്റെ ഗുണങ്ങൾ മാത്രം പറയുക, മോശമായത് പറയരുത്. നബി(ﷺ) പറഞ്ഞു: 'മരിച്ചവരെ നിങ്ങൾ ചീത്ത വിളിക്കരുത്,കാരണം അവർ ചെയ്തുവെച്ചതിലേക്കവർ ചേർക്കപ്പെട്ടു' (ബുഖാരി).

**5)** മയ്യിത്തിനുവേണ്ടി പാപമോചനം തേടുക. മറമാടിയ ശേഷം മയ്യിത്തിന് വേണ്ടി പാപമോചനം തേടിക്കൊണ്ട് അല്ലാഹുവോട് പ്രാർത്ഥിക്കേണ്ടതാണ്.

ഇബ്നു ഉമർ(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി(ﷺ) മയ്യിത്ത് മറമാടിക്കഴിഞ്ഞാൽ ഖബ്റിന് അടുത്ത് നിന്ന് അദ്ദേഹം പറയും: 'നിങ്ങളുടെ സഹോദരനുവേണ്ടി നിങ്ങൾ പാപ

മോചനത്തിനർത്ഥിക്കുകയും സ്ഥൈര്യത്തിനായി ചോദിക്കുകയും ചെയ്യുക, കാരണം അദ്ദേഹം ഇപ്പോൾ ചോദ്യം ചെയ്യപ്പെടുന്നതാണ്' (അബൂദാവൂദ്).

**6)** മയ്യിത്തിന്റെ വീട്ടുകാരെ ആശ്വസിപ്പിക്കുകയും അവർക്കുവേണ്ടി ഭക്ഷണം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുക. നബി(ﷺ) പറഞ്ഞു: 'ജഅ്ഫറിന്റെ കുടുംബത്തിന് നിങ്ങൾ ഭക്ഷണം ഉണ്ടാക്കിക്കൊടുക്കുക. കാരണം,അവരെ വിസ്മൃതമാക്കുന്ന കാര്യമാണ് സംഭവിച്ചിരിക്കുന്നത്' (അബൂദാവൂദ്).

**7)** മരണവീട്ടുകാരെ അനുശോചിക്കലും, ക്ഷമിക്കുവാൻ പ്രേരിപ്പിക്കലും, അവരോട് ഇപ്രകാരം പറയലും ഉത്തമമാണ്:

( إِنَّ للهِ مَا أَخَذَ ، وَلَهُ مَا أَعْطَى ، وَكُلُّ شَيْءٍ عِنْدَهُ بِأَجَلٍ مُسَمًّى ، فَلْتَصْبِرْ وَلْتَحْتَسِبْ )

( متفق عليه )

സാരം: 'തീർച്ചയായും എടുത്തത് അല്ലാഹുവിന്നുള്ളതാണ്, തന്നതും അവന്നുള്ളതുതന്നെ, എല്ലാം കൃത്യമായ ഒരു അവധി യോടെ അവന്റെ അടുക്കലാണുള്ളത്. അതിനാൽ താങ്കൾ ക്ഷ മിക്കുക, അല്ലാഹുവിൽ നിന്നും പ്രതിഫലം കാംക്ഷിക്കുകയും ചെയ്യുക' (ബുഖാരി, മുസ്‌ലിം).

**************

## آداب السفر

## യാത്രയിലെ മര്യാദകൾ

**1)** യാത്രക്ക് ഉദ്ദേശിച്ചാൽ രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിക്കുകയും തനിക്കതിൽ നന്മയെ ചോദിച്ചുകൊണ്ട് (ഇസ്തിഖാറത്ത്) അല്ലാഹുവോട് പ്രാർത്ഥിക്കുകയും ചെയ്യുക.

**2)** താൻ ചെയ്തുപോയ മുഴുവൻ തെറ്റുകുറ്റങ്ങളിൽ നിന്നും പശ്ചാത്തപിച്ചു മടങ്ങുകയും മുഴുവൻ പാപങ്ങളിൽ നിന്നും അല്ലാഹുവോട് പൊറുക്കലിനെ തേടുകയും ചെയ്യുക.കാരണം തന്റെ യാത്രയുടെ പിന്നിൽ സംഭവിക്കാനിരിക്കുന്നതെന്താണെന്ന് അവന്നറിഞ്ഞു കൂടല്ലോ.

**3)** കവർന്നെടുത്തതും സൂക്ഷിക്കാനേൽപ്പിച്ചതുമായ മുഴുവൻ വസ്തുക്കളും അതിന്റെ അവകാശികൾക്ക് തിരിച്ചേൽപ്പിക്കണം. തന്റെ കടബാധ്യതകളെല്ലാം കൊടുത്തുവീട്ടുകയോ, അല്ലെങ്കിൽ വീട്ടുവാൻ ആളെ ചുമതലപ്പെടുത്തുകയോ ചെയ്യണം. കടക്കാരോട് നല്ല രൂപത്തിൽ സംസാരിച്ച് പിരിയുകയും വേണം.

**4)** തനിക്ക് യാത്രക്കിടയിൽ ആവശ്യമായ ഭക്ഷണം, പാനീയം, പണം എന്നിവ കരുതിവെക്കണം.

**5)** തന്റെ യാത്രയിൽ നല്ല കൂട്ടുകാരെ കൂടെ കൂട്ടുന്നത് ഉത്തമമാണ്. യാത്രയിലെ ഏകാന്തത അകറ്റാനും, ആവശ്യങ്ങളിൽ സഹായിക്കാനും അത് ഉപകരിക്കും. നബി(ﷺ) പറഞ്ഞു:

( لَوْ يَعْلَمُ النَّاسُ مَا فِي الوَحْدَةِ مَا أَعْلَمُ مَا سَارَ رَاكِبٌ بِلَيْلٍ وَحْدَهُ )

'തനിച്ചുള്ള യാത്രയിലെ പ്രയാസങ്ങളെക്കുറിച്ച് എനിക്ക് അറിയാവുന്നത് ജനങ്ങൾ മനസ്സിലാക്കിയിരുന്നുവെങ്കിൽ ഒരാളും ഒരു രാത്രി പോലും തനിച്ച് യാത്ര ചെയ്യുമായിരുന്നില്ല' (ബുഖാരി).

**6)** യാത്രക്ക് മൂന്നോ അതിൽ കൂടുതലോ ആളുകളുണ്ടെങ്കിൽ അതിൽ ഒരാളെ നേതൃത്വം ഏൽപ്പിക്കുന്നത് ഉത്തമമാണ്. കാരണം അതാണ് അവരുടെ കാര്യങ്ങൾ വ്യവസ്ഥാപിതമാകുവാൻ ഉത്തമം. നബി (ﷺ) പറഞ്ഞു: 'മൂന്ന് പേർ യാത്ര പുറപ്പെട്ടാൽ അവരിലൊരാളെ അവർ നേതൃത്വം ഏൽപ്പിക്കട്ടെ' (ഹദീസ്).

**7)** പകലിന്റെയോ രാത്രിയുടെയോ ആദ്യസമയത്ത് യാത്ര പുറപ്പെടുന്നത് ഉത്തമമാണ്. നബി(ﷺ) പറയുകയുണ്ടായി: 'അല്ലാഹുവേ എന്റെ സമുദായത്തിന്റെ പ്രഭാതവേളകളിൽ നീ അനുഗ്രഹം ചൊരിയേണമേ' അദ്ദേഹം പറഞ്ഞു: 'രാത്രിയുടെ ആദ്യസമയത്തിൽ യാത്ര പുറപ്പെടാൻ നിങ്ങൾ ശ്രദ്ധിക്കുക. കാരണം ഭൂമി രാത്രിയാൽ ചുറ്റപ്പെടുന്നതാണ്' (അബൂദാവൂദ്).

**8)** യാത്ര തീരുമാനിച്ചാൽ തന്റെ വീട്ടുകാരോടും കുടുംബത്തോടും സ്നേഹിതരോടും യാത്രചോദിക്കൽ ഉത്തമമാണ്. നബി(ﷺ) അപ്രകാരം ചെയ്യാറുണ്ടായിരുന്നു. അദ്ദേഹം ഇപ്രകാരം പറയും:

( أَسْتَوْدِعُ اللهَ دِينَكَ ، وَأَمَانَتَكَ ، وَخَوَاتِيمَ أَعْمَالَكَ )

(അസ്തൗദിഉല്ലാഹ ദീനക,വ അമാനതക,വ ഖവാ തീമ അഅ്മാലക) സാരം: 'നിന്റെ മതത്തെയും വിശ്വസ്തതയെയും പ്രവർത്തനങ്ങളുടെ പര്യവസാനത്തെയും കാത്തുസൂക്ഷിക്കാൻ ഞാൻ അല്ലാഹുവെ ഏൽപ്പിക്കുന്നു' (തുർമുദി).

**9)** യാത്രപോകുന്നവൻ വാഹനം കയറാൻ ഉദ്ദേശിച്ചാൽ 'ബിസ്മില്ലാഹ്' എന്ന് പറയണം. കാറ്, വിമാനം പോലെയുള്ള ഏത് വാഹനമാണെങ്കിലും ശരി. കേറിയിരുന്നാൽ മൂന്ന് പ്രാവശ്യം (അല്ലാഹു അക്ബർ) എന്ന് പറയുകയും, ശേഷം യാത്രയുടെ ദുആ ചൊല്ലുകയും ചെയ്യണം. അതിന്റെ രൂപം ഇപ്രകാരമാണ്:

( سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ ، وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ ) اللَّهُمَّ إِنَّا نَسْأَلُكَ فِي سَفَرِنَا هَذَا الْبِرَّ وَالتَّقْوَى وَمِنَ الْعَمَلِ مَا تَرْضَى ، اللَّهُمَّ هَوِّنْ عَلَيْنَا سَفَرَنَا هَذَا وَاطْوِ عَنَّا بُعْدَهُ ، اللَّهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ وَالْخَلِيفَةُ فِي الْأَهْلِ ، اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ وَعْثَاءِ السَّفَرِ وَكَآبَةِ الْمَنْظَرِ وَسُوءِ الْمُنْقَلَبِ فِي الْمَالِ وَالْأَهْلِ )

(സുബ്ഹാനല്ലദീ സഖ്ഖറ ലനാ ഹാദാ വമാ കുന്നാ ലഹു മുഖ്രിനീൻ വഇന്നാ ഇലാ റബ്ബിനാ ലമുൻഖലി ബൂൻ. അല്ലാഹുമ്മ ഇന്നാ നസ്അലുക്ക ഫീ സഫരിനാ ഹാദാ അൽ ബിർറ വത്തഖ്വാ വമിനൽ അമലി മാ തർദാ. അല്ലാഹുമ്മ ഹവ്വിൻ അലൈനാ സഫറനാ ഹാദാ വത്വി അന്നാ ബുഅ്ദഹു. അല്ലാഹുമ്മ അൻത സ്സ്വാഹിബു ഫിസ്സഫർ, വൽ ഖലീഫത്തു ഫിൽ അഹ്ൽ. അല്ലാഹുമ്മ ഇന്നീ അഊദു ബിക മിൻ വഅ്ഥാഇസ്സഫർ, വകആബത്തിൽ മൻദർ, വസൂഇൽ മുൻഖലബി ഫിൽ മാലി വൽ അഹ്ൽ).

'ഞങ്ങൾക്ക് വേണ്ടി ഇതിനെ വിധേയമാക്കിത്തന്നവൻ എത്ര പരിശുദ്ധൻ.ഞങ്ങൾക്കതിനെ ഇണക്കുവാൻ കഴിയുമായിരുന്നില്ല. തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിങ്കലേക്ക് തിരിച്ചെത്തുന്നവർ തന്നെയാകുന്നു' (വി.ഖു.43:13). 'അല്ലാഹുവേ, ഈ യാത്രയിൽ പുണ്യത്തിനും തഖ്വക്കും നീ തൃപ്തിപ്പെട്ട കർമ്മങ്ങൾക്കുമായി ഞങ്ങൾ നിന്നോട് യാചിക്കുന്നു, അല്ലാഹുവേ, ഈ യാത്ര ഞങ്ങൾക്ക് നീ എളുപ്പമാക്കിത്തരികയും അതിന്റെ ദൂരം ലഘൂകരിക്കുകയും ചെയ്യേണമേ. അല്ലാഹുവേ, യാത്രയിലെ കൂട്ടുകാരനും കുടുംബത്തിലെ പ്രതിനിധിയും നീയാണ്. അല്ലാഹുവേ, യാത്രാ ക്ലേശങ്ങളിൽ നിന്നും മോശമായ കാഴ്ചകളിൽ നിന്നും കുടുംബത്തിലും ധനത്തിലുമുള്ള മോശമായ പരിണിതിയിൽ നിന്നും ഞാൻ നിന്നിൽ ശരണം തേടുന്നു.'

**10)** കയറ്റത്തിൽ 'അല്ലാഹു അക്ബർ' എന്നും ഇറക്കത്തിൽ 'സുബ്ഹാനല്ലാഹ്' എന്നും ചൊല്ലൽ ഉത്തമമാണ്. ജാബിർ(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'ഞങ്ങൾ കയറ്റം കയറുമ്പോൾ തക്ബീർ ചൊല്ലുകയും, ഇറക്കം ഇറങ്ങുമ്പോൾ തസ്ബീഹ് ചൊല്ലുകയും ചെയ്യാറുണ്ടായിരുന്നു' (ബുഖാരി).

**11)** യാത്രക്കിടെ പ്രാർത്ഥിക്കുന്നത് ഉത്തമമാണ്. കാരണം യാത്രക്കാരന്റെ പ്രാർത്ഥന ഉത്തരം ലഭിക്കുന്നതാണ്.

**12)** യാത്രക്കിടെ രാത്രിതാമസത്തിനോ വിശ്രമത്തിനോ യാത്രക്കാരൻ ഉദ്ദേശിച്ചാൽ വഴികളിൽ നിന്ന് മാറിയായിരിക്കണം അതിന് സൗകര്യ മൊരുക്കേണ്ടത്. നബി(ﷺ)പറയുകയുണ്ടായി: 'നിങ്ങൾ (യാത്രക്കിടെ) വിശ്രമത്തിനിറങ്ങിയാൽ വഴിയിൽ നിന്നു മാറി വിശ്രമിക്കുക. കാര ണം മൃഗങ്ങളുടെ സഞ്ചാരമാർഗ്ഗവും രാത്രിയിൽ സിംഹങ്ങളുടെ അ ഭയസ്ഥാനവുമാണത്' (മുസ്‌ലിം).

**13)** തന്റെ യാത്രയും ആവശ്യവും കഴിഞ്ഞാൽ എത്രയും വേഗം ത ന്റെ വീട്ടുകാരിലേക്ക് എത്തിച്ചേരുക.അബൂഹുറൈറ(ﷺ)വിൽ നിന്നും നിവേദനം ചെയ്യപ്പെടുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം: നബി (ﷺ) പറയുന്നു: 'നിങ്ങളാരെങ്കിലും യാത്രയിൽ നിന്നു വിരമിച്ചാൽ ത ന്റെ വീട്ടുകാരിലേക്കെത്താൻ ധൃതി കൂട്ടട്ടെ' (ബുഖാരി, മുസ്‌ലിം).

**14)** യാത്ര കഴിഞ്ഞെത്തുന്നത് രാത്രിയിലാണെങ്കിൽ മുൻ കൂട്ടി അറി യിച്ച ശേഷമല്ലാതെ തന്റെ വീട്ടിലേക്ക് ചെല്ലരുത്. ജാബിർ(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'രാത്രിയിൽ (മുന്നറിയിപ്പി ല്ലാതെ) തന്റെ വീട്ടുകാരുടെ വാതിൽ മുട്ടി വിളിക്കുന്നത് നബി(ﷺ) വിരോധിച്ചിരിക്കുന്നു' (ബുഖാരി).

**15)** യാത്ര കഴിഞ്ഞെത്തുമ്പോൾ നേരെ പള്ളിയിലേക്ക് ചെല്ലുകയും അവിടെ രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്യുന്നത് ഉത്തമമാ ണ്.കഅ്ബുബ്നു മാലികി(ﷺ)ൽനിന്നും നിവേദനം, നബി(ﷺ) വല്ല യാ ത്രയും കഴിഞ്ഞ് വന്നാൽ പള്ളിയിൽ ചെന്ന് രണ്ട് റക്അത്ത് നമസ് കരിച്ചുകൊണ്ട് ആരംഭിക്കും' (ബുഖാരി).

**************

## آداب النصيحة

# ഉപദേശ മര്യാദകൾ

**1)** ഉപദേശിക്കുന്നതിൽ ആത്മാർത്ഥതയുണ്ടായിരിക്കുക. അതായത്, അല്ലാഹുവിന്റെ പ്രീതി ലക്ഷ്യം വെച്ചുകൊണ്ടും, തന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുകയെന്ന ലക്ഷ്യത്തോടെയുമായിരിക്കണം താങ്കളുടെ സഹോദരനെ ഉപദേശിക്കുന്നത്. മറ്റുള്ളവർക്കിടയിൽ അറിയപ്പെടണമെന്ന താൽപ്പര്യമോ, ഉപദേശിക്കപ്പെടുന്നവനെ ചെറുതാക്കലോ അയാളുടെ മനസ്സിനെ വ്രണപ്പെടുത്തലോ ആവരുത് ഉദ്ദേശ്യം.

**2)** ഉത്തമവും ലളിതവും നല്ലതുമായ ശൈലിയോടെയായിരിക്കണം ഉപദേശിക്കുന്നത്. എങ്കിൽ മാത്രമേ ഉപദേശം പ്രയോജനപ്രദവും സ്വീകരിക്കപ്പെടുന്നതുമാവുകയുള്ളു. അല്ലാഹു പറയുന്നു:

(ادْعُ إِلِى سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ وَجَادِلْهُم بِالَّتِي هِيَ أَحْسَنُ) (النحل: ١٢٥ )

'യുക്തിദീക്ഷയോടുകൂടിയും,സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗ്ഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക'(നഹ്ൽ:125).

**3)** ഉപദേശിക്കപ്പെടുന്നവൻ തനിച്ചുള്ളപ്പോഴായിരിക്കണം ഉപദേശിക്കേണ്ടത്. ഉപദേശം സ്വീകരിക്കപ്പെടുവാൻ അതാണ് ഏറ്റവും ഉത്തമം. പരസ്യമായി തന്റെ സഹോദരനെ ഉപദേശിക്കുന്നവൻ യഥാർത്ഥത്തിൽ അവനെ അവഹേളിക്കുകയാണ് ചെയ്യുന്നത്.

**4)** ഉപദേശിക്കുന്നവന്ന് തദ്വിഷയകമായി കൃത്യമായ അവബോധമുണ്ടായിരിക്കണം. ഉപദേശിക്കുന്ന കാര്യം താൻ മനസ്സിലാക്കിയത് ശരിയായ രൂപത്തിൽ തന്നെയാണെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ഉൾക്കാഴ്ചയോടെ കൽപ്പിക്കുവാനും ഉപദേശിക്കപ്പെടുന്നവൻ അതിനെ നിഷേധിക്കാതിരിക്കുവാനും അതാണ് ഉത്തമം.

**5)** ഉപദേശിക്കപ്പെടുന്നവന്റെ അവസ്ഥയെക്കുറിച്ച് ഉപദേശിക്കുന്നവന്ന് കൃത്യമായ ബോധമുണ്ടായിരിക്കണം. മറ്റെന്തെങ്കിലും കാര്യങ്ങളി

ൽ അവൻ വ്യാപൃതനായിരിക്കുമ്പോഴോ, അവൻ തന്റെ കൂട്ടുകാരോടൊപ്പമോ കുടുംബത്തോടൊപ്പമോ ആയിരിക്കുമ്പോഴോ ഉപദേശിക്കരുത്. അവന്റെ മാനസികാവസ്ഥയും, അപ്പോഴത്തെ പ്രകൃതവും,അവന്റെ ജോലിയും, പ്രശ്നങ്ങളുമെല്ലാം അറിഞ്ഞുകൊണ്ടാവണം ഉപദേശിക്കേണ്ടത്.

**6)** ഉപദേശിക്കുന്നവൻ അക്കാര്യം ആദ്യമായി തന്റെ ജീവിതത്തിൽ പകർത്തേണ്ടതുണ്ട്. നന്മ കൽപ്പിക്കുകയും സ്വന്തത്തെ മറക്കുകയും ചെയ്യുന്നവരിൽ ഉൾപ്പെടരുത്. ശുഐബ് നബി(ﷺ)യുടെ വാക്കുകളായിക്കൊണ്ട് അല്ലാഹു പറയുന്നു:

( وَمَا أُرِيدُ أَنْ أُخَالِفَكُمْ إِلَى مَا أَنْهَاكُمْ عَنْهُ ) ( هود : ٨٨ )

'നിങ്ങളെ ഞാൻ ഒരു കാര്യത്തിൽ നിന്ന് വിലക്കുകയും, എന്നിട്ട് നിങ്ങളിൽ നിന്ന് വ്യത്യസ്തനായിക്കൊണ്ട് ഞാൻ തന്നെ അത് പ്രവർത്തിക്കുകയും ചെയ്യണമെന്ന് ഉദ്ദേശിക്കുന്നുമില്ല.'

**7)** പലപ്പോഴും മാർഗ്ഗ തടസ്സങ്ങൾ ഉണ്ടാവുകയോ പ്രയാസങ്ങൾ നേരിടുകയോ ചെയ്യേണ്ടിവന്നേക്കാം. അത് നേരിടാനുള്ള ക്ഷമയും സഹനശക്തിയും ഉപദേശിക്കുന്നവന്ന് ഉണ്ടായിരിക്കേണ്ടതാണ്.ലുഖ്മാൻ(ﷺ) തന്റെ മകനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞ വരികൾ ഖുർആൻ ഉണർത്തുന്നു:

( يَا بُنَيَّ أَقِمِ الصَّلَاةَ وَأْمُرْ بِالْمَعْرُوفِ وَانْهَ عَنِ الْمُنكَرِ وَاصْبِرْ عَلَى مَا أَصَابَكَ ) ( لقمان : ١٧ )

'എന്റെ കുഞ്ഞുമകനേ, നീ നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും, സദാചാരം കൽപ്പിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും, നിനക്ക് ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക' (ലുഖ്മാൻ: 17).

പ്രബോധന മാർഗ്ഗത്തിൽ നേരിടേണ്ടി വരുന്ന പ്രയാസങ്ങൾ ക്ഷമിക്കുവാനുള്ള ഉപദേശമാണ് ലുഖ്മാൻ(ﷺ) നൽകുന്നത്.

**************

## آداب الهاتف

## ടെലിഫോൺ ഉപയോഗ മര്യാദകൾ

**1)** വിളിക്കുന്നതിനുമുമ്പ് നമ്പർ ശരിയാണെന്ന് ഉറപ്പുവരുത്തുക. കാരണം ഉറങ്ങുന്നവനെ ഉണർത്തുവാനോ, രോഗിയെ ശല്യപ്പെടുത്തുവാനോ, അനാവശ്യമായി മറ്റുള്ളവരെ ശല്യപ്പെടുത്തുവാനോ ഇടയാവാതിരിക്കാൻ അത് ആവശ്യമാണ്.

**2)** വിളിക്കുന്ന സമയം അനുയോജ്യമായിരിക്കണം. കാരണം എല്ലാവർക്കുമുണ്ട് ജോലികളും ആവശ്യങ്ങളും. ഉറക്കസമയം, വിശ്രമം, ഭക്ഷണം, ജോലിസമയം, ഇതൊക്കെ എല്ലാവർക്കും ആവശ്യമുള്ള കാര്യങ്ങളാണ്.

**3)** പ്രത്യേകിച്ച് ആവശ്യമൊന്നുമില്ലാതെ നീട്ടിവലിച്ച് സംസാരിക്കരുത്. കാരണം, ഫോൺ എടുത്ത വ്യക്തിക്ക് വളരെ പ്രധാനപ്പെട്ട ജോലിയുണ്ടാവാം, അല്ലെങ്കിൽ സുപ്രധാനമായ വല്ല കൂടിക്കാഴ്ചയോ മറ്റോ ഉണ്ടാവാം.

**4)** പുരുഷനോട് സംസാരിക്കുമ്പോൾ സ്ത്രീകൾ ശബ്ദം മയപ്പെടുത്തരുത്. അന്യപുരുഷന്മാരോടൊപ്പം അനാവശ്യമായി സംസാരിക്കാൻ അവർക്ക് അവസരം നൽകുകയും ചെയ്യരുത്. അല്ലാഹു പറയുന്നു:

( فَلَا تَخْضَعْنَ بِالْقَوْلِ فَيَطْمَعَ الَّذِي فِي قَلْبِهِ مَرَضٌ وَقُلْنَ قَوْلًا مَّعْرُوفًا )

'അതിനാൽ നിങ്ങൾ (അന്യരോട്) അനുനയത്തിൽ സംസാരിക്കരുത്.അപ്പോൾ ഹൃദയത്തിൽ രോഗമുള്ളവന് മോഹം തോന്നിയേക്കും. ന്യായമായ വാക്ക് നിങ്ങൾ പറഞ്ഞുകൊള്ളുക' (33: 32).

സാധാരണയിൽ കവിഞ്ഞ് സ്ത്രീകൾ ശബ്ദമുയർത്തുന്നതും ,പുരുഷന്മാരോടൊപ്പം അനാവശ്യമായി സംസാരിക്കാൻ അവരെ അനുവദിക്കുന്നതും, ശബ്ദത്തിൽ മയവും ആകർഷണീയതയും ശൃംഗാരച്ചുവയും കൊഞ്ചിക്കുഴയലുമെല്ലാം ഉണ്ടാവുന്നത് വളരെ ജാഗ്രത പാലിക്കേണ്ട വിഷയമാണ്.

**5)** ഫോൺ ചെയ്തവൻ സലാം ചൊല്ലിക്കൊണ്ട് തുടങ്ങണം. അയാളാണല്ലോ മുന്നോട്ട് വന്നവൻ. അതുകൊണ്ടുതന്നെ അയാൾ സംസാരം തുടങ്ങുന്നതും അവസാനിപ്പിക്കുന്നതും സലാം ചൊല്ലിക്കൊണ്ടായിരിക്കണം.

**6)** അനുവാദമില്ലാതെ മറ്റുള്ളവരുടെ ഫോൺ ഉപയോഗിക്കരുത്. അപ്രകാരം തന്നെ ആവശ്യത്തിനുവേണ്ടി മാത്രമേ അത് ഉപയോഗിക്കാവൂ.

**7)** സംസാരിക്കുന്നവരുടെ അറിവോടും അനുവാദത്തോടും കൂടിയല്ലാതെ സംഭാഷണം റിക്കാർഡ് ചെയ്യരുത്. സംസാരം ഏത് ഇനത്തിൽ പെട്ടതാണെങ്കിലും ശരി. കാരണം അത് വഞ്ചനയുടെയും രഹസ്യം ചുഴിഞ്ഞന്വേഷിക്കുന്നതിന്റെയും ഇനത്തിൽ പെട്ടതാണ്. അത് ചതിവും കുതന്ത്രവുമാണ്. ഇപ്രകാരം റിക്കാർഡ് ചെയ്ത് അത് മറ്റുള്ളവർക്കിടയിൽ പരസ്യമാക്കിയാൽ വിശ്വാസവഞ്ചനയുടെ കാഠിന്യം വർദ്ധിക്കുന്നു. മറ്റുള്ളവരുടെ സംസാരം കട്ടുകേൾക്കുന്നതും ഇപ്രകാരം തന്നെ നിഷിദ്ധമാണ്.

**8)** ടെലിഫോൺ അല്ലാഹു നമുക്ക് ചെയ്തുതന്ന അതിമഹത്തായ ഒരു അനുഗ്രഹമാണ്. അതിനാൽ തന്നെ അത് ശൃംഗാരത്തിനും അനാവശ്യ സംസാരത്തിനും മറ്റും ഉപയോഗിക്കരുത്. മുസ്ലിംകളുടെ ന്യൂനതകൾ ചികയുന്നതിനും അവരുടെ അഭിമാനം ഹനിക്കുന്നതിനും മുസ്ലിം സ്ത്രീകളെ തോന്നിവാസത്തിലേക്ക് നയിക്കുന്നതിനും ഈ അനുഗ്രഹത്തെ ഉപയോഗിച്ചു കൂടാ. ഇതൊക്കെയും നിഷിദ്ധമാണ്. അപ്രകാരം ചെയ്യുന്നവൻ ശിക്ഷക്കർഹനുമാണ്.

**************

## آداب الزفاف والعشرة

## ദാമ്പത്യ മര്യാദകൾ

**1)** നവവധുവിന്റെ അടുക്കൽ പ്രവേശിക്കുമ്പോൾ അവളോട് സൗമ്യമായി സംസാരിക്കുകയും അവളുമായി സല്ലപിക്കുകയും ചെയ്യുക. നബി(ﷺ) തന്റെ ഭാര്യമാരോട് തമാശ കളിക്കുകയും അവരോട് സൗമ്യമായി വർത്തിക്കുകയും അവരെ ചിരിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു.

**2)** നവവധുവിന്റെ തലയിൽ കൈ വെക്കുകയും അവൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. നബി(ﷺ) പറഞ്ഞു: 'നിങ്ങളാരെങ്കിലും ഒരു സ്ത്രീയെ വിവാഹം ചെയ്താൽ, അവളുടെ മൂർദ്ദാവിൽ കൈ വെക്കുകയും, ബിസ്മി ചൊല്ലുകയും, അവളിലൂടെ തനിക്ക് അനുഗ്രഹത്തിനായി ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യട്ടെ:

( اللَّهُمَّ إِنِّي أَسْأَلُكَ خَيْرَهَا وَخَيْرَ مَا جَبَلْتَهَا عَلَيْهِ ، وَأَعُوذُ بِكَ مِنْ شَرِّهَا وَشَرِّ مَا جَبَلْتَهَا عَلَيْهِ ) ( أبوداود )

(അല്ലാഹുമ്മ ഇന്നീ അസ്അലുക ഖൈറഹാ വ ഖൈറ മാ ജബൽതഹാ അലൈഹി, വ അഊദു ബിക മിൻ ശർറിഹാ വ ശർറി മാ ജബൽ തഹാ അലൈഹി)

സാരം: 'അല്ലാഹുവേ, അവളുടെ നന്മയെയും നീ അവൾക്ക് നൽകിയിരിക്കുന്ന പ്രകൃതത്തിലെ നന്മയെയും ഞാൻ നിന്നോട് ചോദിക്കുന്നു. അവളുടെ നാശത്തിൽ നിന്നും നീ അവൾക്ക് നൽകിയിരിക്കുന്ന പ്രകൃതത്തിലെ നാശത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു' (അബൂദാവൂദ്).

**3)** രണ്ട് പേരും ഒന്നിച്ച് രണ്ട് റക്അത്ത് നമസ്കരിക്കൽ ഉത്തമമാണ്. അപ്രകാരം സലഫുകളിൽ നിന്നും ഉദ്ദരിക്കപ്പെട്ടിട്ടുണ്ട്.

**4)** സംയോഗത്തിനു മുമ്പ് ബിസ്മി ചൊല്ലുക. നബി(ﷺ) പറഞ്ഞു: 'നിങ്ങളാരെങ്കിലും തന്റെ ഭാര്യയെ പ്രാപിക്കാൻ ഉദ്ദേശിച്ചാൽ ഇപ്രകാരം പറയട്ടെ:

( بِسْمِ اللهِ ، اللَّهُمَّ جَنِّبْنَا الشَّيْطَانَ وَجَنِّبِ الشَّيْطَانَ فِيمَا رَزَقْتَنَا )

(ബിസ്മില്ലാഹ് അല്ലാഹുമ്മ ജന്നിബ്നശ്ശൈത്വാന വ ജന്നിബിശ്ശൈത്വാന ഫീമാ റസഖ്തനാ)

അങ്ങനെ ആ ബന്ധത്തിൽ അവർക്ക് ഒരു കുഞ്ഞ് വിധിക്കപ്പെട്ടാൽ ഒരിക്കലും പിശാചവനെ ഉപദ്രവിക്കുകയില്ല' (ബുഖാരി, മുസ്‌ലിം).

**5)** തന്റെ ഭാര്യയെ പ്രാപിച്ച ശേഷം രണ്ടാമതും പ്രാപിക്കാൻ ഒരാൾ ഉദ്ദേശിച്ചാൽ അതിനിടയിൽ ഒരു വുദുവെടുക്കുന്നത് ഉത്തമമാണ്. നബി(ﷺ) പറയുകയുണ്ടായി: 'നിങ്ങളാരെങ്കിലും തന്റെ ഭാര്യയെ പ്രാപിച്ച്, ശേഷം രണ്ടാം പ്രാവശ്യവും അവളെ സംയോഗം ചെയ്യാൻ ഉദ്ദേശിച്ചാൽ അവൻ വുദുവെടുക്കട്ടെ' (മുസ്‌ലിം).

**6)** സംയോഗത്തിന് ശേഷം ഉറങ്ങുന്നതിന് മുമ്പ് ഭാര്യാഭർത്താക്കന്മാർ വുദുവെടുക്കുന്നത് ഉത്തമമാണ്. ആയിശ(ﷺ)യിൽ നിന്നും നിവേദനം, അവർ പറയുന്നു: 'വലിയ അശുദ്ധിയുള്ളവനായിരിക്കെ തിന്നുവാനോ ഉറങ്ങുവാനോ നബി(ﷺ) ഉദ്ദേശിച്ചാൽ അദ്ദേഹം തന്റെ ഗുഹ്യസ്ഥാനം കഴുകുകയും നമസ്കാരത്തിന് വുദുവെടുക്കുന്നതുപോലെ വുദുവെടുക്കുകയും ചെയ്യും' (ബുഖാരി, മുസ്‌ലിം).

**7)** ഋതുമതിയെ പ്രാപിക്കുന്നതും സ്ത്രീയെ പിൻദ്വാരത്തിലൂടെ ഭോഗിക്കുന്നതും നിഷിദ്ധമാണ്. നബി(ﷺ) പറഞ്ഞു: 'ആരെങ്കിലും ഋതുമതിയെ പ്രാപിക്കുകയോ, സ്ത്രീയെ പിൻദ്വാരത്തിലൂടെ ഭോഗിക്കുക

യോ ചെയ്താൽ, അല്ലെങ്കിൽ ജോൽസ്യനെ സമീപിച്ച് അവൻ പറയുന്നത് വിശ്വസിച്ചാൽ മുഹമ്മദ്(ﷺ)ക്ക് അവതരിപ്പിക്കപ്പെട്ടതിൽ അവൻ അവിശ്വസിച്ചിരിക്കുന്നു' (അൽ അർബഅ:).

**8)** ലൈംഗിക രഹസ്യങ്ങൾ പരസ്യപ്പെടുത്തുന്നത് ഭാര്യാഭർത്താക്കന്മാർക്ക് നിഷിദ്ധമാണ്. നബി(ﷺ) പറഞ്ഞു: 'അന്ത്യനാളിൽ അല്ലാഹുവിന്റെ അടുക്കൽ ജനങ്ങളിൽ വെച്ച് ഏറ്റവും മോശമായ സ്ഥാനമുള്ളവൻ തന്റെ ഭാര്യയുടെ രഹസ്യങ്ങൾ പരസ്യപ്പെടുത്തുകയും അവളെ വഷളാക്കുകയും ചെയ്യുന്നവനാണ്' (മുസ്‌ലിം).

**9)** നല്ലരൂപത്തിൽ പെരുമാറുകയും, പരസ്പരം ചെയ്യേണ്ടുന്ന ബാധ്യതകൾ നിറവേറ്റുകയും ചെയ്യുക. അല്ലാഹു പറയുന്നു:

( وَلَهُنَّ مِثْلُ الَّذِي عَلَيْهِنَّ بِالْمَعْرُوفِ ) ( البقرة : ٢٢٨ )

'സ്ത്രീകൾക്ക് (ഭർത്തക്കന്മാരോട്) ബാധ്യതകൾ ഉള്ളതുപോലെത്തന്നെ ന്യായപ്രകാരം അവർക്ക് അവകാശങ്ങൾ കിട്ടേണ്ടതുമുണ്ട്' (ബഖറ: 228).

**10)** ഭർത്താവ് ഭാര്യയോട് അലിവ് കാണിക്കുകയും അവളോട് നല്ല രൂപത്തിൽ വർത്തിക്കുകയും, അവൾക്ക് ആവശ്യമായ മതവിജ്ഞാനം നൽകുകയും, അല്ലാഹു അവളുടെ മേൽ നിർബന്ധമാക്കിയ കാര്യങ്ങൾ നിർവ്വഹിക്കാൻ അവളെ നിർബന്ധിക്കുകയും ചെയ്യുക. നബി(ﷺ) പറയുകയുണ്ടായി:'അറിയുക! നിങ്ങൾ സ്ത്രീകളോട് നല്ല രൂപത്തിൽ വർത്തിക്കുക. കാരണം, അവർ നിങ്ങളുടെ അടുക്കൽ ഇണകളാണ്' (തുർമുദി).

**11)** നിയമവിധേയമായ കാര്യങ്ങളിൽ തന്റെ കഴിവനുസരിച്ച് ഭാര്യ ഭർത്താവിനെ അനുസരിക്കുക. ഭർത്താവിന്റെ തൃപ്തിക്കെതിരായി അവളുടെ കുടുംബത്തിൽ ആരെയും അനുസരിക്കരുത്.അവളെ ആഗ്രഹിച്ചാൽ അവൾ വിസമ്മതിക്കാതിരിക്കുക. നബി(ﷺ) പറയുകയുണ്ടായി:

'ഒരാൾ തന്റെ ഭാര്യയെ വിരിപ്പിലേക്ക് വിളിച്ച് അവൾ അതിന് വിസമ്മതിക്കുകയും, അവളോട് കോപിച്ചുകൊണ്ട് അയാൾ രാത്രി കഴിച്ചുകൂട്ടുകയും ചെയ്താൽ നേരം പുലരുന്നത് വരെ മലക്കുകൾ അവളെ ശപിക്കുന്നതാണ്' (ബുഖാരി, മുസ്‌ലിം).

**12)** തനിക്ക് സാധ്യമായ കാര്യങ്ങളിൽ പുരുഷൻ ഭാര്യമാർക്കിടയിൽ നീതി പുലർത്തണം. നബി(ﷺ) പറഞ്ഞു: 'ആർക്കെങ്കിലും രണ്ട് ഭാര്യമാരുണ്ടായിരിക്കെ ഒരുവളിലേക്ക് മാത്രമായി ചാഞ്ഞാൽ, അന്ത്യനാളിൽ ഒരുവശം ചരിഞ്ഞവനായാണ് അവൻ വരിക' (അബൂദാവൂദ്).

**************

## آداب السوق

## മാർക്കറ്റിലെ മര്യാദകൾ

**1)** മാർക്കറ്റിൽ പ്രവേശിക്കുമ്പോൾ 'ബിസ്മില്ലാഹ്' എന്നു പറയുക. നബി(ﷺ) പറയുന്നു: 'ആരെങ്കിലും മാർക്കറ്റിൽ പ്രവേശിക്കുകയും ശേഷം

( لاَ إِلَهَ إِلَّا اللهُ وَحْدَهُ لاَ شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ ، يُحْيِ وَيُمِيتُ ، وَهُوَ حَيٌّ لاَ يَمُوتُ ، بِيَدِهِ الْخَيْرُ ، وَهُوَ عَلَى كُلِّ شَيْءٌ قَدِيرٌ ) ( أحمد )

(ലാ ഇലാഹ ഇല്ലല്ലാഹു, വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു, വലഹുൽ ഹംദു, യുഹ്‌യീ വയുമീതു, വഹുവ ഹയ്യുൻ ലാ യമൂതു, ബിയദിഹിൽ ഖൈറു, വഹുവ അലാ കുല്ലി ശൈഇൻ ഖദീർ)

സാരം: 'അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല, അവൻ ഏകൻ, അവന്ന് യാതൊരു പങ്കുകാരുമില്ല, എല്ലാ ആധിപത്യവും സർവ്വസ്തുതിയും അവന്ന് തന്നെ, അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുക

യും ചെയ്യുന്നു, അവൻ ജീവനുള്ളവനാണ്, മരിക്കുകയില്ല. അവന്റെ കയ്യിലാണ് എല്ലാ നന്മയും, അവൻ എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാകുന്നു'

എന്നുപറയുകയും ചെയ്താൽ, അല്ലാഹു അവന്ന് ആയിരം നന്മകൾ രേഖപ്പെടുത്തുകയും, ആയിരം തിന്മകൾ അവനിൽ നിന്നും മായ്ക്കുകയും, ആയിരം പദവികൾ അവന്ന് ഉയർത്തുകയും, സ്വർഗ്ഗത്തിൽ അവന്ന് ഒരു ഭവനം പണിതുകൊടുക്കുകയും ചെയ്യുന്നതാണ്' (അഹ്മദ്, തുർമുദി).

**2)** തർക്കിച്ചുകൊണ്ടും അട്ടഹസിച്ചുകൊണ്ടും ശബ്ദമുയർത്തരുത്. നബി(ﷺ)യുടെ വിശേഷണമായിക്കൊണ്ട് ഹദീസിൽ കാണാം, അദ്ദേഹം കഠിനഹൃദയനോ പരുഷസ്വഭാവിയോ ആയിരുന്നില്ല. അദ്ദേഹം അങ്ങാടിയിൽ അട്ടഹസിക്കുന്നവനായിരുന്നില്ല. തിന്മയെ തിന്മകൊണ്ട് തടഞ്ഞിരുന്നില്ല. മറിച്ച് വിട്ടുവീഴ്ചയും മാപ്പും ചെയ്യുന്നവനായിരുന്നു' (ബുഖാരി).

**3)** മാർക്കറ്റിന്റെ വൃത്തിയിൽ സൂക്ഷ്മത പാലിക്കുക. മാലിന്യങ്ങളും അവശിഷ്ടങ്ങളും എറിഞ്ഞ് അവ വൃത്തികേടാക്കരുത്. പലപ്പോഴും അത് വഴിയാത്രക്കാർക്ക് തടസ്സമാവും. ദുർഗന്ധം ഉണ്ടാവാനും കാരണമാവും.

**4)**കച്ചവടക്കാരനും വാങ്ങുന്നവനും തമ്മിലുള്ള കരാറുകളും വാക്കുകളും പരസ്പരധാരണകളും ഇരുവിഭാഗവും പാലിക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു: 'സത്യവിശ്വാസികളേ, നിങ്ങൾ കരാറുകൾ നിറവേറ്റുക' (മാഇദ:1).

**5)** കൊള്ളലും കൊടുക്കലും സാക്ഷികളുടെ സാന്നിദ്ധ്യത്തിലോ എഴുത്തുകുത്തിലൂടെയോ സ്ഥിരപ്പെടുത്തുക. അല്ലാഹു പറയുന്നു: 'എന്നാൽ നിങ്ങൾ ക്രയവിക്രയം ചെയ്യുമ്പോൾ സാക്ഷി നിർത്തേണ്ടതാണ്. (ബഖറ: 282).

**6)** നബി(ﷺ) പറയുകയുണ്ടായി: 'വാങ്ങിയാലും വിൽപ്പന നടത്തിയാലും വിധിതേടിയാലും വിട്ടുവീഴ്ച ചെയ്യുന്ന ഒരു അടിമക്ക് അല്ലാഹു കരുണ ചെയ്യട്ടെ' (ബുഖാരി).

**7)** സത്യസന്ധത പാലിക്കുകയും വ്യക്തമാക്കിപറയുകയും ചെയ്യുക, ചരക്കിന്റെ ന്യൂനത മറച്ചുവെക്കരുത്. നബി(ﷺ) പറഞ്ഞു: 'മുസ്‌ലിം മുസ്‌ലിമിന്റെ സഹോദരനാണ്. ന്യൂനതയുള്ള ചരക്കിന്റെ ന്യൂനത വ്യക്തമാക്കിക്കൊണ്ടല്ലാതെ ഒരുമുസ്‌ലിം ചരക്ക് തന്റെ സഹോദരന് വിൽക്കാൻ പാടുള്ളതല്ല' (അഹ്മദ്).

**8)** ഇടപാട് നടത്തുമ്പോൾ സത്യവാചകങ്ങളെ അധികരിപ്പിക്കരുത്. നബി(ﷺ) പറയുന്നു: 'ഇടപാടുകളിൽ സത്യവാചകങ്ങളെ അധികരിപ്പിക്കുന്നത് നിങ്ങൾ സൂക്ഷിക്കുക. കാരണം,സത്യങ്ങൾ മനുഷ്യനെ ആദ്യം കപടനാക്കുന്നു, പിന്നെ വിഡ്ഢിയും.'

**9)** വഞ്ചന, ചതി, മായം ചേർക്കൽ, കൊള്ളലാഭം എടുക്കൽ എന്നിവയിൽ നിന്നും വിട്ടുനിൽക്കണം. ഹദീസിൽ കാണാം, ഒരിക്കൽ നബി (ﷺ) ഭക്ഷണസാധനങ്ങൾ വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്ന ഒരു വ്യക്തിയുടെ അടുക്കലൂടെ നടന്നുപോയി. അപ്പോൾ അദ്ദേഹം അതിനടിയിൽ കൈയിട്ടുനോക്കി. അദ്ദേഹത്തിന്റെ കൈയിൽ നനവുപറ്റി. അപ്പോൾ അദ്ദേഹം ചോദിച്ചു:'ഭക്ഷണക്കാരാ എന്താണിത്?' അയാൾ പറഞ്ഞു: 'മഴ നനഞ്ഞതാണ് നബിയേ'. അദ്ദേഹം ചോദിച്ചു:'എങ്കിൽ നിനക്കത് ജനങ്ങൾ കാണത്തക്ക രൂപത്തിൽ മുകൾ ഭാഗത്ത് വെച്ചുകൂടെ? നമ്മെ വഞ്ചിച്ചവൻ നമ്മിൽ പെട്ടവനല്ല' (മുസ്‌ലിം).

**10)** അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കരുത്. അല്ലാഹു പറയുന്നു:

(وَيْلٌ لِّلْمُطَفِّفِينَ ، الَّذِينَ إِذَا اكْتَالُواْ عَلَى النَّاسِ يَسْتَوْفُونَ ، وَإِذَا كَالُوهُمْ أَو وَّزَنُوهُمْ يُخْسِرُونَ )

( المطففين : ١-٣ )

'അളവിൽ കുറക്കുന്നവർക്ക് വമ്പിച്ച നാശം. അതായത് ജനങ്ങളോട് അളന്നുവാങ്ങുമ്പോൾ തികച്ചെടുക്കുകയും, ജനങ്ങൾക്ക് അളന്നു കൊടുക്കുകയോ തൂക്കിക്കൊടുക്കുകയോ ആണെങ്കിൽ നഷ്ടം വരുത്തുകയും ചെയ്യുന്നവർക്ക്. (83: 1–3)

**11)** പലിശ, പൂഴ്ത്തിവെപ്പ് എന്നിവയിൽ നിന്നും, ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന മുഴുവൻ കാര്യങ്ങളിൽ നിന്നും വിട്ടുനിൽക്കണം. നബി(ﷺ) പറഞ്ഞു: 'പലിശ തിന്നുന്നവനെയും അത് തീറ്റുന്നവനെയും അതിന്റെ സാക്ഷിയെയും എഴുത്തുകാരനെയും നബി(ﷺ) ശപിച്ചിരിക്കുന്നു' (അഹ്മദ്). അദ്ദേഹം പറഞ്ഞു: 'പാപിയല്ലാതെ പൂഴ്ത്തിവെക്കുകയില്ല' (മുസ്ലിം).

**12)** നിഷിദ്ധമായ വസ്തുക്കൾ വിൽക്കുന്നതിൽ നിന്നും മാർക്കറ്റിനെ ശുദ്ധമാക്കുക.

**13)** ചരക്കിന് ഇല്ലാത്ത മേന്മ പറഞ്ഞ്, വാങ്ങുന്നവനെ വഞ്ചിക്കരുത്. കാരണം നബി(ﷺ) അത്തരം വഞ്ചനയെ നിരോധിച്ചിട്ടുണ്ട്.

**14)** കൊള്ള ചെയ്തതും മോഷ്ടിച്ചതുമായ സമ്പത്തുകൾ വിൽക്കരുത്. അല്ലാഹു പറയുന്നു:

( يَا أَيُّهَا الَّذِينَ آمَنُواْ لاَ تَأْكُلُواْ أَمْوَالَكُمْ بَيْنَكُمْ بِالْبَاطِلِ ) ( النساء : ٢٩ )

'സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടു കൂടി നടത്തുന്ന ഇടപാടുമുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങളന്യോന്യം എടുത്തുതിന്നരുത്' (4: 29).

**15)** സ്ത്രീകളിൽ നിന്നും ദൃഷ്ടി തിരിക്കുകയും, അവരുമായുള്ള കൂടിക്കലരലും അവരോട് തമാശ പറയലും ഒഴിവാക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു: (നബിയേ) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക' (നൂർ 30, 31).

**16)** മതചിഹ്നങ്ങളെ കാത്തുസൂക്ഷിക്കുക. വ്യാപാരം നമസ്കാരത്തെ ത്തൊട്ട് വ്യാപൃതമാക്കരുത്. ഭൗതിക ജീവിതത്തിനു വേണ്ടിയുള്ള പരക്കം പാച്ചിലിനിടയിൽ പാരത്രിക ജീവിതത്തെയും,പരലോകത്തിനു വേണ്ടിയുള്ള പരിശ്രമത്തിനിടെ ഇഹലോക ജീവിതത്തെയും മറന്നുപോവാത്തവനാണ് മനുഷ്യരിൽ ഏറ്റവും ഉത്തമൻ. അല്ലാഹു പറയുന്നു:

( رِجَالٌ لَّا تُلْهِيهِمْ تِجَارَةٌ وَلَا بَيْعٌ عَن ذِكْرِ اللَّهِ وَإِقَامِ الصَّلَاةِ وَإِيتَاء الزَّكَاةِ ) ( النـــور : ٣٧ )

'ചില ആളുകൾ, അല്ലാഹുവെ സ്മരിക്കുന്നതിൽ നിന്നും, നമസ്കാരം മുറപോലെ നിർവ്വഹിക്കുന്നതിൽ നിന്നും, സകാത്ത് നൽകുന്നതിൽ നിന്നും കച്ചവടമോ ക്രയവിക്രയമോ അവരുടെ ശ്രദ്ധ തിരിച്ചുവിടുകയില്ല' (നൂർ: 37)

**************

## آداب الجوار

## <u>അയൽപക്ക മര്യാദകൾ</u>

**1)** അയൽവാസിയെ ആദരിക്കുക,അയാൾക്ക് നന്മചെയ്യുക. നബി(ﷺ) പറഞ്ഞതായി അബൂഹുറയ്റ(رضي الله عنه) ഉദ്ദരിക്കുന്ന ഹദീസിൽ കാണാം: 'ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ അയൽവാസിയെ ആദരിക്കട്ടെ', മറ്റൊരു റിപ്പോർട്ടിൽ'അവൻ തന്റെ അയൽക്കാരന് നന്മ ചെയ്യട്ടെ' എന്നുമുണ്ട്. (ബുഖാരി, മുസ്ലിം).

**2)** അയൽക്കാരന്റെ വീട്ടിനെത്തൊട്ട് സൂര്യപ്രകാശവും ശുദ്ധവായുവും തടയുന്ന രൂപത്തിൽ നമ്മുടെ ബിൽഡിംഗ് പൊക്കരുത്. അവന്റെ അതിരുകൾ അതിക്രമിച്ചുനീക്കുകയോ മാറ്റം വരുത്തുകയോ ചെയ്യരുത്, അതവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്.

**3)** അവന്റെ അഭാവത്തിൽ അവന്റെ ധനവും അഭിമാനവും അതിക്രമകാരികളിൽ നിന്നും നാം കാത്ത് സൂക്ഷിക്കണം. അവരിൽ പ്രയാസമനുഭവിക്കുന്നവരെ നാം സഹായിക്കണം. ആവശ്യക്കാർക്ക് നൽകണം. അവന്റെ സ്ത്രീകളെത്തൊട്ട് കണ്ണുകൾ താഴ്ത്തുകയും ന്യൂനതകൾ മറച്ചുവെക്കുകയും വേണം.

**4)** റേഡിയോ, ടെലിവിഷൻ പോലുള്ളതിന്റെ ശബ്ദം കൊണ്ട് നാം അവരെ ശല്യപ്പെടുത്തരുത്. വീട്ടിനുമുന്നിൽ വൃത്തികേടുകൾ എറിയുകയോ അവരുടെ വഴി മുടക്കുകയോ അരുത്. നബി(ﷺ) അവരുടെ കാര്യത്തിൽ പറയുകയുണ്ടായി:

( وَاللهِ لَا يُؤْمِنُ ، وَاللهِ لَا يُؤْمِنُ ، وَاللهِ لَا يُؤْمِنُ ، قِيلَ مَنْ يَا رَسُولُ اللهِ ؟ . قَالَ : الَّذِي لَا يَئْمَنُ جَارُهُ بَوَائِقَهُ )

'അല്ലാഹുവാണ് സത്യം അവൻ സത്യവിശ്വാസിയാവുകയില്ല'. (മൂന്ന് പ്രാവശ്യം അദ്ദേഹം ഇപ്രകാരം ആവർത്തിച്ചു). അപ്പോൾ ചോദിക്കപ്പെട്ടു: 'ആരാണ് അല്ലാഹുവിന്റെ ദൂതരേ'? നബി(ﷺ) പ്രതിവചിച്ചു:

'ഏതൊരുത്തന്റെ ഉപദ്രവത്തെക്കുറിച്ച് അവന്റെ അയൽവാസി നിർഭയനല്ലേയോ അവൻ' (ബുഖാരി, മുസ്‌ലിം).

**5)** ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ നൽകുന്നതിൽ വീഴ്ച്ച വരുത്താതിരിക്കുക, തത്വദീക്ഷയോടെയും യുക്തിയോടെയും നന്മ കൽപ്പിക്കുക, തിന്മ വിരോധിക്കുക പേരിനും പെരുമക്കും വേണ്ടിയാവരുത്.

**6)** അയൽക്കാർക്ക് ഭക്ഷണം കൊടുക്കുമെന്ന് നാം പ്രതിജ്ഞയെടുക്കുക. നബി(ﷺ) അബൂദർറ്(رضي الله عنه)വിനോട് പറഞ്ഞു:
'അബൂദർറേ, താങ്കൾ കറി പാകം ചെയ്താൽ അതിൽ വെള്ളം അധികരിപ്പിച്ചിട്ടെങ്കിലും താങ്കളുടെ അയൽവാസിയെ പരിഗണിക്കുക' (മുസ്‌ലിം).

**7)** അയൽക്കാരന്റെ സന്തോഷത്തിലും ദുഃഖത്തിലും നാം പങ്കു ചേരണം. അവൻ രോഗിയായാൽ നാം സന്ദർശിക്കണം, രോഗശമനത്തിനായി പ്രാർത്ഥിക്കണം, പതിവിന് വിപരീതമായി കണ്ടില്ലെങ്കിൽ അന്വേഷിക്കണം, നല്ലരൂപത്തിൽ സ്വീകരിക്കണം, സന്ദർശനത്തിന് ക്ഷണിക്കണം. ഇതെല്ലാം തമ്മിൽ സ്നേഹവും അടുപ്പവും വർദ്ധിപ്പിക്കാൻ ഇടയാക്കുന്ന കാര്യങ്ങളാണ്. നബി(ﷺ)യും സ്വഹാബിമാരും ഇത്തരം ഉൽകൃഷ്ട സ്വഭാവങ്ങളുടെ ഉടമകളായിരുന്നു.

**8)** അവന്റെ തെറ്റുകളെ പുറത്തുകൊണ്ടുവരികയോ, വീഴ്ചകളിൽ സന്തോഷിക്കുകയോ ചെയ്യരുത്. അവന്റെ തെറ്റുകളിൽ നിന്നും വീഴ്ചകളിൽ നിന്നും നാം കണ്ണുചിമ്മുകയാണ് വേണ്ടത്.

**9)** അയൽക്കാരന്റെ ഉപദ്രവങ്ങൾ സഹിക്കുക. നബി(ﷺ) പറയുകയുണ്ടായി: 'മൂന്നാളുകളെ അല്ലാഹു സ്നേഹിക്കും...' അവരിൽ അദ്ദേഹം എണ്ണി... 'തന്നെ ഉപദ്രവിക്കുന്ന അയൽക്കാരനുള്ള ഒരു മനുഷ്യൻ. (രണ്ടിലൊരാളുടെ) മരണത്തോടെയോ, അല്ലെങ്കിൽ (ഉപദ്രവം

സഹിക്കവയ്യാതെ) നാടുവിട്ടു പോവുന്നതിലൂടെയോ അവർ തമ്മിൽ വേർപിരിയുന്നതുവരെ അയാളുടെ ഉപദ്രവം ഇദ്ദേഹം സഹിക്കുന്നു' (അഹ്മദ്).

اللّٰهُمَّ صل وسلم على نبينا محمد ، وآخر دعوانا أن الحمد لله رب العالمين

**************